No. 240

JUNE 2013

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



## 55–ാം സംസ്ഥാന സമ്മേളനം:
## ചരിത്രപഥങ്ങളിലെ സംഘബോധത്തിന്റെ സമരാഗ്നി

- ഓട്ടോണമസ് കോളജുകൾ ആർക്കുവേണ്ടി ?
- പെൺകരുത്തിൻെറ സമര ഭാഷ്യങ്ങൾ

KERALA PRIVATE
# COLLEGE TEACHER


*a monthly journal of the all kerala private college teachers' association*

No. 240 JUNE 2013

EDITORIAL BOARD

*Chief Editor*
Dr. K. Sreevalsan
*Managing Editor*
Dr. G. S. Suresh
*Assistant Editor*
Dr. M.S.Vasanthakumar
*Members*
Dr. K. P. Sukumaran Nair
Dr.V.K.Vijayan
Dr. P.S. Geetha Kumari
Prof. R. Mohanakrishnan
Prof. A.G. Oleena
Prof. Promod Vellachal
Prof. T.K.Ramakrishnan
Dr. C. Unnikrishnan
Dr. Mathew J. Muttath
Dr. K.Biju kumar
Prof. M.D. Ratheesh kumar
Prof. N. Vipin Chandran
Dr. N.Gopa kumar
Dr. Ajith. G. Krishna
Dr. S. Soju
Prof. N. Sunilkumar

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org




## 240

## inside

എ.കെ.പി.സി.ടി.എ
55-ാം സംസ്ഥാന സമ്മേളനം

The Crisis of Neoliberal Reforms in India
**Venkatesh Athreya**

**സ്വയംഭരണ കോളജുകൾ:**
**സങ്കല്പവും യാഥാർത്ഥ്യവും**
സി. പത്മനാഭൻ

**സ്വയംഭരണ കോളജുകൾ:**
**പ്രതികരണങ്ങൾ/ പ്രതിഷേധങ്ങൾ**

**സംസ്ഥാന വനിതാ കൺവെൻഷൻ**

**ഉടുപ്പ്, എടുപ്പ്, നടപ്പ്: പെൺനിർമ്മിതി**
എ.ജി.ഒലീന

**വാടകയ്ക്കൊരു രക്ഷിതാവ്**
ടി.എൻ.പ്രകാശ്

**ഭാവനയല്ല- ഓരോ വാക്കിലും ചോരയുണ്ട്**
അംബികാസുതൻ മാങ്ങാട്

**വംഗാരി മതായ് : തലകുനിക്കാത്ത പെണ്ണ്**
പ്രമോദ് വെള്ളച്ചാൽ

**മലയാളം ശ്രേഷ്ഠ പദവിയിലേക്ക്**
**സന്ദേശം** - ഒ എൻ വി

**ശ്രേഷ്ഠം മലയാളം**
ഡോ.എം.എസ്.വസന്തകുമാർ

**Asghar Ali Engineer:**
**A Tribute with a Salute**
R.SreekantanNair

**പൊതുവിദ്യാഭ്യാസ സമരത്തിൻെറ നൂററാണ്ട്**
ഡോ. കെ. കൃഷ്ണദാസ്

**ശാസ്ത്രജ്ഞർ മെച്ചപ്പെട്ട**
**കൃത്രിമച്ചെവി വികസിപ്പിച്ചെടുത്തു.**
ഡോ.എം.ആർ.സുദർശനകുമാർ

*Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.*


EDITORIAL

# ഒററുകാർക്ക് ചരിത്രം മാപ്പു കൊടുക്കില്ല

എല്ലാ കൊള്ളരുതായ്മകളും സ്വേച്ഛാധിപത്യ മോഹങ്ങളും സാധൂകരിക്കാൻ ചരിത്രത്തിൽ തമ്പുരാക്കൻമാർ കണ്ടെത്തിയ സിദ്ധാന്തമാണ് Divine Rights Theory. ഭൂമിയിൽ ദൈവത്തിൻെറ പ്രതിപുരുഷന്മാരാണ് തങ്ങളെന്നും അതുകൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ദൈവീകമായ കർതൃത്വം തങ്ങൾക്കാണെന്നും അവർ പറഞ്ഞു പഠിപ്പിച്ചു. ജനാധിപത്യപൂർവ്വ, സ്വേച്ഛാധിപത്യ കാലങ്ങളിൽ പ്രചരിപ്പിക്കപ്പെട്ട ഈ അസംബന്ധം ജനാധിപത്യ വ്യവസ്ഥകളിലും ഭരണകൂടം അടിച്ചേൽപ്പിക്കുമ്പോൾ പ്രജകൾ നാടുകടത്തപ്പെടുകയോ പടിയിറക്കപ്പെടുകയോ ചെയ്യുന്നു. ധനമൂലധനം ജനാധിപത്യത്തെ പുനർനിർവ്വചിക്കുമ്പോൾ (Of the rich by the rich and for the rich) പാവങ്ങൾ എന്തുചെയ്യുമെന്ന അടിസ്ഥാന ചോദ്യത്തെയാണ് നമ്മൾ അഭിസംബോധന ചെയ്യേണ്ടത്. മാർക്സ് അഭിപ്രായപ്പെട്ടതുപോലെ ചരിത്രം ഒരിക്കൽ സംഘർഷഭരിതമായ ദുരന്താനുഭവമായിരുന്നെങ്കിൽ പിന്നീട് അത് പ്രഹസനമോ പരിഹാസ്യമോ ആയി തീർക്കപ്പെടുന്നു. സ്വാതന്ത്ര്യം എന്ന വാക്കിലെ ചോരയുടെ ഈർപ്പം വരണ്ടുപോവുകയും അത് എല്ലാം വിൽക്കാനും തകർക്കാനുമുള്ള അവകാശമായി മാറുകയും ചെയ്യുന്നു. ഭരണഘടനയെപ്പോലും നോക്കുകുത്തിയായി നിർത്തിക്കൊണ്ട് ഒരു പററം പ്രച്ഛന്നവേഷക്കാർ നടത്തുന്ന പകൽകൊള്ളയിൽ മൂല്യങ്ങളും ഭാവിയുമെല്ലാം ഒലിച്ചുപോവുകയാണ്. ഭരണകൂടങ്ങൾ വിദേശ സ്വദേശ കോർപ്പറേറ്റുകളുടെ ദല്ലാൾ പണിക്കാരായി അധഃപതിച്ചിരിക്കുന്നു.

പുതിയ അക്കാദമിക് വർഷം ആരംഭിക്കുമ്പോൾ ആലസ്യത്തിൻെറ ആട്ടുകട്ടിലിൽ കിടക്കാൻ നമുക്കാവില്ല. ഓട്ടോണമസ് കോളജുകൾ നടപ്പാക്കാനുള്ള വ്യഗ്രതയിലാണ് കേരളസർക്കാർ. ഇതുമുഖേന അധ്യാപകർക്കും, ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും അവകാശപ്പെട്ടതെല്ലാം കവർന്നെടുത്ത് രസിച്ച് അതെല്ലാം ചരിത്രപരമായ വിജയമാണെന്ന് അവകാശപ്പെടുന്ന ഭരണകൂടം ആരുടെ കൂടെയാണ് എന്ന ചോദ്യം ഉച്ചത്തിൽ ചോദിക്കേണ്ടിയിരിക്കുന്നു. സ്വകാര്യവൽക്കരണത്തിൻെറ കച്ചവടച്ചന്തയിലേക്ക് ജീവിതത്തെ കടത്തിക്കൊണ്ടുപോകുന്ന കുഴലൂത്തുകാർക്ക് വരുംകാല ചരിത്രം മാപ്പുകൊടുക്കില്ല. നാളെ അവർ ഒററുകാരുടെ പട്ടികയിൽ മാത്രമായിരിക്കും അറിയപ്പെടുക. വെറുക്കപ്പെട്ടവൻെറ സുവിശേഷമായി അവരുടെ വാക്കുകൾ മാറിത്തീരും.

ഓട്ടോണമസ് കോളജുകൾ നടപ്പിലാകുന്നതോടുകൂടി സർവ്വകലാശാലകൾ അപ്രസക്തമാകുകയും കോഴ്സുകളുടെ ഗുണനിലവാരം നിർണ്ണയിക്കുവാനുള്ള ബാഹ്യസംവിധാനങ്ങൾ ഇല്ലാതാകുകയും ചെയ്യും. നമ്മൾ ജോലിചെയ്യുന്ന എയിഡഡ് കോളജുകളിലായിരിക്കും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ പോകുന്നത്. എല്ലാ ക്യാമ്പസ്സുകളെയും പണം ഇരട്ടിപ്പിക്കാനുള്ള കച്ചവട കേന്ദ്രങ്ങളാക്കി മാററുവാൻ അധികസമയം ആവശ്യമില്ല. സർവ്വശക്തിയുമെടുത്ത് വിളിച്ചുപറയുകയും ചെറുക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിദ്യാഭ്യാസമെന്നത് നമുക്ക് രാഷ്ട്രനിർമ്മാണ പ്രവർത്തനമാണെങ്കിൽ അവർക്കത് നോട്ടിരട്ടിപ്പിൻെറ ഗൂഢാലോചന മാത്രമാണ്. ഡൽഹി സർവ്വകലാശാല ബിരുദകോഴ്സുകൾ നാലുവർഷമാക്കണമെന്ന് നിർബന്ധം പിടിക്കുമ്പോൾ അതിനു പുറകിലുള്ള ലാഭക്കണ്ണുകൾ നമ്മൾ കാണേണ്ടിയിരിക്കുന്നു. ഭരണകൂടവും ഭരണാധികാരികളും ഒററുകാരുടെ കണ്ണുമായി പൊതുസമൂഹത്തിൻെറ ആർജ്ജിത വിദ്യാഭ്യാസ മൂല്യങ്ങൾ തകർത്ത് തരിപ്പണമാക്കുമ്പോൾ മഹാമൗനത്തിനും മഹാ ദുരന്തത്തിനുമിടയിൽ പോരാട്ടത്തിൻെറ തുരുത്തുകൾ ഇനിയും അവശേഷിക്കുന്നുണ്ട് എന്ന സത്യം മറന്നുപോകരുത്. സമരവും പോരാട്ടവും മാത്രമാണ് അതിജീവനത്തിലേക്കുള്ള ഏക മാർഗ്ഗം.



# സ്വയംഭരണ കോളജുകൾ ആർക്കുവേണ്ടി?

**ഡോ.കെ.ശ്രീവത്സൻ**

*ജനറൽ സെക്രട്ടറി*
*എ.കെ.പി.സി.ടി.എ*



2013 ജനുവരിയിൽ കേരളാ സ്റ്റേററ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രൊഫ. എൻ. ആർ മാധവമേനോൻെറ നേതൃത്വത്തിൽ സ്വയംഭരണ കോളജുകളെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിച്ചു. എന്നാൽ പ്രസ്തുത കമ്മീഷൻെറ റിപ്പോർട്ട് വരുന്നതിനു മുമ്പു തന്നെ ധനകാര്യ മന്ത്രി ശ്രീ. കെ . എം. മാണി ബഡ്ജററിൽ സംസ്ഥാനത്ത് സ്വയംഭരണ കോളജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം പ്രഖ്യാപിച്ചു. ബഡ്ജററിൽ വന്ന ഈ നിർദ്ദേശത്തിന് അനുകൂലമായ ഒരു കരട് റിപ്പോർട്ട് പ്രൊഫ. എൻ. ആർ മാധവമേനോൻ കമ്മിററി ഉണ്ടാക്കി. പ്രസ്തുത റിപ്പോർട്ടിനുമേൽ വിവിധ സംഘടനകളുമായി നടത്തിയ ചർച്ച പ്രഹസനമായി മാറി. അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പു തന്നെ മന്ത്രിസഭ ഈ വർഷം തന്നെ കേരളത്തിൽ സ്വയംഭരണ കോളജുകൾ സ്ഥാപിക്കാനുള്ള തീരുമാനമെടുത്തു. സ്വയംഭരണ കോളജുകൾ വീതംവെയ്ക്കാനുള്ള അണിയറ നീക്കൾ നടന്നു വരുന്നു.

ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഒരു സർക്കാർ ഒരു റിപ്പോർട്ട് കിട്ടിയാൽ ബന്ധപ്പെട്ട കക്ഷികളുമായിചർച്ച നടത്തിയാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. അന്തിമ റിപ്പോർട്ടു കിട്ടുന്നതിനു മുമ്പ് തന്നെ മാനദണ്ഡങ്ങൾ ഉണ്ടാക്കിക്കൊണ്ട് വീതം വെപ്പിനും വിദ്യാഭ്യാസ കച്ചവടത്തിനുമാണ് ഉമ്മൻചാണ്ടി സർക്കാർ ശ്രമിക്കുന്നത്.

അറുപതു വർഷത്തോളമായി കേരളത്തിൽ നിലനിൽക്കുന്ന ഉന്നത വിദ്യാഭ്യാസ മേഖല, കാലാകാലങ്ങളായി നടന്ന ചർച്ചയുടെയും, സമരത്തിൻെറയും, അതിജീവനത്തിൻെറയും ഫലമായുണ്ടായതാണ്. ഇതിനെ തകർക്കാനുള്ള ശ്രമമാണ് കേരള സർക്കാരും, കേരള സ്റ്റേററ് ഹയർ എഡ്യുക്കേഷൻ കൗൺസിലും നടത്തുന്നത്. ലോകം മുഴുവൻ പ്രശസ്തമായ കേരള മോഡൽ വികസനം, പ്രത്യേകിച്ചും വിദ്യാഭ്യാസ- ആ


രോഗ്യ മേഖലകളിൽ കേരളം കൈവരിച്ച പുരോഗതി തകർക്കുവാനുള്ള ശ്രമങ്ങളെ ചെറുത്തു തോല്പിക്കേണ്ടിയിരിക്കുന്നു.

സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കാനുള്ള പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് കേരളത്തിന് ഇന്ത്യയിലെ മററു സംസ്ഥാനങ്ങളുടെ മുന്നിലെത്താൻ കഴിഞ്ഞത്. സ്വയംഭരണ കോളജുകൾ കേരളത്തിൽ നടപ്പിലാക്കിയാൽ, കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ സഹായത്താൽ ഉണ്ടായ വിദ്യാഭ്യാസ മേഖലയിലെ മുന്നേററം ഇല്ലാതാകും.

സ്വയംഭരണ കോളജുകൾ കേരളത്തിൽ കൊണ്ടു വരുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും പിൻവാങ്ങുന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ്. നിലവിലുള്ള സർക്കാർ, എയ്ഡഡ് കോളജുകളെ സ്വയംഭരണ കോളജുകളാക്കി മാററിയാൽ, കാലക്രമേണ അതിനെ അൺ മാററാൻ അനുവദിച്ചാൽ, അവിടെ ഉടൻ തന്നെ അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കണമെന്നാണ് വ്യവസ്ഥ. കാലക്രമേണ സർക്കാർ എയ്ഡഡ് കോളേജുകൾ അൺ എയ്ഡഡ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളായി മാറുകയും, അവസാനം അതൊരു അൺ എയ്ഡഡ് കോളജായി മാറുകയും ചെയ്യും. ഇതാണ് ഇന്ന് കേരളത്തിൽ ഭരണത്തിലിരിക്കുന്ന ഉമ്മൻചാണ്ടി സർക്കാറിന്റെ ആഗ്രഹം. ഈ ആഗ്രഹം സാധിച്ചു കൊടുക്കണമോ എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള പ്രധാന പ്രശ്നം.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ഒരു കാലഘട്ടത്തിൽ പ്രവർത്തിച്ച മത, സാമുദായിക ശക്തികളെല്ലാം ഇന്ന് വിദ്യാഭ്യാസ കച്ചവടക്കാരായി മാറിയിരിക്കുന്ന കാഴ്ചയാണ് നമ്മുടെ മുന്നിലുള്ളത്. ഈ നവലിബറൽ വിദ്യാഭ്യാസ കച്ചവടക്കാർക്ക് സർക്കാർ എയ്ഡഡ് മേഖലയും പൂർണ്ണമായും തുറന്നു കൊടുക്കുന്നതിന് തയ്യാറായി നിൽക്കുകയാണ് ഉമ്മൻചാണ്ടി സർക്കാർ. ഇതി പദ്ധതിയും, നിയമനനിരോധനവും, സ്വയംഭരണ കോളജുകളും കേരളത്തിലെത്തുന്നത്.

അൺ എയ്ഡഡ് എഞ്ചിനീയറിംഗ് കോളജുകളുടെ മേഖലയിൽ ഇന്നു നിലനിൽക്കുന്ന പ്രശ്നങ്ങൾ നമുക്കെവർക്കുമറിയാവുന്നതാണ്. അടച്ചുപൂട്ടലിന്റെ വക്കിലെത്തി നിൽക്കുന്ന പ്രസ്തുത കോളജുകളെ രക്ഷിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിയുടെ ഭാഗമായിട്ടു കൂടിയാണ് സ്വയംഭരണ കോളജുകൾ കൊണ്ടു വരുന്നത്. വിജയശതമാനം ഉയർത്താൻ ഒരു സ്വയംഭരണ കോളജിന് വളരെ വേഗം കഴിയും എന്നുള്ളത് പകൽ പോലെ സത്യമാണ്. ഇപ്പോൾ സർക്കാർ/ എയ്ഡഡ് കോളജുകൾക്കേ സ്വയംഭരണം നൽകൂ എന്നു പറയുന്ന സർക്കാർ അടുത്ത വർഷം അൺ എയ്ഡഡിനും സ്വയംഭരണം നൽകും എന്നുള്ള കാര്യത്തിൽ കേരളത്തിലാർക്കും സംശയമില്ല. പ്രൊഫഷണൽ മേഖലയിൽ അന്ന് എയ്ഡഡ് കോളജുകൾ ആരംഭിച്ചപ്പോൾ കൊടുത്ത 50% മെറിററ്, 50% മാനേജ്മെൻറ് സീററ് എന്ന വാഗ്ദാനം ഇന്നെവിടെ എത്തി നിൽക്കുന്നു? ക്വാളിററിയുടെ ഇംപ്രൂവ്മെൻറിനാണ് പ്രൊഫഷണൽ അൺ എയ്ഡഡ് കോളജുകൾ ആരംഭിച്ചതെങ്കിൽ അതിന്റെ ഇന്നത്തെ ക്വാളിററിയുടെ അവസ്ഥയെന്താണ്? അതു പോലെ തന്നെയായിരിക്കും സ്വയംഭരണ കോളജുകൾ ആരംഭിച്ചാൽ കേരളത്തിൽ സംഭവിക്കുക. ഇന്ന് നിലനിൽക്കുന്ന ഗുണമേന്മയും . ക്വാളിററിയും, സാമൂഹ്യ സുരക്ഷയും, സാമ്പത്തിക സഹായവും എല്ലാം നഷ്ടപ്പെട്ട് പൂർണ്ണമായും മാനേജുമെൻറുകളുടെ നിയന്ത്രണത്തിലുള്ള യാതൊരു അക്കാഡമിക് സ്വാതന്ത്ര്യവുമില്ലാത്ത ഒരു മേഖലയായി കേരളത്തിലെ എയ്ഡഡ് മേഖല മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സാഹചര്യത്തിൽ കേരള സർക്കാർ കൊണ്ടു വരുന്ന കപട സ്വയംഭരണ കോളജുകളെ എതിർത്തു തോൽപ്പിക്കേണ്ട ചുമതല നമ്മുടെ നേതൃത്വത്തിൽ ഏറെറടുക്കേണ്ട സാഹചര്യമാണ് ഉള്ളത്. അതുകൊണ്ട് സ്വയംഭരണ കോളജുകൾക്കെതിരെയുള്ള പോരാട്ടത്തിൽ നമുക്ക് അണി ചേരാം.



എയ്ഡഡ് കോളജുകളാക്കി മാററാൻ കഴിയും. അൺ എയ്ഡഡ് കോളജുകളായാൽ പിന്നെ സർക്കാരിന് യാതൊരു ബാധ്യതയുമില്ല. പണമുള്ളവർ മാത്രം ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠിച്ചാൽ മതിയെന്ന നവലിബറൽ ശക്തികളുടെ ആവശ്യം നിറവേററപ്പെടും.

ഒരു സർക്കാർ എയ്ഡഡ് കോളജിനെ സ്വയംഭരണ കോളജ് ആക്കി

നു പ്രേരക ശക്തികളായി നിൽക്കുന്നത് കേന്ദ്ര സർക്കാരും അവരുടെ നയരൂപീകരണ സമിതികളിലെ സാംപിട്രോഡയെപ്പോലുള്ളവരുമാണ്. സാംപിട്രോഡയാണല്ലോ കേരളത്തിൽ ഉമ്മൻചാണ്ടിയുടെ ഉപദേഷ്ടാവ്. സാംപിട്രോഡയുടെ നോളജ് കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് പങ്കാളിത്ത പെൻഷൻ




# 55-ാം സംസ്ഥാന സമ്മേളനം

## ചരിത്രപഥങ്ങളിലെ സംഘബോധത്തിന്റെ സമരാഗ്നി

കേരളത്തിലെ സ്വകാര്യ കോളജ് അദ്ധ്യാപകരുടെ ആദ്യപോരാട്ടങ്ങളുടെ വേദിയായ കൊല്ലം നഗരത്തിൽ എ കെ പി സി ടി എ 55-ാം സംസ്ഥാന സമ്മേളനം 2013 മാർച്ച് 15 ,16,17 തിയതികളിൽ നടന്നു. കൊല്ലം പബ്ലിക് ലൈബ്രറിയുടെ തണലിലുറങ്ങുന്ന സാംസ്കാരിക വളപ്പിലുള്ള സോപാനം ഓഡിറ്റോറിയത്തിലാണ് ആവേശകരമായ സമ്മേളനം അരങ്ങേറിയത്. ഐതിഹാസികങ്ങളായ എസ് എൻ ടി.കെ.എം-ഫാത്തിമാ കോളജ് സമരങ്ങളുടെ ധീരസ്മരണകൾ സമ്മേളനത്തിന്റെ ഊർജമായിരുന്നു. 1983 ലെ എ കെ പി സി ടി എ സംസ്ഥാന കൺവെൻഷനും 2003 ൽ നടന്ന 45-ാം സംസ്ഥാന സമ്മേളനവും തികച്ചും യാദൃശ്ചികമായി പത്തുവർഷത്തിലൊരിക്കൽ കൊല്ലം നഗരത്തിൽ ആവർത്തിക്കുന്ന സംഘശക്തിയുടെ പ്രസരണ പ്രതിഭാസം പോലെയായി. എ എസ് വർഗീസ് നഗറിൽ (കൊല്ലം സോപാനം) നടന്ന സമ്മേളനത്തിന്റെ വിശദവിവരങ്ങളിലേക്ക്.

മാർച്ച് 15 ന് രാവിലെ സമ്മേളനത്തിന് മുന്നോടിയായി പ്രവർത്തക സമിതി, സംസ്ഥാന കമ്മിറ്റി എന്നിവ യോ

### അക്കാദമിക് കോളനിവൽക്കരണം ചെറുക്കുക








*ഉദ്ഘാടനം: ഡോ. വെങ്കിടേഷ് ആത്രേയ*

ഗം ചേർന്നു.ഉച്ചയ്ക്ക് 1.30 ന് നടന്ന അക്കാദമിക് സെമിനാർ ആയിരുന്നു ആദ്യ ഇനം. എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. കെ പി സുകുമാരൻനായരുടെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ, കേരള സർവ്വകലാശാലാ പ്രോവൈസ് ചാൻസലർ ഡോ. ജെ. പ്രഭാഷ്, *ഒട്ടോണോമസ് കോളജുകൾ കേരള സാഹചര്യത്തിൽ* എന്ന വിഷയം അവതരിപ്പിച്ചു കൊണ്ട് ആരംഭിച്ചു. കണ്ണൂർ സർവ്വകലാശാലാ പ്രോവൈസ് ചാൻസലർ ഡോ. എ പി കുട്ടിക്കൃഷ്ണൻ, എം ജി സർവ്വകലാശാലാ മുൻ പി വി സി ഡോ. രാജൻ വർഗീസ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. ഐഫക്ടോ സോണൽ സെക്രട്ടറി പ്രൊഫ. പി. രഘുനാഥ് സ്വാഗതവും, എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറി ഡോ. തോമസ് മാത്യു നന്ദിയും പറഞ്ഞു. ഓട്ടോണമസ് കോളജുകൾ കോളനിവൽക്കരണത്തിന് ആക്കം കൂട്ടും എന്ന് സെമിനാർ വിലയിരുത്തി. ഡോ . ജെ പ്രഭാഷ് കോളജുകളുടെ സ്വയം ഭരണം ഇപ്പോൾ നമ്മുടെ സർവ്വകലാശാലകൾക്ക് ഉണ്ടോ എന്ന സംശയമുയർത്തി. അദ്ധ്യാപനത്തിലെ ഓട്ടോണമിയെകുറിച്ചാണ് വാസ്തവത്തിൽ നാം ആദ്യം ചിന്തിക്കേണ്ടത്. എന്നാൽ അക്കാദമിക രംഗത്തെ കോർപറേററുവൽക്കരണവും കുത്തകവൽക്കരണവും വളരെ വേഗത്തിൽ നടപ്പിലായിക്കൊണ്ടിരിക്കുന്ന വർത്തമാന കാലത്ത് വിദ്യാഭ്യാസ രംഗത്തെ സ്വയം ഭരണമെന്ന ആശയം അട്ടിമറിക്കുന്നത് ആ രംഗത്തെ ജനാധിപത്യത്തെയായിരിക്കും. ഇപ്പോൾ സ്വയം ഭരണം എന്നതുകൊണ്ടുദ്ദേശിക്കുന്നത് സ്വകാര്യവൽക്കരണത്തെ തന്നെയാണ്.

ജാതിമത സംഘടനകളും മാനേജ്മെൻറുകളും അവരുടെ മേൽക്കോയ്മ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്ത് സ്വയം ഭരണമെന്ന ആശയം നടപ്പിലാക്കുന്നതിനെക്കുറിച്ച് സംഘടനയ്ക്ക് ആശങ്കയുണ്ട്. ഭരണപരമായ സ്വയം ഭരണവും സാമ്പത്തിക സ്വയം ഭരണവും ഇന്നത്തെ കേരള സാഹചര്യത്തിൽ എങ്ങനെയായിരിക്കും നടപ്പിലാക്കുകയെന്ന് എ കെ പി സി ടി എ സംശയിക്കുന്നു.സർവ്വകലാശാലകളും കോളജുകളും തമ്മിലുള്ള അകലം വർദ്ധിക്കുകയും വൈസ് ചാൻസലർ കേവലം സി ഇ ഒ ആയി പരിമിതപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളാണ് വരാൻ പോകുന്നത്. ആഗോളീകരണത്തിൻെറ വ്യാജയുക്തികൾ വിദ്യാഭ്യാസമേഖലയിൽ ഒളിച്ചു കടത്താനുള്ള സർക്കാർ നടപടികളെ എ കെ പി സി ടി എ യെപ്പോലുള്ള ഒരു സമരസംഘടന കൈയ്യും കെട്ടി നോക്കി നിൽക്കില്ലാ എന്ന് പ്രഖ്യാപിച്ചു കൊണ്ട് സെമിനാർ സ



*പി.എച്ച്.എം.ഇസ്മയിൽ*



*പ്രൊഫ. എസ്. സുദർശനൻപിള്ള*



*എം.കൃഷ്ണൻ*



*പി.കെ.ഗുരുദാസൻ*





ട്രേഡ് യൂണിയൻ -വിദ്യാഭ്യാസ -വനിത സമ്മേളനം: വൈക്കം വിശ്വൻ

മാപിച്ചു.

തുടർന്ന് ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ 2012-13 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ പ്രൊഫ. ആർ. മോഹനകൃഷ്ണൻ വരവുചെലവ് കണക്കും അവതരിപ്പിച്ചു. വൈകുന്നേരം കലാസന്ധ്യ അരങ്ങേറി. കൊല്ലം ടി കെ എം ആർട്സ് ആൻറ് സയൻസ് കോളജിലെ ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസർ ഡോ.സുമിത്രാ ദേവി, മാസ്റ്റർ ഗൗതം എന്നിവർ അവതരിപ്പിച്ച നൃത്തനൃത്യങ്ങളായിരുന്നു ആദ്യ ഇനങ്ങൾ. കൊല്ലത്തിൻെറ കലയാണ് കഥാപ്രസംഗം. കഥാപ്രസംഗകലയുടെ സമുജ്ജ്വല പാരമ്പര്യം ഏററുവാങ്ങിയ അനുഗൃഹീതനായ ഡോ. വസന്തകുമാർ സാംബശിവൻ (അസോസിയേററ് പ്രൊഫസർ, കെമിസ്ട്രി വിഭാഗം എസ്. എൻ കോളജ് കൊല്ലം) പ്രേമശില്പി എന്ന കഥാപ്രസംഗം അവതരിപ്പിച്ചു.

രാത്രി 8.30 ന് സർവ്വകലാശാല മെഖലാടിസ്ഥാനത്തിൽ പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ചർച്ച നടന്നു.

മാർച്ച് 16-ാം തിയതി ശനിയാഴ്ച രാവിലെ നടന്ന പ്രതിനിധി സമ്മേളനത്തിൽ കൊല്ലം എസ് എൻ കോളജിൽ നിന്നുള്ള എ കെ പി സി ടി എ ഗായക സംഘം സ്വാഗതഗാനമാലപിച്ചു. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. വെങ്കിടേഷ് ആത്രേയ സമ്മേളനം ഉദ്ഘാടനം ചെയ്തു. നവ ഉദാരവത്കരണ നയങ്ങൾ സൃഷ്ടിച്ച പ്രതിസന്ധി മൂർച്ഛിപ്പിക്കുന്നതാണ് കേന്ദ്ര സർക്കാർ ഇക്കുറിയും അവതരിപ്പിച്ച ബജററെന്ന് ഡോ. വെങ്കിടേഷ് ആത്രേയ അഭിപ്രായപ്പെട്ടു. കൃഷിക്കാർ, സാധാരണക്കാർ കേരളം




പ്രൊഫ.എ.ആർ. രാജൻ



കെ. സുനിൽകുമാർ



ജെ. മോഹൻ കുമാർ



വി.ബി. മനുകുമാർ



കെ. ഉമ്മൻ



കെ. ജയദേവൻ





പ്രൊഫ. ജെ. പ്രഭാഷ്



പ്രൊഫ. രാജൻ വർഗ്ഗീസ്




പ്രൊഫ. എ.പി.കുട്ടികൃഷ്ണൻ

ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്നു ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾ എന്നിവർക്കൊന്നും ആശ്വാസം പകരുന്നതല്ല ബജററ്. സോവിയററ് യൂണിയൻെറ തകർച്ച മുതലെടുത്ത് ഏകലോകം സ്ഥാപിക്കാൻ അമേരിക്കയുടെ നേതൃത്വത്തിൽ മുതലാളിത്ത ശക്തികൾ ശ്രമിച്ചതോടെയാണ് ആഗോളവൽക്കരണ നയങ്ങൾക്ക് തുടക്കമാകുന്നത്. 1991-ൽ ഈ നയങ്ങൾ ഇന്ത്യയിൽ നടപ്പാക്കുമ്പോൾ ഇന്നത്തെ പ്രധാന മന്ത്രിയായിരുന്നു അന്ന് ധനമന്ത്രി. അന്ന് അദ്ദേഹം പറഞ്ഞത് രാജ്യത്തിൻെറ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ നയങ്ങൾ സഹായിക്കുമെന്നാണ്. നടപ്പാക്കിയ ശേഷം രണ്ട് പതിററാണ്ട് പിന്നിടുമ്പോഴും ആഗോളവത്കരണ നയങ്ങൾ രാജ്യത്തെ ഏത് അടിസ്ഥാന പ്രശ്നം പരിഹരിക്കാനാണ് സഹായിച്ചതെന്ന് ആത്രേയ ചോദിച്ചു. ഉദാരവൽക്കരണവും, സ്വകാര്യവൽക്കരണവും നടപ്പായതോടെ തൊഴിലവസരങ്ങൾ കുറഞ്ഞു. ഐ ടി മേഖലയാണ് ഇപ്പോൾ തൊഴിലിനായി എല്ലാവരും ഉററു നോക്കുന്നത്. മൊത്തം തൊഴിലവസരങ്ങളുടെ ഒരു ശതമാനം മാത്രമാണ് ഐ ടി മേഖല നല്കുന്നത്.

ഗ്രാമീണ മേഖലയിൽ മഹാഭൂരിപക്ഷത്തിനും ദിവസം 20 രൂപയാണ് വരുമാനം. ഇവരുടെ പ്രശ്നവും കേന്ദ്രം ശ്രദ്ധിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണ സമ്പ്രദായം, അടിസ്ഥാന വികസനം തുടങ്ങിയ മേഖലകളിൽ നിന്ന് കേന്ദ്രം പിന്തിരിഞ്ഞു. ഇതിനെതിരെ വളർന്നു വരുന്ന ചെറുത്തു നിൽപ്പിൻെറ ഉയർന്ന രൂപമായിരുന്നു ഫെബ്രുവരി 20-നും 21-നും രാജ്യം കണ്ട പൊതുപണിമുടക്ക്. ഈ ചെറുത്തു നിൽപ്പ് ശക്തിപ്പെടുത്തുന്നതിന് കേരളത്തിലെ സ്വകാര്യ കോളജ് അദ്ധ്യാപകരും അണിചേരണമെന്ന് ആത്രേയ പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ എ കെ പി സി ടി എ പ്രസിഡൻറ് പ്രൊഫ. പി മമ്മദ് അദ്ധ്യക്ഷനായി. സ്വാഗത സംഘം ചെയർമാൻ പി കെ ഗുരുദാസൻ എം എൽ എ സ്വാഗതവും പറഞ്ഞു. പ്രൊഫ. ജോർജ്ജ് വർഗ്ഗീസ് രക്തസാക്ഷി പ്രമേയവും, പ്രൊഫ. വി സി ആൻറണി അനുശോചന പ്രമേയവും അവതരിപ്പിച്ചു.

കേരള എൻ ജി ഒ യൂണിയൻ സംസ്ഥാന പ്രസിഡൻറ് പി എച്ച് എം ഇസ്മയിൽ, കെ എസ് ടി എ ജനറൽ സെക്രട്ടറി എം ഷാജഹാൻ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ജനറൽ സെക്രട്ടറി എം. കൃഷ്ണൻ, എഫ് യു ടി എ ജനറൽ സെക്രട്ടറി ഡോ. എ ആർ രാജൻ, എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ. കെ. ജയകുമാർ, കെ ജി ഒ എ ജനറൽ സെക്രട്ടറി കെ ശിവകുമാർ, കേരള സെക്രട്ടറിയേററ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ ഉമ്മൻ, കെ എം സി എസ് യു ജനറൽ സെക്രട്ടറി കെ ജയദേവൻ, കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി എംപ്ലോയീസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി കെ. സുനിൽകുമാർ, കേരള വാട്ടർ അതോറിററി എംപ്ലോയീസ് യൂണിയൻ (സിഐടിയു) ജനറൽ സെക്രട്ടറി ജെ. മോഹൻകുമാർ, പി എസ് സി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി വി



ഡോ. ഖദീജാ മുംതാസ്




പ്രൊഫ. ജയിംസ് വില്യംസ്




ബി മനുകുമാർ എന്നിവർ അഭിവാദ്യം ചെയ്തു. സ്വാഗത സംഘം ജനറൽ കൺവീനർ ഡോ. കെ.എൽ. വിവേകാനന്ദൻ നന്ദി പറഞ്ഞു.

### ട്രേഡ് യൂണിയൻ- വിദ്യാഭ്യാസ- വനിതാ സമ്മേളനം

ട്രേഡ് യൂണിയൻ- വിദ്യാഭ്യാസ -വനിതാ സമ്മേളനം എൽ ഡി എഫ് കൺവീനർ വൈക്കം വിശ്വൻ ഉദ്ഘാടനം ചെയ്തു. സമൂഹത്തിന്റെ മററു മേഖലകളിലെന്ന പോലെ വിദ്യാഭ്യാസ രംഗത്തും പുരുഷ മേധാവിത്വം കടന്നു വരികയാണെന്ന് അദ്ദേഹം പറഞ്ഞു.

സ്ത്രീ ഉപഭോഗ വസ്തുവാണെന്ന ചിന്ത ചില കേന്ദ്രങ്ങൾ ബോധപൂർവ്വം വളർത്തിക്കൊണ്ട് വരികയാണ്. സൂര്യനെല്ലി പെൺകുട്ടി അനുഭവിക്കുന്ന മാനസികവ്യഥ സമൂഹത്തിന്റെയാകെ വിങ്ങലായി നിലനിൽക്കുന്നു. ഉന്നത നീതിപീഠത്തിന്റെ പ്രതിനിധികൾ ആയിരുന്നവർപോലും പീഢനം അനുഭവിച്ച പെൺകുട്ടിയെ ബാലവേശ്യയായി മുദ്രകുത്താനാണ് ശ്രമിക്കുന്നത്. നിക്ഷിപ്ത താല്പ്പര്യങ്ങൾക്കായി നിലകൊണ്ടിരുന്ന സ്വകാര്യകോളജ് മാനേജ്മെൻറുകളുടെ നിലപാടുകളിൽ മാററം വന്നത് അധ്യാപകരുടെ സംഘടിത ശക്തി കണ്ടിട്ടാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന് ഇന്നു വ്യതിയാനം വന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗം കൈവരിച്ച നേട്ടങ്ങളിൽ നിന്ന്






പ്രൊഫ. വി. എൻ.മുരളി



പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ



പ്രൊഫ. പി. ഹരിദാസ്




ഇന്നു നാം പിന്നോട്ടു പോകുകയാണ്. ഇത്തരം അനീതികൾക്കെതിരെ രാജ്യവ്യാപകമായി നടന്ന പണിമുടക്കുകളിൽ അധ്യാപകരും അണി ചേർന്നു. സ്വാതന്ത്ര്യ സമരകാലത്ത് മാറി നിന്നു പുലഭ്യം പറഞ്ഞവരുടെ പിന്മുറക്കാരാണ് പണിമുടക്കിൻെറ നഷ്ടക്കണക്ക് നിരത്തി ആക്ഷേപം ചൊരിയുന്നതെന്ന് വൈക്കം വിശ്വൻ പറഞ്ഞു.

എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. പി എസ് ഗീതാകുമാരി അധ്യക്ഷയായി. സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ സ്വാഗതവും ഡോ. യു. ഹേമന്ദ് കുമാർ നന്ദിയും പറഞ്ഞു.

എ കെ പി സി ടി എ സ്ഥാപക നേതാവ് പ്രൊഫ. ആർ രാമചന്ദ്രൻ (ആർ ആർ സി) അനുസ്മരണ പ്രഭാഷണം പ്രൊഫ. ജയിംസ് വില്യംസ് നിർവ്വഹിച്ചു.

കേരള സ്ത്രീ വർത്തമാനാവസ്ഥ എന്ന വിഷയത്തെ മുൻനിർത്തി പ്രമുഖ എഴുത്തുകാരിയും കോഴിക്കോട് മെഡിക്കൽ കോളജ് അസോസിയേററ് പ്രൊഫസറുമായ ഡോ. ഖദീജ മുംതാസ് പ്രഭാഷണം നടത്തി.

### പൊതുസമ്മേളനം

വൈകുന്നേരം പ്രകടനവും പൊതുസമ്മേളനവും നടന്നു. പ്രകടനം സമ്മേളന നഗരിയായ എ എസ് വർഗ്ഗീസ് നഗറിൽ (സോപാനം ആഡിറേറാറിയം) നിന്നാരംഭിച്ച് റെയിൽവേ സ്റ്റേഷന് മുന്നിലൂടെ ചിന്നക്കട ഓവർ ബ്രിഡ്ജ് , ചിന്നക്കട ജംഗ്ഷൻ വഴി പൊതുസമ്മേളന നഗരിയായ പ്രസ്ക്ലബ് മൈതാനത്തെ പി. ഗോവിന്ദപിള്ള നഗറിൽ സമാപിച്ചു. തുടർന്ന് പൊതുസമ്മേളനം നടന്നു. സി പി ഐ എം പോളിററ് ബ്യൂറോ അംഗം സ. എം.എ.ബേബി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു

നീതിപൂർവ്വകമായ വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാ



പൊതുസമ്മേളനം- സ.എം.എ.ബേബി




സ. എൻ. കെ. പ്രേമചന്ദ്രൻ

ഭ്യാസ രംഗത്തെ മികവിനും മേന്മയ്ക്കും വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ അനിവാര്യമായിരിക്കുയാണെന്ന് സി പി ഐ എം പോളിററ് ബ്യൂറോ അംഗം എം.എ.ബേബി പറഞ്ഞു. വൈജ്ഞാനിക രംഗത്തും കലയിലുംവരെ കോളനിവൽക്കരണത്തിൻേറതായ ഇന്നത്തെ കാലത്ത് ഇതിനെതിരെ പോരാട്ടമല്ലാതെ മററു മാർഗ്ഗമില്ലെന്നും ബേബി പറഞ്ഞു.

ആഗോളവൽക്കരണ നയങ്ങൾ വഴി വിദ്യാഭ്യാസത്തിൻെറ ഘടന തന്നെ മാറി. കമ്പോളത്തിൽ ഏററവും കൂടുതൽ സാമ്പത്തിക ലാഭം ഉണ്ടാക്കാവുന്ന മേഖലയാണ് ഇപ്പോൾ വിദ്യാഭ്യാസം. അനിയന്ത്രിതമായി എൻജിനീയർമാരെയും ഡോക്ടർമാരെയും സൃഷ്ടിച്ചാൽ അവർക്ക് എന്തു ജോലി നൽകാനാവും?.

വിദ്യാഭ്യാസം കച്ചവടവൽക്കരിക്കുമ്പോൾ നീതിന്യായ പീഠങ്ങളിൽ നിന്ന് ചില ഘട്ടങ്ങളിലെങ്കിലും ഉണ്ടാകുന്ന വിധികൾ നമ്മെ അസ്വസ്ഥരാക്കുന്നു.

കഴിഞ്ഞ ദിവസം നിയമസഭയിൽ കെ എം മാണി അവതരിപ്പിച്ച ബജററ് മുന്നോട്ട് വെയ്ക്കുന്നത് ചില അപകടകരമായ പ്രഖ്യാപനങ്ങളാണ്. എം ജി സർവ്വകലാശാലയിൽ നാനോ ടെക്നോളജിയിൽ ഇൻർനാഷണൽ ആൻഡ് ഇൻററ യൂണിവേഴ്സിററി സെൻറർ തുടങ്ങുമെന്നാണ് ഒരു പ്രഖ്യാപനം. എൽ ഡി എഫ് സർക്കാരിൻെറ കാലത്ത് അവിടെ ഇൻറർ യുണിവേഴ്സിററി സെൻറർ തുടങ്ങിയിരുന്നു. പുതിയ പ്രഖ്യാപനം പിന്നെ എന്തിനാണ്? കലിക്കററ് സർവ്വകലാശാലയിൽ ഫിനാൻഷ്യൽ എൻജിനീയറിംഗ് കോഴ്സ് തുടങ്ങുമെന്നും പ്രഖ്യാപനമുണ്ട്. ഇത് എന്താണെന്ന് വ്യക്തമല്ല. വിദ്യാഭ്യാസം എങ്ങനെയൊക്കെ കച്ചവടവൽക്കരിക്കാമെന്ന യു ഡി എഫിൻെറ ചിന്തയാണ് ബജററിൽ പ്രതിഫലിക്കുന്നതെന്നും ബേബി പറഞ്ഞു.

ആർ എസ് പി കേന്ദ്ര സെക്രട്ടറിയേററ് അംഗം എൻ കെ പ്രേമചന്ദ്രൻ, സി പി ഐ എം കൊല്ലം ജില്ലാ സെക്രട്ടറി കെ രാജഗോപാൽ എന്നിവർ സംസാരിച്ചു. അസോസിയേഷൻ പ്രസിഡൻറ് പ്രൊഫ. പി.മമ്മദ് അദ്ധ്യക്ഷനായി. ഡോ. കെ ശ്രീവത്സൻ സ്വാഗതവും, ഡോ.ഡി.കെ. ബാബു നന്ദിയും പറഞ്ഞു.

## യാത്രയയപ്പ് സമ്മേളനം

സംസ്ഥാന സമ്മേളനത്തിൻെറ മൂന്നാം ദിവസമായ 19-ാം തിയതി ഞായറാഴ്ച രാവിലെ യാത്രയയപ്പ് സമ്മേളനവും മുൻകാലനേതാക്കളുടെ സംഗമവും സി പി ഐ എം സംസ്ഥാന സെക്രട്ടറിയേററ് അംഗം സ. ബേബി ജോൺ ഉദ്ഘാടനം ചെയ്തു.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പോക്ക് ഭൂതകാലയാത്രയുടെ എതിർദിശയിലേയ്ക്കാണെന്ന് ബേബി ജോൺ പറഞ്ഞു. കേരളത്തിൻെറ ബൗദ്ധിക മണ്ഡലത്തിലെ ഗുരുശ്രേഷ്ഠരെന്ന നിലയിൽ ഇത്തരം പ്രശ്നങ്ങളിൽ കോളജ് അധ്യാപകരുടെ ഗൗരവതരമായ ഇടപെടലുണ്ടാകണം.




സ. കെ. രാജഗോപാൽ

സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം നിരാകരിക്കാനും കോളജുകൾക്ക് സ്വയംഭരണാവകാശം നൽകാനുമുള്ള ശ്രമങ്ങൾ പ്രക്ഷോഭങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളുടെ കവർന്നെടുക്കലാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് എഴു

പാതകളിൽ ഉയർന്നു കേട്ട മുദ്രാവാക്യം ഫീസ് ഏകീകരണത്തിന് വേണ്ടിയായിരുന്നു. അഞ്ചു വർഷം കൂടുമ്പോൾ ശമ്പളം പരിഷ്കരിക്കാൻ അധ്യാപകർ അചഞ്ചലമായ പോരാട്ടമാണ് നടത്തിയിട്ടുള്ളത്. പ്രത്യക്ഷ നേട്ടങ്ങൾ നോക്കിയല്ല സമരത്തിന്റെ ജയപരാജയങ്ങളെ വിലയിരുത്തേണ്ടത്.







പത്താം ക്ലാസ്സ് പാസ്സാകുന്നവരിൽ 90 ശതമാനം പേർക്കും കലാലയ വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കുന്ന സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നത്. ആഭ്യന്തര ഉൽപ്പാദനത്തിന്റെ ആറു ശതമാനം വിദ്യാഭ്യാസ പ്രവർത്തനത്തിന് നീക്കിവെയ്ക്കണമെന്നാണ് അറുപതുകളുടെ തുടക്കത്തിൽ കോത്താരി കമ്മീഷൻ ശുപാർശ ചെയ്തത്. എന്നാൽ, ബജററുകളിൽ വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുക മൂന്നു ശതമാനം കടക്കാറില്ല.

കേരളം കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ മലയാളിയുടെ ഇടതുപക്ഷ മനസ്സാണ്. എന്നാൽ, മലയാളിയുടെ മനസ്സിൽ ഇപ്പോൾ ആധിപത്യം ചെലുത്താൻ ശ്രമിച്ചുകൊണ്ടാരിക്കുന്നത്. വലതുപക്ഷ മാധ്യമങ്ങളാണ്. ബൗദ്ധിക മണ്ഡലത്തിൽ ആധിപത്യം നേടാനും, അതുവഴി ചെറുത്തു നില്പ്പ് പ്രസ്ഥാനം ശക്തിപ്പെടുത്താനും അധ്യാപക സമൂഹം ഇടപെടണമെന്നും സ.ബേബി ജോൺ ആവശ്യപ്പെട്ടു.

എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. കെ.പി.സുകുമാരൻ നായർ അദ്ധ്യക്ഷനായി. പ്രൊഫ. വി.എൻ.മുരളി ,പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ, പ്രൊഫ . പി. ഹരിദാസ്, റിട്ടയർ ചെയ്യുന്ന അധ്യാപകർ എന്നിവർ സംസാരിച്ചു. പ്രൊഫ. ആർ.മോഹനകൃഷ്ണൻ സ്വാഗതവും,പ്രൊഫ. കെ. സന്തോഷ് നന്ദിയും പറഞ്ഞു.



# അനുബന്ധ സെമിനാറുകൾ



സ. ജി. സുധാകരൻ എം.എൽ. എ

55-ാം സംസ്ഥാന സമ്മേളനത്തിൻെറ സന്ദേശം വിവിധ മേഖലകളിൽ എത്തിക്കുന്നതിനായി മൂന്നു കേന്ദ്രങ്ങളിൽ അനുബന്ധ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ ആദ്യത്തെ സെമിനാർ മാർച്ച് രണ്ടാം തിയതി കൊട്ടാരക്കര സെൻറ് ഗ്രിഗോറിയസ് കോളജിൽ നടന്നു. ഉന്നത വിദ്യാഭ്യാസവും നവലിബറൽ നയങ്ങളും എന്ന വിഷയത്തിൽ നടന്ന സെമിനാർ അഡ്വ. അയിഷ പോററി എം എൽ എ ഉദ്ഘാടനം ചെയ്തു. മഹാത്മാഗാന്ധി യൂണിവേഴ്സിററി മുൻ പ്രോവൈസ് ചാൻസലർ ഡോ. രാജൻ വർഗ്ഗീസ് വിഷയമവതരിപ്പിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. പി.കെ.ജോസു കുട്ടി സംസാരിച്ചു. ഡോ. ലെനി, ഡോ. പി.എൻ.ദിലീപ്, ഡോ. എം. എസ് വസന്തകുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു . എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ. കെ . ശ്രീവത്സനും സംസാരിച്ചു. ഡോ. കെ ജേക്കബ് തോമസ്സ് മോഡറേററർ ആയിരുന്ന സെമിനാറിൽ പ്രൊഫ. ജോർജ് വർഗ്ഗീസ് സ്വാഗതവും ഡോ. കെ. ഷാജി നന്ദിയും പറഞ്ഞു .

ഈ പരമ്പരയിലെ രണ്ടാമത്തെ സെമിനാർ മാർച്ച് മാസം 7-ാം തിയതി വൈകുന്നേരം ശാസ്താംകോട്ടയിലാണ് നടന്നത്. *ആഗോളവൽക്കരണ കാലഘട്ടത്തിലെ പ്രക്ഷോഭങ്ങൾ* എന്നതായിരുന്നു വിഷയം. ദേശാഭിമാനി തിരുവനന്തപുരം യൂണിററ് മാനേജർ സ. കെ വരദരാജൻ വിഷയാവതരണം നടത്തിക്കൊണ്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. കെ. ശ്രീവത്സൻ മോഡറേററായിരുന്ന സെമിനാറിൽ എൻ . ജി . ഒ യൂണിയൻ നേതാവ് വി. പി. ജയപ്രകാശ് മേനോൻ, പി. ആർ. വസന്തൻ, പി. കെ. ഗോപൻ, ആർ. എസ്. അനിൽ, കെ . എസ്. ടി. എ നേതാവ് ഡി . വിമല എന്നിവർ സംസാരിച്ചു. ഡോ. സി. ഉണ്ണികൃഷ്ണൻ സ്വാഗതവും ഡോ. വി. ഹരികുട്ടൻ ഉണ്ണിത്താൻ നന്ദിയും പറഞ്ഞു.

ഈ പരമ്പരയിലെ മൂന്നാമത്തേതും അവസാനത്തേതുമായ സെമിനാർ ആഗോളവൽക്കരണവും സാംസ്ക്കാരിക അധിനിവേശവും എന്ന വിഷയത്തിൽ കൊല്ലം കടപ്പാക്കട സ്പോർട്സ് ക്ലബിൽ എം.എൽ.എ ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ മോഡറേറററായ സെമിനാറിൽ പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വി . എൻ മുരളി വിഷയമതരിപ്പിച്ചു. സെമിനാർ കമ്മിററി കൺവീനർ ഡോ. സി. ഉണ്ണികൃഷ്ണൻ സ്വാഗതവും ജില്ലാ സെക്രട്ടറി പ്രൊഫ. കെ. സന്തോഷ് നന്ദിയും പറഞ്ഞു

## പ്രമേയങ്ങൾ

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ ഉൾപ്പെടെ പൊതുമണ്ഡലത്തിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന 35 പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

വിദ്യാഭ്യാസ രംഗത്തെ കോർപറേററുവൽക്കരണവും, കുത്തകവൽക്കരണവും അവസാനിപ്പിക്കുക, വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യൻ മണ്ണിൽ പ്രവേശിക്കാനുള്ള അനുവാദം തടയുക, ഉന്നത വിദ്യാഭ്യാസ രംഗത്തെ ഫെഡറൽ തത്വസംഹിതകൾ സംരക്ഷിക്കുക, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം തകർക്കുന്ന നടപടികൾ അവസാനിപ്പിക്കുക, കേരളത്തിലെ കോളജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള ബജററ് നിർദ്ദേശം പിൻവലിക്കുക, എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നത് അവസാനിപ്പിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുകയും ഇരകൾക്ക് നീതി ലഭ്യമാക്കി ഈ രംഗത്തെ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുകയും ചെയ്യുക. അധ്യാപകരുടെ അപ്രൂവൽ തടഞ്ഞുവെയ്ക്കുന്ന കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേററിൻെറ രാഷ്ട്രീയപ്രേരിത നടപടികൾ പിൻവലിക്കുക. പ്രൊഫ. സെബാസ്റ്റ്യൻ ആൻറണിയെയും, പ്രൊഫ. ടി ജെ ജോസഫിനെയും സർവ്വീസിൽ തിരിച്ചെടുക്കുക തുടങ്ങിയവയാണ് പ്രമേയങ്ങൾ.

വിദ്യാഭ്യാസ രംഗത്തെ കോർപറേററുവൽക്കരണത്തിനെതിരായ പോരാട്ടം ശക്തമാക്കുക എന്ന ആഹ്വാനത്തോടെ മൂന്നു ദിവസമായി കൊല്ലം സോപാനം ഓഡിറേറാറിയത്തിൽ നടന്ന ഓൾ കേരള പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ 55-ാം സംസ്ഥാന സമ്മേളനം സമാപിച്ചു.

AKPCTA

# സംസ്ഥാന ഭാരവാഹികൾ 2013-2014


ഡോ.കെ.പി.സുകുമാരൻനായർ
പ്രസിഡന്റ്


ഡോ. കെ. ശ്രീവത്സൻ
ജനറൽ സെക്രട്ടറി


ഡോ.വി.കെ. വിജയൻ
വൈസ് പ്രസിഡന്റ്


ഡോ.പി.എസ്.ഗീതാകുമാരി
വൈസ് പ്രസിഡന്റ്


പ്രൊഫ. ആർ. മോഹനകൃഷ്ണൻ
ട്രഷറർ

## സംസ്ഥാന സെക്രട്ടറിമാർ


പ്രൊഫ. കൃഷ്ണൻ വണ്ണാരത്ത്
കണ്ണൂർ സർവ്വകലാശാല


പ്രൊഫ. ഡി.കെ.ബാബു
കാലിക്കട്ട് സർവ്വകലാശാല


പ്രൊഫ. ടോമിച്ചൻ ജോസഫ്
എം.ജി. സർവ്വകലാശാല


ഡോ. കെ.എൽ.വിവേകാനന്ദൻ
കേരള സർവ്വകലാശാല

# AKPCTA
## Office Bearers 2 0 13-2014

### STATE OFFICE BEARERS

**PRESIDENT**
**Dr. K. P. Sukumaran Nair**
SD College,Kanjirapally
Ph: 04828-228141
Mob: 9447134637

**VICE PRESIDENTS**
**Dr. V.K. Vijayan**
S.K.V. College,
Thrissur, Ph: 0487-2383404
Mob: 9446938195

**Dr. P.S. Geethakumari**
NSS College, Vazhoor,
Kottayam
Ph: 0481-2460088
Mob: 9495081122

**GENERAL SECRETARY**
**Dr. K. Sreevalsan**
SN College, Kollam
Ph: 0474-2746536
Mob: 9447280806

**TREASURER**
**Prof. R. Mohanakrishnan**
MG College,
Thiruvananthapuram
Ph: 0471-2369533
Mob: 9497592458

**SECRETARIES**

*Kannur University*
**Prof. Krishnan Vannarath**
SES College,
Sreekantapuram
Kannur, Ph: 0497-2787466
Mob: 9447853796

*Calicut University*
**Dr.D.K.Babu**
Guruvayoorappan College
Kozhikode
Ph: 0495-2430533
Mob: 9447424714

*MG University*
**Prof. Tomichan Joseph**
KE College,
Mannanam, Kottayam
Phone: 0481-2320034
Mob: 9449571690

*Kerala University*
**Dr. K.L. Vivekanandan**
S N. College,
Chempazhanthy
Ph: 0471-2440239
Ph:9447019722

### DISTRICT OFFICE BEARERS

**KANNUR - KASARGOD**
*President*
**Prof. Pramod Vellachal**
MG College
Irytti, Kannur
Mob: 9447384054

*Secretary*
**Prof. Nishanth.A**
Payyannur College,
Payyannur
Ph : 9447690687

**KOZHIKODE**
*President*
**Dr. P.T. Malini**
Guruvayoorappan College,
Kozhikkode

*Secretary*
**Dr. Sunny.N.M**
Malabar Christian College
Kozhikode, Ph:
9447418715

**WAYANAD**
*President*
**Prof. K. Rajagopalan**
Pazhassy Raja College
Pulpalli, Wayanad

*Secretary*
**Prof. James Mathew**
St. Mary's College
Sulthan batheri
Phone: 9495785401

**MALAPPURAM**
*President*
**Dr. P. Sayudevi**
N.S.S. College
Manjeri, Malappuram

*Secretary*
**Dr.C.Majeed**
Unity Women's College ,
Malappuram.
Ph: 9446244359

**PALAKKAD**
*President*
**Prof. M. Nazim**
MES College,
Mannarkkadu, Palakkad

*Secretary*
**Prof. V.K. Sudhakaran**
NSS College, Ottappalam
Palakkad, Ph: 9447943003

**THRISSUR**
*President*
**Dr.P.S.Feroz**
SN College, Nattika
Thrissur

*Secretary*
**Dr. Babu Joseph**
St. Thomas College,
Thrissur, Ph: 9447224370

**ERNAKULAM**

*President*

**Prof. Bakshi Paul**
St. Peters College,
Kolancherry

*Secretary*

**Dr.Krishnadas**
Sree Sankara College,
Kalady
Ph: 9446306732

**KOTTAYAM-IDUKKI**

*President*

**Prof. Joji Alex**
St. Thomas College,
Pala, Kottayam

*Secretary*

**Dr. P.K. Padmakumar**
NSS Hindu College
Changanassery,
Ph: 9495163725

**ALAPPUZHA**

*President*

**Prof. P. Devanand**
DB College,
Eramallikkara

*Secretary*

**Prof. R. Indulal**
SD College,
Alappuzha
Mob: 9847983209

**PATHANAMTHITTA**

*President*

**Dr. P.J. James**
St. Thomas College
Kozhencherry

*Secretary*

**Dr. P.N. Harikumar**
DB College, Parumala
Ph: 9446396947

**KOLLAM**

*President*

**Prof. M. Sreekumar**
M.M.N.S.S. College,
Kottiyam, Kollam

*Secretary*

**Prof.K.Santhosh**
DB College, Sasthamcotta
Ph: 9447891464

**THIRUVANANTHAPURAM**

*President*

**Prof. Abdul Ayub. A**
Iqbal College,
Peringammala

*Secretary*

**Dr. K.C. Ajith Prasad**
M.G.College,
Thiruvananthapuram
Ph: 9447247997

## STATE COMMITTEE MEMBERS

(State Working Committee Members, District Presidents and Elected Members)

### State Committee Elected Members

**Prof. S.Shibu**
SN College, Varkala

**Prof. K. R. Jayakumar**
NSS College, Pandalam

**Dr. K. Vijayakumari**
SN College for Women,
Kollam

**Prof.Chandapilla Panicker**
TKM College of
Engg.Kollam

**Prof.T.M. Sukumara Babu**
MSM College,
Kayamkulam

**Prof.Harikrishnan**
NSS College,
Rajakumari, Idukki

**Prof. Sreejith.CM**
SNM College, Maliankara

**Prof. Praveen Kumar. V.S**
SAS SNDP Yogam College
Konni

**Prof. N.V. Joshi**
St. Paul's College,
Kalamassery

**Dr.K.E. Georgie**
Marthoma College,
Chungathara

**Prof. P. Vasudevan Pillai**
NSS College, Nenmara

**Prof. M.V. Madhu**
SKV College, Thrissur

**Prof. Shajan Mathew**
St. Mary's College,
Sulthanbathery

**Dr. Joby K. Jose**
St. Joseph College,
Devagiri, Kozhikode

**Prof. V. Karunakaran**
NAS College Kanjangad

**Prof. Pramod Vellachal**
MG College, Iritti

## STATE WORKING COMMITTEE

**State Office Bearers, District Secretaries, Nominated Working Committee Members and Invitees**

### WORKING COMMITTEE NOMINATIONS


**Prof. P. Reghunath**
MSM College,
Kayamkulam
Mob: 9447795285

**Dr. T. K. Sreedharan**
MES College, Mambad
Mob: 9446280137

**Dr. P. Thomas Mathew**
UC College, Aluva
Ernakulam
Mob: 9446479124

### Working Committee Invitees

1. Service Cell:
   **Dr. P.S. Feroze**
   Mob: 9446092632
2. Academic Com mittee:
   **Prof. C. Padmanabhan**
   Mob: 9567135779
3. Vanitha Committee:
   **Prof. A.G. Oleena**
   Mob: 9495392456




# The Crisis of Neoliberal Reforms in India

## 55th AKPCTA State Conference, Inaugural Address (abridged)



**Venkatesh Athreya**
*Former*

The first decade and more of the present century has seen developments that can truly be called dramatic in a long-term historical perspective. A little over two decades ago - ten years before the new millennium arrived - it appeared to many that the battle for a society free of exploitation and not based on the drive for private profit had been lost, with the decisive rise to unipolar global dominance of the USA, the dismemberment of the mighty Soviet Union and the restoration of capitalism in former USSR and the formerly socialist countries of Eastern Europe. Confident spokespersons for global capitalism even announced 'the end of history'. At about the same time, our rulers in India began to proclaim loudly the virtues of globalization, liberalization and privatization (LPG, for short), and imposed upon the country, without even the legitimacy of a genuinely earned parliamentary majority, a series of so-called 'economic reforms' which are still being pursued two decades later despite having been rejected by the people of this country in every general election held from 1991.

The issue today is, moreover, not only about the 'Great Recession', as spokespersons for capitalism describe it, not wanting to use the dreaded term 'Great Depression'. It is also about the collapse of the 'social contract' that emerged in the late

1940s and the early 1950s in post second world war Europe between the social democratic labour movements and the ruling classes in the context of dramatic changes in the balance of class forces in the world. This development, in turn, presages a period of intensified class struggles in the advanced capitalist world.

Over the long post war boom from 1945 to 1973, the trans-national corporations (TNCs) from the rich countries were able to accumulate enormous surpluses. The oil TNCs also made huge profits from the OPEC-imposed oil price increases in 1973-and 1978. The enormous cash reserves of TNCs and the money made by OPEC countries contributed to substantial increases in the liquidity in the international financial system. In addition, workers and employees in the advanced capitalist countries were saving money for life after retirement. These led to the rapid growth of pension and provident funds and mutual funds of various kinds. All of these together led, by the end of the 1970s, to a huge increase in liquidity in the global economy. These funds were naturally seeking profitable investment outlets. This was the start of the *contemporary process of globalization*. This process is essentially globalization of capital as finance. This is not globalization primarily of industry, of technology, of science, of production, though these also happen to varying extents. Moreover, it is a new kind of finance. Earlier, we had national finance. We had British capital, French capital, American Capital. What has emerged since the late 1970s, on the other hand, is international finance capital. Very rich people, big companies, in several countries, have invested in financial assets in other countries. Global finance capital today is international in character. Lenin had already explained in his classic work *Imperialism* the rise of finance capital in the global economy between 1870 and the beginning of the Great War in 1914. What we now have, from the 1980s, is the further evolution of finance capital to that of highly mobile and foot-loose international finance capital, its global mobility in real time having been made possible by important advances in technology, especially in the field of information and communication technology (ICT). While a large number of wealth holders may hold some part of this global finance capital, its ownership and control is in fact highly concentrated and centralized.

Neoliberalism cannot, however, solve the basic problem of capitalism as an economic system. I will spend a few minutes discussing the nature of capitalism as an economic system. What is the essence of capitalism? In capitalism, there are two contradictory forces. On the one hand, competition among capitalists drives capitalists to innovate and technologically advance, to mechanize, to automate, try and increase productivity from mechanization, so that they may lower their unit cost and sell at a marginally lower price in order to defeat their competitors and capture the market. This is one part. But more important, the class struggle between capital and labour is fundamental. What does it do? For the capitalist, the worker is a source of profit. But the worker is also a nuisance because, unlike the machine, the worker will go on strike. Capitalists naturally prefer machines, since they do not argue nor go on strike. No strikes, no problem. So capitalists will constantly try to eliminate labour, by mechanization or automation. Also, if they depend on the skills of the worker, then, they cannot rapidly adjust levels of output to serve changing markets, they cannot expand scales of production quickly. And if the production process is crucially dependent on the skills of the workers, the bargaining power of the workers will be high. So capitalists prefer to constantly make workers redundant. Class struggle between capital and labour as well as the competition among capitalists thus leads to the constant replacement of labour by machinery under capitalism. Capitalism constantly renders the skills of the working people redundant. It creates unskilled labour on mass scale. Before capitalism, we have heard of artisans, we heard of skilled agricultural workers, but not of a mass of unskilled labour. Unskilled labour on a mass scale is a product of capitalism.

It is true that capital needs the worker to generate surplus value and thereby profit. But each capitalist looks at the worker as an element of cost. 'Try to get rid of the worker, mechanize, automate' -this is the refrain of capital. This


aspect of production relations under capitalism leads, via the processes of mechanization and application of micro-rationality to each element of the production process, to a sustained increase in productive forces. The productive power of the society advance rapidly. Technology improves all the time.

And again, no matter what the state does, no matter what the government does, go into crisis. So business cycles consisting of phases of expansion, recession, depression, recovery and expansion again constitute an inevitable feature of capitalism as a system. It is part of the essential nature of capitalism as an economic system.

### The Current Crisis of Globalization

Apart from the inherent tendency of capitalism as an economic system to go through business cycles involving both expansion and recession, there are features specific to the current crisis of global capitalism. In recent weeks and months, the focus has been on the Eurozone developments, where what is being portrayed as a crisis brought about by the profligacy and 'living beyond the means' ways of the state and the people of specific European countries such as Greece, Spain, Italy, Ireland and Portugal, is really not a crisis of sovereign debt but of massive attacks by speculative finance that has managed to defeat all attempts to regulate it and the dominance of neoliberalism in both policy and ideology. While finance capital operates globally, and with minimal control by governments, given increasingly free movement of capital as finance across country borders, the nation-states, including powerful metropolitan states, remain paralyzed and ineffective in responding to the crises repeatedly caused by financial speculators in country after country. After being initially pushed on the defensive in the wake of the crisis of 2008, finance capital in the US and elsewhere, has managed to regroup its forces and effectively prevent any serious regulation of its operations by national governments or international agencies such as the IMF. Neoliberalism, discredited intellectually for long by economists not wedded to the dominant neoclassical tradition, and even officially in the wake of the global crisis of 2008, continues to inform the policies of all major capitalist governments, not the least because of the material - and not just ideological – power of finance capital in these countries.

The inability of governments in the western world to address the serious economic crisis of Europe and the US – and with a continuing stagnation of the Japanese economy – has spawned a political crisis of confidence among the global ruling classes as well. The idea that somehow, countries like China, India, Brazil and South Africa - patronizingly called emerging economies – can provide the stimulus needed to overcome the crisis of stagnation in the metropolitan capitalist world is of course completely far-fetched, given the relative sizes of the economies concerned and their own dependence on



exports to the metropolitan economies to sustain their economies. In any event, given that finance capital will frown upon any fiscal expansion in any of the major nation states on their own, and the near-impossibility of coordinated action by all the major States together, global reflation as a means of reviving global growth remains a non-starter. The chickens of globalization have come home to roost.[1]

## The Rise of People's Movements

We have so far focused on the crisis of contemporary globalization. It is also important to take note of some positive developments. The period since the onset of the current global crisis has seen increasing anger among ordinary people in the developed capitalist countries against the financial elite and the governments seen as pampering them. People's protests have taken different forms. In recent months, a spectacular protest movement has emerged: The Occupy Movement. It began initially a couple of years ago in New York where protesters occupied the headquarters of global finance capital: Wall Street, demanding that investment banks and other financial corporations who had caused the financial crisis of 2008 with their reckless operations and speculative gambles should be brought to book and not rewarded with bail-out funds as had happened in the US. The movement then rapidly expanded, not only geographically, but also in terms of its agenda and its demands. From 'Occupy Wall Street' (OWS), it became a more general **Occupy** movement. It spread to numerous cities in the US and in other rich countries. Two months into the OWS, the mayor of New York, Bloomberg, himself a major beneficiary of finance capital domination, tried to remove the protesters forcibly in the dead of night from the Park where they were camping, but this action only strengthened the determination of the protesters. The movement spread not only to many cities and smaller towns in the US and elsewhere, but attracted an entire cross section of society, including students facing severe loan repayment problems on educational loans, home owners facing foreclosures on their home mortgages, unemployed persons laid off in the wake of the economic crisis, poor people of all races protesting cutbacks in welfare benefits and so on. The anger of the people was not only at their own plight because of the nature of the economic system that had forced them into unemployment or unsustainable debt or giving up their desire to pursue formal education. It was also at the fact that those who had been responsible for the financial and economic crisis in the first instance - the banks and the financial speculators – were being rewarded with bail-outs and tax cuts for the super rich were continuing, even while the resulting budgetary deficits were cited as undesirable and as a reason for cutting back on welfare programmes. Unemployment rates have remained unacceptably high throughout the period of crisis, and this has also been an important source of anger and discontent. The OWS/Occupy movement has come up with a brilliantly catchy slogan that sharply highlights the increasing inequality and injustice under the neoliberal economy and the patently undemocratic nature of the system: **'We are the 99 per cent'!** This helped focus attention on the blatantly unequal, unjust and plutocratic nature of the neoliberal capitalist economy and the unresponsiveness of the government to the demands of the overwhelming majority - the 99 % - of the population. The slogan has captured in an exceptionally sharp manner the fact that the system serves the interests of a tiny minority and not that of the ordinary

Elsewhere in the world, as well, there are important changes under way. The frequency with which Western powers have been invading sovereign countries, ostensibly on 'humanitarian' grounds (in their own, selective ways, of course), sometimes using the UN as a fig leaf for legitimacy and at other times not even bothering with such 'minor' matters, is of course a disturbing negative development directly correlated with the collapse of the USSR and the rise of a unipolar world under US dominance. However, it is also true that across the world, people's movements for democratic rights and for better conditions of life and livelihood have been on the rise. The fact that the major capitalist countries have entered a period of economic stagnation while other countries such as China, Russia, Brazil, South Africa and India have sought to coordinate, to some extent, their actions on international issues, is also relevant to an understanding of

the emerging global situation and its inherent possibilities.

Taking all these developments into account, it seems fair to say that we are living through a period of severe crisis of capitalist globalization - multiple crises, as we have noted earlier –

The term "globalization" has gained wide and popular currency today. Yet, there is often a lack of clarity on the precise meaning and definition of the term, and of its implications. In the more euphoric versions, globalization is seen as the wonderful culmination of a century of glittering technological progress which has made the world a global village, and has made it possible for people everywhere to communicate with great ease across the globe. These versions cite the phenomenal progress in such fields as biotechnology and information and communication technology to highlight the fact that a whole new range of technological possibilities have emerged which could potentially enhance human life spans and the quality of life for all. But they do not pause to examine the track record of scientific and technological progress under hitherto existing socioeconomic regimes, which have more often than not led to both highly inequalizing and highly destructive uses of science and technology. The more explicitly ideological versions of this genre see globalization as the ultimate triumph of capitalism and as signifying "the end of history". The reality and the lived experience of globalization of the vast majority of people in the world call seriously into question the euphoric versions, the strenuous efforts of electronic and print mass media to portray otherwise.

Contemporary globalization's distinctive feature is centralization and globalization of finance. Cross-border flows of finance via currency transactions amount to fifty times the value of international trade in goods. Global capital is largely metropolitan capital, which seeks quick gains in portfolio investment in the third world. Globally, foreign direct investment (FDI), while large compared to the decades of the 1970s and 80s, is much smaller than portfolio investment, and is concentrated in a few countries. In the third world, China and a handful of other countries account for nearly all FDI from the advanced capitalist countries.

An important implication of the dominance of finance capital globally is that countries seeking to attract and retain capital must maintain high interest rates and provide other incentives to such capital. In turn, this means that governments cannot follow expansionary policies through increased government spending and lower rates of interest to stimulate growth in the economy. This is why the decades of rapid globalization- 1980s and 90s- have seen a sharp decline in the growth rates of capitalist countries, after a long period of expansion since the end of the second world war. This is especially the case with third world countries, since they face hostile international markets dominated by the monopolistic MNCs, and end up with severe problems in their balance of payments and foreign exchange holdings. The ruling regimes in most of these countries are unwilling to tax the rich and unable to curb imports, while exports face uncertain and highly competitive markets, and expenditures cannot be curbed beyond a point for fear of tremendous popular unrest. The resulting crisis of both internal resources and balance of payments pushes these countries into the stranglehold of the so-called Bretton Woods Institutions (BWI), namely the World Bank (WB) and the International Monetary Fund (IMF), which then dictate policies of "structural adjustment" requiring the withdrawal of the state from economic activity and social protection, and the handing over of the economy to private capital, largely foreign, but with willing and pliant domestic partners. The grip of G7 countries and MNCs over the economies of third world countries has been greatly strengthened by the emergence of the world trade organization (WTO) in 1995 from the erstwhile General Agreement on Tariffs and Trade (GATT). WTO, IMF and WB act in concert to keep the third world countries under the tutelage of G 7 and the MNCs, and ensure free movement of finance capital across the globe. They also aim at keeping the third world country markets freely accessible to G 7 and MNCs. This is the essence of globalization.

Though the 1980s saw the Indian economy grow at about

5 to 6 per cent per year in terms of the gross domestic product (GDP), this growth was based on massive and unsustainable government borrowing both inside the country and abroad and catering to elite consumption, but without taxing the rich. By the end of the 1980s, this process had led to both a severe fiscal crisis and a severe balance of payments crisis, aggravated by developments in West Asia relating to Iraq and Iran, in which U.S. played a key and aggressive role. The rise to hegemony of finance capital in the capitalist world and the collapse of the USSR and the restoration of capitalism in Eastern Europe and former USSR led to major policy changes in India. The ruling classes in India who had begun deregulating and privatizing the economy in the 1980s, abandoned the effort at independent and self-reliant development under the leadership of the State. Under pressure from the IMF and the World Bank as well as the U.S. and other Western powers, the minority Congress government with Narasimha Rao as prime minister and Manmohan Singh as finance minister embarked on the path of liberalization, privatization and globalization




## The Essence of LPG Policies

LPG policies involve deregulation of the economy, opening up the economy as widely as possible to private capital and opening up the nation as widely as possible to foreign capital. Specifically, deregulation (also called liberalization) means the removal of regulations governing the operations of private companies, especially the large ones. In other words, it removes these companies from all social responsibility and social obligations. They are to be left free to make profits in any manner they wish and to any extent possible. This naturally implies that the State will no longer defend even the minimal rights of working people. It also implies that large companies are free to gobble up smaller companies and become powerful monopolies, ironically in the name of promoting competition! Privatization relates not only to government selling some of its shares in State-owned companies to private capital, but also opening up all economic and social activity, including those related to education, health, infrastructure and so on, to private players and allowing them to convert all these activities into profit-making opportunities rather than activities governed by the need to promote social well-being. This has obvious implications in terms of denying the poor access to education and health beyond minimal levels, and to raising the costs of infrastructure services, including those relating to energy and power, water and transport, for people. The third element of LPG, globalization means allowing indiscriminate imports at low tariffs and removal of all quantitative limits on imports. Even more importantly, it means removing all restrictions on the free movement of capital as finance

into and out of India, as a strategy to attract foreign capital flows into the country. This is the single most important aspect of LPG reforms, and the one with the most disastrous consequences. The moment restrictions on bringing money into India and taking it out of India in foreign currency is removed, the government can no longer be independent in making policy. It will have to worry about whether foreign finance capital brought into India may be taken out if any government measure is not to the liking of foreign finance capitalists. Finance capital always demands minimal government regulation and minimal government expenditure.[2] It does not like to be taxed, and it wants complete freedom to speculate, in the name of 'financial innovation'. This has serious consequences for the government's welfare and investment policies. Since 1991, successive governments in India have cut back welfare programmes and public investments to keep foreign finance capital happy, in gross violation of democratic verdicts against these policies in every election to the Parliament.

An average of 6 to 7 per cent growth rate of GDP is impressive when many countries, including the developed capitalist countries, are growing at much lower rates and only China is growing at between 9 and 10 per cent per year for over three decades now. The issue, however, is not just the rate of growth, but the nature and composition of growth and its implications for different socio-economic classes. There are major concerns in this regard.

First, it is the service sector that is growing most rapidly. The share of the service sector in India's GDP is now close to 60 per cent. The secondary sector - which includes manufacturing, gas, electricity and water supply - has grown at much lower rates than the service sector and has also shown instability. Its share in GDP is only around 25 per cent, much lower than in China. The share of the primary sector – agriculture and allied activities, forestry and fishing, and mining and quarrying – has declined to somewhere around 17 per cent.


Second, while the decline in the share of the primary sector in GDP is to be expected as an economy modernizes and industrializes, the point to be noted with concern is that the share of the labour force in the primary sector, at over 45 %, is much higher than its share in GDP. By contrast, services sector contributes 58 per cent of GDP, but its share of employment is less than 30 per cent.

Third, the last two decades have seen a huge and continuing agrarian crisis, with over 250,000 farmers committing suicide in just the decade from the late 1990s to the late 2000s. Growth in agriculture and in food grains has been the lowest since independence during this ref

The Union Budget for 2013-14 continues the attack on working people. On the expenditure side, drastic cuts have been effected across the board in 2012-13 as against budget estimates, so that revised estimates show much lower spending, enabling the finance minister to claim that he has reduced the fiscal deficit for the current financial year to 5.2 % of GDP. The finance minister has resorted to the ruse of then comparing the budget outlays for 2013-14 with the sharply lower revised estimates for 2012-13 to claim that he has provided adequate resources to ensure 'inclusive growth'. This is a patently untenable claim.

The plan expenditure has fallen short in the revised estimate for 2012-13 to 4, 29,187 crores from the BE of 5, 21,025 crores. The claim, that the plan expenditure for 2013-14 at 5, 55,322 crores is up by nearly 30 per cent over the RE for 2012-13 is, to say the least, very misleading. Comparing the BEs for the current and the next financial years, the increase is a mere 34,300 crores on 5, 21,026 crores, hardly 6 %, lower than the rate of inflation, and hence a fall in real terms. It is the same story with education, health and so on. In most cases, the increase in terms of BEs barely covers inflation or is even less. Thus, the central plan outlay for education gets 65,869 crores in BE 13-14 against 61,427 crores in BE 12-13, an increase of hardly 7 %, again less than the rate of inflation.

In this struggle, the AKPCTA has a crucial role to play. In 2004, the verdict in the elections to the Lok Sabha gave the democratic movements led by the political Left some space to contest neoliberal policies. Will this happen in 2014? Much depends on Kerala in this regard. In this context, I am sure AKPCTA will play its rightful role in the struggle for pro-people policies.



# സ്വയംഭരണ കോളജുകൾ: സങ്കല്പവും യാഥാർത്ഥ്യവും

**സി. പത്മനാഭൻ**
*കൺവീനർ, അക്കാദമിക് കമ്മിററി*



കേരളത്തിൽ ഓട്ടോണമസ് അഥവാ സ്വയംഭരണ കോളജുകൾ അനുവദിക്കാനുള്ള നടപടികൾ ഇക്കഴിഞ്ഞ ഒരു മന്ത്രിസഭാ തീരുമാനത്തോടെ ആരംഭിച്ചിരിക്കുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്ന കേരള സ്റ്റേററ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ നേരത്തേ തന്നെ ഈ ദിശയിലുള്ള നീക്കങ്ങൾ ആരംഭിക്കുകയും കേരളത്തിലെ കോളജുകൾക്ക് സ്വയംഭരണം അനുവദിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഡോ. എൻ. ആർ മാധവമേനോൻ അദ്ധ്യക്ഷനായി ഒരു കമ്മിററിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പതിനൊന്നാം പഞ്ചവൽസര പദ്ധതി കാലത്ത് സ്വയംഭരണ കോളജുകൾ ആരംഭിക്കുന്നതിന് യു ജി സി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ആധാരമായെടുത്ത് മാധവമേനോൻ കമ്മിററി അതിൻെറ കരട് റിപ്പോർട്ടിന് അന്തിമരൂപം കൊടുത്തുകൊണ്ടിരിക്കേയാണ് വേണ്ടത്ര മുന്നൊരുക്കങ്ങളോ ചർച്ചകളോ നടത്താതെയും നടത്തിയ ചർച്ചകൾ തന്നെ വേണ്ട വിധത്തിൽ പരിഗണിക്കാതെയും കേരള മന്ത്രിസഭ ഈ വിഷയത്തിൽ ധൃതിപിടിച്ചുള്ള തീരുമാനം കൈക്കൊണ്ടിരിക്കുന്നത്.

എന്നാൽ ഒററനോട്ടത്തിൽ ധൃതിപിടിച്ചുള്ളത് എന്ന് നാം കരുതുന്ന ഈ തീരുമാനത്തിനു പിറകിൽ ഇന്ത്യൻ ഭരണകൂടം ദീർഘകാലമായി ആലോചിച്ചുറപ്പിച്ചു നടപ്പിലാക്കി വരുന്ന നവലിബറൽ നയങ്ങളുടെ പശ്ചാത്തലം ഉണ്ട്. ഭരണനിർവ്വഹണവുമായും സേവനമേഖലയുമായും ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും സ്വയംഭരണ ഘടകങ്ങൾ സൃഷ്ടിക്കാനുള്ള ഇന്ത്യൻ ഭരണകൂടത്തിൻെറ നയപരിപാടിയുടെ പിന്നിൽ ജനാധിപത്യത്തോടുള്ള പുത്തൻ അഭിനിവേശമോ അധികാര വികേന്ദ്രീകരണത്തോടുള്ള പ്രതിബദ്ധതയോ ഒന്നുമല്ല, മറിച്ച് ഭരണനിർവ്വഹണ സേവന മേഖലകളിൽ നിന്നും പരമാവധി പിൻമാറി സ്വകാര്യ മൂലധന ശക്തികൾക്ക് ഇഷ്ടാനുസരണം വിളയാടാനുള്ള അവസരം സൃഷ്ടിക്കാനുള്ള വ്യഗ്രതയാണെന്ന കാര്യം സുവ്യക്തമാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് സ്വയംഭരണം നടപ്പിലാക്കുന്ന കാര്യത്തിൽ ഐക്യജനാധിപത്യ മുന്നണി സർക്കാരിന് ഉള്ള ഇരട്ടത്താപ്പ്. സർവ്വകലാശാലകളുടെ സ്വയംഭരണ കാര്യത്തിൽ അവർ സ്വീകരിച്ച നടപടികളിൽ തെളിഞ്ഞു കാണാം. തിരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാല ഭരണസമിതി അംഗങ്ങളെ പിരിച്ചുവിട്ടും ഉന്നത വിദ്യാഭ്യാസ മേഖലയുമായി യാതൊരു വിധത്തിലുള്ള ബന്ധവും ഇല്ലാത്തവരെ ഇത്തരം സമിതികളിൽ തിരുകിക്കയററിയും, വൈസ് ചാൻസലർ നിയമനങ്ങൾക്കുള്ള അംഗീകൃത മാനദണ്ഡങ്ങൾ



പോലും കാററിൽ പറത്തിയും സർവ്വകലാശാലകളുടെ ഭരണം ബലമായി പിടിച്ചെടുക്കുകയാണ് കേരള സർക്കാർ ചെയ്തത്. സർക്കാരിന്റെ അപ്രീതിക്ക് പാത്രമാവുന്നവരെ സർവ്വകലാശാലാ ഭരണസമിതികളിൽ നിന്നും പുറത്താക്കാനുതകുന്ന കരിനിയമം കൊണ്ടുവന്ന് തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേററ് അംഗങ്ങളെ പിരിച്ചു വിട്ട് സർവ്വകലാശാലയിൽ കൃത്രിമ ഭൂരിപക്ഷം സൃഷ്ടിച്ച് ഭരണം പിടിച്ചെടുത്തവർക്ക് പെട്ടെന്നൊരു ദിവസം, എന്നാലിനി കോളജുകൾക്ക് സ്വയംഭരണം കൊടുത്തേക്കാം എന്ന് തോന്നിയത് തീർത്തും സംശയാസ്പദമാണ്. അത് കൊണ്ട് തന്നെ ഇപ്പോൾ മന്ത്രിസഭ കൈക്കൊണ്ട തീരുമാനവും അതിന്റെ പശ്ചാത്തലമായി വർത്തിക്കുന്ന സ്വയംഭരണകോളജുകൾ എന്ന വിഷയവും വിശദമായി പഠിച്ച് നിലപാടുകൾ സ്വീകരിക്കേണ്ട ഉത്തരവാദിത്തം, ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള സംഘടനകൾക്കുണ്ട്.

വാസ്തവത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ സ്വയംഭരണത്തിന്റെ ആവശ്യകത ഒട്ടും പുതുമയുള്ള ഒരു വിഷയമേ അല്ല. സ്വതന്ത്ര ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസരംഗത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷനുകളും ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വയംഭരണം അത്യന്താപേക്ഷിതമാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടുകളിൽ വച്ച് ഏററവും പ്രസക്തമായത് എന്ന് വിദ്യാഭ്യാസ സമൂഹം പൊതുവിൽ അംഗീകരിക്കുന്ന 1966 ലെ കോത്താരി കമ്മീഷൻ റിപ്പോർട്ട് ആകട്ടെ സ്വയംഭരണം സംബന്ധിച്ച് ചില ദാർശനിക നിലപാടുകളും അതോടൊപ്പം ചില പ്രായോഗിക നിർദ്ദേശങ്ങളും മുന്നോട്ടു വയ്ക്കുന്നുണ്ട്. കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അന്തഃസത്തയും അത് മുന്നോട്ടു വച്ച മാർഗ്ഗനിർദ്ദേശങ്ങളും ആധാരമായെടുത്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനം 1969 ൽ കേരള സർവ്വകലാശാലാ നിയമാവലിക്ക് രൂപം നൽകിയത്. ജനാധിപത്യ സ്ഥാപനങ്ങളുടെ പ്രാധാന്യവും ജനാധിപത്യ സങ്കല്പത്തിന്റെ പ്രസക്തിയും ഉൾക്കൊണ്ടു കൊണ്ട് സങ്കീർണമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ അധികാരത്തിൽ വരുന്ന വിവിധതരം ഭരണ അക്കാദമിക് സമിതികളോടെ കേരള സർവ്വകലാശാല സ്വയംഭരണം എന്ന സങ്കല്പത്തിന്റെ തിളങ്ങുന്ന ഉദാഹരണമായത് അങ്ങനെയാണ്. ഈ സ്വയംഭരണം പിന്നീട് വന്ന ചില ജനാധിപത്യ വിരുദ്ധ ഇടപെടലുകളിലൂടെ തികഞ്ഞ പ്രഹസനമായി മാറി എന്നത് സമീപകാല ചരിത്രം.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം എന്ത് എന്ന ചോദ്യം ഇവിടെ സ്വാഭാവികമായി ഉയരുകയാണ്. അത് എല്ലാ ജനാധിപത്യ സ്ഥാപനങ്ങളേയും അവയുടെ ഭരണപരമായ ഇടപെടലുകളേയും അവഗണിച്ച് മുന്നോട്ട് പോകാനുള്ള സ്വാതന്ത്ര്യം ആണോ? ഗവൺമെന്റിന്റെ അധികാര പരിധിക്ക് പുറത്താണോ ഉന്നത വിദ്യാഭ്യാസ മേഖലയെ സ്ഥാനപ്പെടുത്തേണ്ടത്? വാസ്തവത്തിൽ സ്വയംഭരണം എന്ന വാക്ക് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ഭരണകൂടവും സർവ്വകലാശാലയും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ സ്വഭാവം തന്നെയാണ്. സർവ്വകലാശാലകൾ സ്ഥാപിക്കപ്പെടുന്നതും പരിപാലിക്കപ്പെടുന്നതും ഭരണകൂടത്തിന്റെ തീരുമാനപ്രകാരവും അതിന്റെ സഹായത്തോടെയുമാണ്. പക്ഷേ സർവ്വകലാശാലകൾ എന്ത് പഠിപ്പിക്കണം, എന്ത് തരം ഗവേഷണം നടത്തണം തുടങ്ങിയ കാര്യങ്ങളിൽ ഭരണകൂടത്തിന്റെ നിയന്ത്രണാത്മകമായ ഇടപെടലുകൾ പാടില്ല. കാരണം രാജ്യത്തെ ജനജീവിതത്തെ വിപ്ലവകരമായ രീതിയിൽ പരിഷ്കരിക്കാനുതകുന്ന- ഒരുപക്ഷേ വിധ്വംസാത്മകം എന്ന് ഭരണകൂടത്തിന് അഭിപ്രായമുള്ള- ചിന്തകൾ കൂടി സർവ്വകലാശാലകളിൽ വളർന്നു വരേണ്ടതുണ്ട്. ഭരണകൂടത്തിന്റെ നിക്ഷിപ്ത താൽപര്യങ്ങളല്ല, മറിച്ച് വിജ്ഞാന സമ്പാദനത്തിന്റെയും വിജ്ഞാന ഉൽപാദനത്തിന്റെയും വിശാല താൽപര്യങ്ങളാണ് സർവ്വകലാശാലകളെ നയിക്കേണ്ടത്. ഇത്രയും ഗഹനമായ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്, നേരത്തേ പരാമർശിച്ചതു പോലെ, കേരളത്തിലെ ആദ്യകാല സർവ്വകലാശാലകളിലെ വിവിധ സമിതികളെ അവ ഭരണസമിതികളായാലും ശരി വിദ്യാഭ്യാസ സമിതികളായാലും ശരി- സങ്കീർണമായ തെരഞ്ഞെടുപ്പ് രീതികളിലൂടെ രൂപീകരിക്കുന്നത്. അത്കൊണ്ടുതന്നെ സ്വയംഭരണം എന്ന പദത്തിന്റെ അർത്ഥം വ്യവസ്ഥാപിതമായ അധികാര രൂപങ്ങളിൽ നിന്ന് മാറി നിന്നു കൊണ്ട് സ്വയം നിർണയാവകാശത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകാനുള്ള വിദ്യാഭ്യാസ സമൂഹത്തിന്റെ അവകാശമാണെന്ന് കേരളീയ ജനത വളരെ നേരത്തേ തന്നെ മനസ്സിലാക്കിയിരുന്നു എന്നതാണ് യാഥാർത്ഥ്യം.

ഓട്ടോണമി എന്ന ഇംഗ്ലീഷ് വാക്കിനെ സ്വയംഭരണം എന്ന് മലയാളത്തിലേക്ക് മൊഴിമാററം ചെയ്യുമ്പോൾ അത് ഭരണപരമായ ഒരേർപാടാണെന്ന ധ്വനി മുഴച്ചു നിൽക്കുന്നുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഓട്ടോണമിയെ സാധാരണ വിദ്യാഭ്യാസപരം, ഭരണപരം, സാമ്പത്തികംഎന്നിങ്ങനെ മൂന്നായി തരം തിരിക്കാറുണ്ട് എന്ന് മാത്രമല്ല നേരത്തേ പരാമർശിച്ചതു പോലെ ഏതാണ്ടെല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും ഊന്നുന്ന ഒരു കാര്യം ഇവയിൽ ഏററവും പ്രധാന

പ്പെട്ടത് Academic Autonomy അഥവാ വിദ്യാഭ്യാസകാര്യങ്ങളിലുള്ള സ്വയംഭരണാവകാശം ആണ് എന്നുള്ളതാണ്. പാഠ്യപദ്ധതി, സിലബസ്, കോഴ്സുകളുടെ ഘടന എന്നീ വിഷയങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന അക്കാദമിക് സമൂഹത്തിന് നൽകുമ്പോഴാണ് അക്കാദമിക് ഓട്ടോണമി നിലവിൽ വരുന്നത് . ഇപ്രകാരം ഓട്ടോണമസായ അക്കാദമിക് സമൂഹത്തിന് ആവശ്യമായ ഭരണപരവും സാമ്പത്തികവുമായ സഹായങ്ങൾ സർക്കാർ ഒരുക്കി കൊടുക്കുമ്പോൾ അക്കാദമിക് ഓട്ടോണമി പൂർണ്ണമാകുന്നു. എന്നാൽ ഭരണപരവും സാമ്പത്തികവുമായ ഉത്തരവാദിത്ത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്ന സർക്കാർ യഥാർത്ഥത്തിൽ അക്കാദമിക് സ്വയംഭരണത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുകയാണ് ചെയ്യുന്നത്.

സ്വയംഭരണത്തിൻെറ ഈ വ്യത്യസ്ത ഘടകങ്ങൾ തമ്മിലും ആനുപാതികമായ ഒരു പാരസ്പര്യം ഉണ്ടാകേണ്ടതുണ്ട്. ഉദാഹരണത്തിന് ഈ മൂന്ന് ഘടകങ്ങളിൽ ഭരണപരമായ സ്വയംഭരണാവകാശം അഥവാ Administrative Autonomy ഏതെങ്കിലും ഒരു വ്യക്തിയിലോ സമിതിയിലോ പൂർണമായി കേന്ദ്രീകരിച്ചാൽ അത് ആത്യന്തികമായി വിദ്യാഭ്യാസ സ്വയംഭരണത്തെ തന്നെ ഇല്ലാതാക്കി എന്നു വരും. അതുപോലെ തന്നെ സാമ്പത്തിക സ്വയംഭരണം നൽകുന്നത് ഫീസ് അടക്കമുള്ള കാര്യങ്ങളിൽ സ്വേച്ഛാപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്ക് നയിക്കുകയും ഘട്ടം ഘട്ടമായി പൊതുസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. വ്യത്യസ്ത ഘടകങ്ങൾ ഉൾച്ചേരുന്ന ഒരു പ്രക്രിയയായി സ്വയംഭരണത്തെ കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതിനു പകരം പൊതുവായ അർത്ഥത്തിൽ സ്വയംഭരണം സംബന്ധിച്ച തീരുമാനങ്ങൾ കൈകൊള്ളുന്നത് ഗുണത്തേക്കാളേറെ ദോഷങ്ങൾ ചെയ്യുമെന്ന് ചുരുക്കം.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം രൂപീകരിക്കപ്പെട്ട വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ തങ്ങളുടെ റിപ്പോർട്ടുകളിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ സ്വയംഭരണാവകാശത്തെക്കുറിച്ച് പരാമർശങ്ങൾ നടത്തിയിട്ടുണ്ട് എന്ന് നേരത്തേ പറഞ്ഞുവല്ലോ ഇതിന് പുറമേ സ്വയംഭരണം എന്ന വിഷയത്തെക്കുറിച്ച് തന്നെ വിശദമായി പഠിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ച കമ്മീഷനുകളും ഉണ്ട്. ഇതിൽ ആദ്യത്തേത് 1987ൽ ഡോ. കെ. ഗോപാലൻ അദ്ധ്യക്ഷനായി സംസ്ഥാന സർക്കാർ നിയമിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ആണ്. ഈ റിപ്പോർട്ടിൻമേൽ തുടർനടപടികൾ ഒന്നും ഉണ്ടായില്ല. രണ്ടാമത്തെ പ്രധാന റിപ്പോർട്ട് ഡോ. കെ.കെ.എൻ കുറുപ്പ് ചെയർമാനും ഡോ. സിറിയക് തോമസ് കൺവീനറുമായ സമിതി 2000 ൽ കേരള സർക്കാറിന് സമർപ്പിച്ച വിശദമായ റിപ്പോർട്ട് ആണ്. മൂന്നാമത്തേത് ഒന്നാം യു പി എ സർക്കാറിന് പശ്ചിമ ബംഗാൾ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫ. കാന്തി ബിസ്വാസ് ചെയർമാനും പ്രൊഫ. വേദ്പ്രകാശ് മെമ്പർ സെക്രട്ടറിയുമായ കേബ് (Central Advisory Board of Education) കമ്മിററി 2005 ൽ സമർപ്പിച്ച റിപ്പോർട്ട് ആണ്. ഒട്ടനവധി സംവാദങ്ങളുടെയും അന്ന് നിലവിലുണ്ടായിരുന്ന സ്ഥിതിവിവരക്കണക്കുകളുടേയും വിശദമായ പഠനം ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നു. നാലാമത്തേത് കേരളത്തിൽ നിലവിലുള്ള അഫിലിയേഷൻ സമ്പ്രദായത്തെക്കുറിച്ച് പ്രൊഫ. എ എൻ പി ഉമ്മർകുട്ടി കേരള സ്റ്റേററ് ഹയർ എഡ്യുക്കേഷൻ കൗൺസിലിന് സമർപ്പിച്ചതും *അഫിലിയേഷൻ സമ്പ്രദായം: കേരളാനുഭവങ്ങളെക്കുറിച്ച് ഒരു പഠനം* എന്ന പേരിൽ കൗൺസിൽ 2011 ൽ ഇംഗ്ലീഷിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചതുമായ റിപ്പോർട്ട് ആണ്. ഈ നാല് പഠനങ്ങളും സ്വയംഭരണം എന്ന വിഷയത്തെ ആഴത്തിൽ പരിശോധിക്കുകയും സമഗ്രമായ പഠനങ്ങൾ നടത്തുകയും മൂർത്തവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇവയെയെല്ലാം പാടേ അവഗണിച്ചു കൊണ്ട് 11-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് കോളജുകൾക്ക് സ്വയംഭരണം നൽകുന്ന വിഷയത്തിൽ യു ജി സി പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളെ മാത്രം ആശ്രയിച്ചു കൊണ്ടാണ് ഇപ്പോൾ യു ഡി എഫ് സർക്കാർ സ്വയംഭരണ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. ഒട്ടനവധി അവ്യക്തതകളും, സാങ്കേതിക പ്രശ്നങ്ങളും, വിശദാംശങ്ങളുടെയും സ്ഥിതിവിവര കണക്കുകളുടേയും അഭാവവും പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകളും ഒക്കെയടങ്ങിയ പ്രസ്തുത മാർഗനിർദ്ദേശങ്ങൾ കേരളത്തിലെ സാഹചര്യം ഒട്ടും മാനിക്കാതെ നടപ്പിലാക്കാൻ തുനിയുന്നത് പരിഹരിക്കാൻ കഴിയാത്തത്ര പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നതാണ് യാഥാർത്ഥ്യം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായപ്പെടുന്ന ഏതാണ്ടെല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും അത്തരം സ്വയംഭരണത്തിൻെറ അടിസ്ഥാന ഘടകമായി കണ്ടത് സർവ്വകലാശാലകളെയാണ്. എന്നാൽ സ്വയംഭരണത്തിന് വാർപ്പു മാതൃകകൾ ഒന്നും ഈ കമ്മീഷനുകൾ നിർദ്ദേശിക്കുന്നുമില്ല. നിരവധി വിദ്യാഭ്യാസ വിചക്ഷണർ അടങ്ങിയ പ്രസ്തുത സമിതികൾ സ്വയംഭരണത്തിന് സുവ്യക്തമായ മാതൃകകൾ നിർദ്ദേശിക്കാതിരുന്നത് അവർക്കാർക്കും ഈ വിഷയത്തിൽ വ്യക്തമായ ധാരണകൾ ഇല്ലാത്തതുകൊണ്ടല്ല, മറിച്ച് ഫെഡറൽ തത്വപ്രകാരം സ്വയംഭരണമാതൃകകൾ അതാത് പ്രദേശങ്ങളുടെ സവിശേഷതകൾക്കനുസൃതമായി രൂപീകരിക്കപ്പെടേണ്ടതുണ്ട് എന്നതുകൊണ്ടാണ്. യു ജി സിയും 11-ാം പദ്ധതിക്കാലത്ത് പുറപ്പെടുവിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾ മാത്രമാണ്. അല്ലാതെ നിയത മാതൃകകൾ അല്ല. അതായത് കോളജുകളുടെ സ്വയംഭരണം എന്ന തത്വം രാജ്യ തലസ്ഥാനത്ത് നിന്നും അടിച്ചേല്പിക്കേണ്ടതായ ഒന്നല്ല, മറിച്ച് ഓരോ സംസ്ഥാനത്തിൻെറയും സവിശേഷതകൾക്കനുസരിച്ച് രൂപീകരിക്കേണ്ടതാണെന്ന പൊതുനയം വിവിധ വിദ്യാഭ്യാസ കമ്മീഷനുകളും യു ജി സി തന്നെയും അവയുടെ അടിസ്ഥാന തത്വമായി സ്വീകരിച്ചിരുന്നു എന്ന് ചുരുക്കം. കേവലം മാർഗ്ഗനിർദേശങ്ങളെ ഭയഭക്തി ബഹുമാനങ്ങളോടെ കണ്ട് അതേപടി നടപ്പിലാക്കാനൊരുങ്ങുന്ന സംസ്ഥാന സർക്കാർ ഫെഡറലിസ്റ്റ് അവകാശങ്ങൾ കാററിൽ പറത്തുക മാത്രമല്ല ഉന്നതവിദ്യാഭ്യാസ രംഗത്തെയും ജനാധിപത്യ പ്രയോഗങ്ങളെയും വിളക്കി ചേർക്കുന്നതിൽ കേരളം കൈവരിച്ച നിർണ്ണായക നേട്ടങ്ങളെ അവഗണിക്കുകയുമാണ്.

സ്വയംഭരണ കോളജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് യു ജി സി എടുത്തിരിക്കുന്ന നിലപാടുകൾ രാജ്യമാകെ പരിശോധിക്കുമ്പോൾ സവിശേഷമായ ചില പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നത് കാണാം. ആകെയുള്ള കോളജുകളിൽ പത്ത് ശതമാനം കോളജുകളെങ്കിലും സ്വയംഭരണ കോളജുകളായി മാറണം എന്ന യു ജി സി മാർഗനിർദേശം വളരെയേറെ പുരോഗമനപരമായി തോന്നാൻ തക്കവണ്ണമുള്ള സാഹചര്യങ്ങൾ നവലിബറൽ നയങ്ങളുടെ ആവിർഭാവത്തിന് ശേഷം ഇന്ത്യയിലെ ചില പ്രദേശങ്ങളിലെങ്കിലും നിലവിലുണ്ട്. വിദ്യാഭ്യാസ സ്ഥാപനവുമായി



ബന്ധപ്പെട്ട പാഠ്യപദ്ധതി അടക്കമുള്ള അദ്ധ്യയന സംബന്ധിയായ എല്ലാ വിഷയങ്ങളും സ്ഥാപനത്തിന്റെ ഭരണകാര്യങ്ങളും ധനവിനിയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളും എല്ലാം ഏതെങ്കിലും ഒരു വ്യക്തി ഒറ്റയ്ക്ക് തീരുമാനിക്കുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്ന ഇടങ്ങളിൽ കോളജ് ഭരിക്കാൻ ഗവേണിംഗ് ബോഡി, അക്കാദമിക് കാര്യങ്ങൾ തീരുമാനിക്കാൻ കോളജിൽ തന്നെ അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും സാമ്പത്തിക കാര്യങ്ങൾ തീരുമാനിക്കാൻ ഫിനാൻസ് കമ്മിറ്റി എന്നൊക്കെയുള്ള രീതിയിൽ വിവിധ സമിതികൾ വരുന്നത് വലിയ പുരോഗതിയായി വിലയിരുത്തപ്പെട്ടേക്കാം. പക്ഷേ കേരളത്തിലേത് പോലെ, ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സ്വയംഭരണാവകാശത്തെ കുറിച്ച് വളരെ നേരത്തേ തന്നെ തികഞ്ഞ ജാഗ്രതയോടെ തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോയ പ്രദേശത്ത്, ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട അധികാരങ്ങൾ യു ജി സി, സംസ്ഥാന സർക്കാർ, സർവ്വകലാശാല, മാനേജ്മെന്റ്, കോളജ് കൗൺസിൽ, കോളജ് യൂണിയൻ, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ഏറെക്കുറെ ജനാധിപത്യപരമായി പങ്കിട്ട് നിർവ്വഹിക്കുന്ന ഒരു സാഹചര്യത്തിൽ ഇത്തരത്തിലുള്ള ആന്തരിക ജനാധിപത്യത്തിന് ആക്കം കൂട്ടിക്കൊണ്ടും അക്കാദമിക് ഇടപെടലുകൾക്കുള്ള സാധ്യതകൾ വർദ്ധിപ്പിച്ചു കൊണ്ടും മാത്രമേ പരിഷ്കാരങ്ങൾ നടപ്പിലാക്കാവൂ എന്ന പ്രാഥമിക തത്വം പ്രൊഫ. എൻ ആർ മാധവമേനോൻ നയിച്ച കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകുന്നതിനെക്കുറിച്ച് റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റിയും, പ്രസ്തുത കമ്മിറ്റിയെ നിയോഗിച്ച കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും, കൗൺസിലിനെ നയിക്കുന്ന കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന യു ഡി എഫ് സർക്കാരും തീർത്തും വിസ്മരിച്ചതായി കാണുന്നു. കേരളത്തിൽ ഇടവിട്ടിടവിട്ട് അധികാരത്തിൽ വരാറുള്ള വലതുപക്ഷ സർക്കാറുകൾ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഏൽപിച്ചിട്ടുള്ള കടുത്ത ആഘാതങ്ങളിൽ അവസാനത്തേതായി മാറാൻ പോവുകയാണ് സ്വയംഭരണ കോളജുകൾ.

ഇപ്പോൾ യു ജി സി മാർഗ്ഗനിർദേശങ്ങൾ അലംഘനീയമാണെന്ന് പറയുന്നവർ അവരുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാൻ യു ജി സി ചട്ടങ്ങൾ വരെ വളച്ചൊടിച്ചതിന്റെ ഉദാഹരണങ്ങൾ ഏറെയുണ്ട്. അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട യു ജി സി ചട്ടങ്ങൾ അവഗണിച്ചത് ഇതിലൊന്നാണ്. അതുപോലെ ഇല്ലാത്ത യു ജി സി ചട്ടങ്ങളുടെ പേരിലും വല്ലാത്ത നടപടികൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഇല്ലാത്ത യു ജി സി മോഡൽ ആക്ടിന്റെ നിയമാവലികൾ പേരുപറഞ്ഞാണ് മഹാത്മാ ഗാന്ധി, കണ്ണൂർ സർവ്വകലാശാല നിയമാവലി ഉണ്ടാക്കിയതും, തീർത്തും ജനാധിപത്യവിരുദ്ധമായ രീതിയിൽ നോമിനേറ്റഡ് സമിതികളെ ഈ സർവ്വകലാശാലകളുടെ ഭരണം ഏൽപ്പിച്ചതും.

ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ, വിശിഷ്യാ ബിരുദപഠനത്തിന്റെ, ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതാണ് ഓട്ടോണമസ് കോളജുകൾ ആരംഭിക്കുന്നതിനുള്ള യു ജി സിയുടെ പ്രഖ്യാപിത ലക്ഷ്യം. പക്ഷെ, വ്യത്യസ്ത മാനേജ്മെന്റ് ഘടനകളുള്ള ഇന്ത്യയിലെ കോളജുകളുടെ വൈവിധ്യം ഈ ഘട്ടത്തിൽ യു.ജി.സി കണക്കിലെടുക്കുന്നേയില്ല. മാത്രമല്ല ഇത്തരം മാനേജ്മെന്റ് സ്ഥാപനങ്ങളെ പൊതു സ്ഥാപനങ്ങളുടെ ധാരയിൽപ്പെടുത്തുന്നതിലും അവയെ പൊതുലക്ഷ്യങ്ങൾ നിറവേറ്റുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിലും സർവ്വകലാശാലകൾ വഹിക്കുന്ന പങ്കിനെ യു ജി സി മാർഗ്ഗനിർദ്ദേശരേഖ കാണുന്നേയില്ല. സർവ്വകലാശാലകളുടെ കീഴിലുള്ള കോളജുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു എന്നതിനാൽ സർവ്വകലാശാലകൾക്ക് അവയുടെ ജോലി നിർവ്വഹിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു എന്ന് പ്രഖ്യാപിക്കുന്ന മാർഗനിർദേശ രേഖ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിപ്പിക്കാനല്ല മറിച്ച് സർവ്വകലാശാലകളിൽ നിന്നും കോളജുകളെ വിമുക്തമാക്കണം എന്നാണ് നിർദ്ദേശിക്കുന്നത്. കേവലം യാന്ത്രികമായ സമീപനമാണ് ഇക്കാര്യത്തിൽ യു ജി സി രേഖ കൈക്കൊള്ളുന്നത്. ഇവിടെയും സർവ്വകലാശാലകളുടെ സവിശേഷമായ പങ്ക് വിലയിരുത്തപ്പെടുന്നില്ല. സർവ്വകലാശാലകളുടെ പൊതുനയങ്ങൾ കോളജുകളുടെ വൈവിധ്യത്തെയും സവിശേഷതയേയും കണക്കിലെടുക്കുന്നില്ല എന്ന് പരാതിപ്പെടുന്ന യു ജി സി രേഖ രാജ്യത്തെമ്പാടുമുള്ള കോളജുകൾക്ക് ഒരേ അച്ചിൽ വാർത്ത മട്ടിൽ സ്വയംഭരണ മാർഗ്ഗനിർദ്ദേശങ്ങൾ നൽക്കുന്നത് തീർത്തും നീതികരിക്കാനാവാത്ത കാര്യമാണ്. അതുപോലെ തന്നെ ഫീസ് നിശ്ചയിക്കാനുള്ള അധികാരം സ്വയംഭരണ കോളജുകൾക്ക് നൽകുന്നതിനോടൊപ്പം പരീക്ഷാ ചെലവ് മുഴുവനായി ഫീസ് ഇനത്തിൽ കണ്ടെത്തിക്കൊള്ളണം എന്നും യു ജി സി രേഖ പറയുന്നു. ഇല്ലാത്ത ഗുണനിലവാരത്തിന്റെ പേര് പറഞ്ഞ് നാമമാത്രമായി നിലനിൽക്കുന്ന തുല്യതയേയും പ്രാപ്യതയേയും കൂടി ഇല്ലാതാക്കാൻ മാത്രമേ ഇത്തരം നീക്കങ്ങൾ സഹായിക്കുകയുള്ളൂ. സെൽഫ്ഫിനാൻസിങ് സാങ്കേതിക സ്ഥാപനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് കോടതികൾ പോലും സംശയം ഉറക്കെ പ്രകടിപ്പിച്ചിരിക്കുന്ന അതേ സന്ദർഭത്തിലാണ് സംസ്ഥാനത്ത് നിലവിലുള്ള എയ്ഡഡ് /ഗവൺമെന്റ് കോളജുകളെയും സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങളാക്കി മാറ്റാൻ ഉതകുന്ന തരത്തിലുള്ള യു ജി സി രേഖ സംസ്ഥാന ഭരണാധികാരികളുടെ കണ്ണിൽപ്പെട്ടത്.

അദ്ധ്യാപകർക്ക് മതിയായ വിദ്യാ

ഭ്യാസപരവും സർഗാത്മകവുമായ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ മാനേജ്മെൻറ് ഘടന മാററിയെടുക്കും എന്ന് യു ജി സി രേഖ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും കോളജ് മാനേജ്മെൻറുകൾക്ക് ഇന്നുള്ള അധികാരങ്ങൾ പലമടങ്ങ് വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സമിതികളാണ് ഈ രേഖയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോ ഓട്ടോണമസ് കോളജിനും ഒരു ഗവേർണിംഗ് ബോഡി, ഒരു അക്കാദമിക് കൗൺസിൽ, പഠനവകുപ്പുകളുടെ അടിസ്ഥാനത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ്, ഒരു ഫിനാൻസ് കമ്മിററി എന്നിവയാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. 12 അംഗങ്ങൾ അടങ്ങിയ ഗവേണിംഗ് ബോഡി ആണ് ഈ അധികാര ശ്യംഖലയിൽ തലപ്പത്ത്. ഇതിൽ 5 അംഗങ്ങൾ മാനേജ്മെൻറ് പ്രതിനിധികളും, ഒരാൾ മാനേജ്മെൻറ് നാമനിർദേശം ചെയ്യുന്ന വിദ്യാഭ്യാസ വിചക്ഷണനോ വ്യവസായിയോ ആണ്. പ്രിൻസിപ്പൽ ഈ സമിതിയിൽ എക്സ് ഒഫീഷ്യോ അംഗമായിരിക്കും കൂടാതെ പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന 2 അദ്ധ്യാപക പ്രതിനിധികളും യു ജി സി, യൂണിവേഴ്സിററി, സംസ്ഥാന സർക്കാർ എന്നിവയുടെ ഓരോ പ്രതിനിധികളും കോളജ് ഗവേണിംങ് ബോഡിയിൽ അംഗമാകും. ഗവൺമെൻറ് ഓട്ടോണമസ് കോളജുകൾക്ക് വേറെ തരത്തിലുള്ള ഗവേണിംങ് ബോഡി ഘടന വിഭാവനം ചെയ്യുന്ന മാർഗ്ഗരേഖ പക്ഷേ മാനേജ്മെൻറ് കോളജുകളെ എയ്ഡഡ് / അൺ എയ്ഡഡ് എന്ന് തരം തിരിക്കുന്നില്ല. സിംഹഭാഗം ചെലവുകളും പൊതുഖജനാവിൽ നിന്നും നടത്തിപ്പോരുന്ന എയ്ഡഡ് കോളജുകൾക്കും തീർത്തും സ്വകാര്യ ഉടമസ്ഥതയിലുള്ള സെൽഫ് ഫിനാൻസിങ് കോളജുകൾക്കും ഒരേ തരത്തില്യുള്ള ഭരണസമിതിയാണ് യു ജി സി നിർദ്ദേശിച്ചിരിക്കുന്നത് എന്ന് ചുരുക്കം. വിവിധങ്ങളായ അധികാരങ്ങൾ ഈ സമിതിയിൽ നിക്ഷിപ്തമാണ്. അവയിൽ അദ്ധ്യാപകരെ നിയമിക്കാനും, ആവശ്യാനുസരണം ഫീസ് നിശ്ചയിക്കാനും പുതിയ കോഴ്സുകൾക്ക് അംഗീകാരം നൽകാനുമുള്ള അധികാരങ്ങൾ വരെ ഉൾപ്പെടുന്നു.

ചെയർമാനായി പ്രിൻസിപ്പലും, വിവിധ വകുപ്പ് തലവൻമാരും, റൊട്ടേഷൻ അടിസ്ഥാനത്തിൽ 4 സീനിയർ അദ്ധ്യാപകരും ഗവേണിംങ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന നാല് വിദഗ്ധാംഗങ്ങളും സർവ്വകലാശാലയുടെ മൂന്ന് നോമിനികളും പ്രിൻസിപ്പൽ നോമിനേററ് ചെയ്യുന്ന ഒരു ഫാൽക്കററി അംഗവും അടങ്ങുന്നതാണ് കോളജുതല അക്കാദമിക് കൗൺസിൽ. വിദ്യാർത്ഥി പ്രവേശനത്തിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുക, ബോർഡ് ഓഫ് സ്റ്റഡീസിൽ നിന്നും വരുന്ന വിവിധ ശുപാർശകൾ പരിശോധിക്കുക, ഗവേണിംങ് ബോഡിയെ വിവിധ കാര്യങ്ങളിൽ സഹായിക്കുക എന്നിവയാണ് അക്കാദമിക് കൗൺസിലിൻെറ ഉത്തരവാദിത്തം. ഡിപ്പാർട്ട്മെൻറ് തലത്തിൽ രൂപീകരിക്കപ്പെടുന്ന ബോർഡ് ഓഫ് സ്റ്റഡീസിൽ നിന്നുമാണ് സിലബസ്, കോഴ്സ് എന്നിവ സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഉയർന്നു വരേണ്ടത്. പ്രിൻസിപ്പലും നാമനിർദ്ദേശം ചെയ്യപ്പെട്ട മററ് അംഗങ്ങളും അടങ്ങുന്ന ഫിനാൻസ് കമ്മിററിയാണ് ബജററ് പരിഗണിക്കേണ്ടത്. വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ള അധികാരം കോളേജുതല സമിതികൾക്ക് കൈമാറുന്നത് ഈ രംഗത്ത് നിലവിലുള്ള സാമൂഹ്യനീതി അട്ടിമറിക്കപ്പെടാൻ ഇടയാക്കും എന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. നിലവിൽ വിദ്യാർത്ഥി പ്രവേശനത്തിന് കർശനമായ മാനദണ്ഡങ്ങൾ ഉള്ളപ്പോൾ തന്നെ ഈ രംഗത്ത് വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ എം. ജി. സർവ്വകലാശാല ഏകജാലക സംവിധാനം വഴി കോളേജുകളിലേക്കുള്ള പ്രവേശനം നടത്തിയപ്പോൾ വിവിധ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച എസ്.സി/ എസ്.ടി വിഭാഗം വിദ്യാർത്ഥികളുടെ അനുപാതത്തിലുണ്ടായ വൻ വർദ്ധനവ് മാത്രം കണക്കിലെടുത്താൽ മതി. നേരത്തെ നാലോ അഞ്ചോശതമാനം സീററുകളിൽ മാത്രം എസ്. സി./ എസ്. ടി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചയിടത്ത് ഇപ്പോൾ അവർക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്ന 20 ശതമാനം സീററുകളിലേക്ക് ഏതാണ്ട് പൂർണ്ണമായിത്തന്നെ ഈ വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ കഴിഞ്ഞു. നിയമങ്ങൾ ഉള്ളപ്പോൾ തന്നെ അവ ലംഘിക്കാൻ യാതൊരു മടിയും കാണിക്കാത്ത മാനേജ്മെൻറുകൾക്ക് നിയമങ്ങൾ നിർമ്മിക്കാനുള്ള അവകാശം കൂടി കൊടുത്താലുള്ള അവസ്ഥ വിവരിക്കേണ്ടതില്ലല്ലോ?

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ചാൽ ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകൾ തീർത്തും ഇല്ലാതാവുകയും പകരം നാമനിർദ്ദേശം എന്നത് ഉന്നതവിദ്യാഭ്യാസരംഗത്തിൻെറ മുഖമുദ്രയായി മാറുകയും ചെയ്യുന്ന ഒരവസ്ഥ കാണാവുന്നതാണ്. തിരഞ്ഞെടുപ്പുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനാവശ്യമോ ആർഭാടമോ ഒക്കെയായി കണ്ട് ഒഴിവാക്കപ്പെടുമ്പോൾ ഇന്ന് ഈ രംഗത്ത് ചില സർവ്വകലാശാലകളിലെങ്കിലുമുള്ള പരിമിതമായ ജനാധിപത്യ അവകാശങ്ങൾ കൂടി ഇല്ലാതാവുകയും സ്വയംഭരണം എന്ന മഹത്തായ ആശയം നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ ഭരണമായി അധഃപതിക്കുകയും ചെയ്യും. ആരുടെ ഭരണമാണ് സ്വയംഭരണം എന്ന വാക്ക് കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് ഗവേണിംങ് ബോഡിയുടെ ഘടന പരിശോധിച്ചാൽ പകൽ പോലെ വ്യക്തമാണ്. മാനേജ്മെൻറിന് പൂർണ്ണമായ മേൽക്കൈ ഉള്ള ഗവേണിംങ് ബോഡിക്കായിരിക്കും ഓട്ടോണമസ് കോളജുകളിൽ അദ്ധ്യാപകനിയമനം നടത്തുകയും നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് സ്ഥാനക്കയററം കൊടുക്കുകയും ചെയ്യാനുള്ള പൂർണ അധികാരം.

മാധവമേനോൻ കമ്മിററിയുടെ പരിഗണനക്കായി കേവലം മൂന്ന് വിഷയങ്ങളാണ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ സമർപ്പിച്ചത്. അതിൽ ആദ്യത്തേത് കേരളത്തിലെ കോളജുകൾക്ക് കൊടുക്കാൻ പോകുന്ന സ്വയംഭരണത്തിൻെറ സ്വഭാവം എന്തായിരിക്കണം എന്നുള്ളതാണ്. രണ്ടാമത്തെ വിഷയം ഒരു സ്ഥാപനത്തിന് സ്വയംഭരണാവകാശം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ആയിരിക്കണം എന്നുള്ളതും. മൂന്നാമത്തേതാകട്ടെ ഇങ്ങിനെ സ്വയംഭരണം നൽകുന്നതിനിടയിൽ എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടാകാനിടയുണ്ടെന്നുള്ളതും അവയെ എങ്ങിനെ മറികടക്കാം എന്നുള്ളതുമാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഘടനാപരമായി അടിമുടി മാററിത്തീർക്കാനുതകുന്ന ഒരു വലിയ പരിഷ്കാരത്തിന് ആവശ്യമായ പഠനങ്ങൾ നടത്താൻ നിയോഗിക്കപ്പെട്ട കമ്മിററിക്ക് അതിനനുസൃതമായ പരിഗണനാ വിഷയങ്ങൾ തന്നെയാണോ നൽകിയതെന്ന് ആദ്യം തന്നെ പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിൽ സ്വയംഭരണ കോളജുകൾ അനുവദിക്കുന്നതിന് മുന്നോടിയായി രണ്ടു വ്യത്യസ്ത മാനങ്ങളിലുള്ള പഠനങ്ങൾ നിർബന്ധമായും നടക്കേണ്ടതായിരുന്നു. അതിൽ ആദ്യത്തേത് സർവ്വകലാശാലാ തലത്തിലുള്ള സ്വയംഭരണം എന്ന വിഷയത്തിൽ കേരളം ആർജിച്ച അനുഭവപാഠങ്ങൾ ആണ്. ഏതു തരത്തിലുള്ള ഗുണനിലവാരമില്ലായ്മയാണ് കേരളത്തിലെ പ്രശ്നം എന്നും അ

തിന് നിലവിലുള്ള സാഹചര്യങ്ങളിൽ എന്താണ് പരിഹാരം എന്നും ആരായേണ്ടതായിരുന്നു. അതോടൊപ്പം 19 സംസ്ഥാനങ്ങളിലായി പരന്നു കിടക്കുന്ന 80 സർവ്വകലാശാലകൾക്ക് കീഴിൽ സ്ഥിതി ചെയ്യുന്ന 427 ഓളം സ്വയംഭരണ കോളജുകളെക്കുറിച്ചും അവയുടെ വ്യത്യസ്തതലങ്ങളിലുള്ള അനുഭവങ്ങളെക്കുറിച്ചും ഒരു പൊതുവിശകലനമെങ്കിലും നടത്തേണ്ടതായിരുന്നു. എന്നാൽ യു ജി സിയുടെ തന്നെ പ്രശംസ പിടിച്ചു പററിയ ചോയ്സ് ബേസ്ഡ് ക്രഡിററ് സെമസ്റ്റർ സിസ്റ്റത്തെ (CBCSS) കേരളത്തിലെ കോളജുകളിൽ നിന്നും പൂർണ്ണമായും പിഴുതെറിയാൻ നടത്തുന്ന ശ്രമംപോലെ തീർത്തും രാഷ്ട്രീയ പ്രേരിതമായ നീക്കങ്ങൾ നടത്തിയ കേരള സ്റ്റേററ് ഹയർ എഡ്യുക്കേഷൻ കൗൺസിലിന് ഗുണമേന്മയെക്കുറിച്ച് ഇപ്പോഴുണ്ടായ ആശങ്കകൾ ആത്മാർത്ഥമാണെന്നു കരുതാൻ ന്യായമില്ല.

മാധവമേനോൻ കമ്മററി റിപ്പോർട്ടിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങൾ വിശദമായി തന്നെ പരിശോധിക്കേണ്ടതായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ഹയർ എഡ്യുക്കേഷൻ കൗൺസിലിന് സമർപ്പിക്കുന്നതിന് മുൻപേ പ്രസ്തുത റിപ്പോർട്ടിൻെറ കരട് പ്രസിദ്ധീകരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്തുള്ള വിവിധ സംഘടനകളുമായി ചർച്ചകൾ നടക്കുകയും ഉണ്ടായി. ഈ ചർച്ചകളിൽ സംഘടനാ ഭേദമെന്യേ ഏതാണ്ടെല്ലാവരും ഒരേ ശബ്ദത്തിൽ ഉയർത്തിയ ആശങ്കകളെ അഭിമുഖീകരിച്ച് അവയ്ക്ക് പരിഹാരം തേടാൻ പിന്നീട് കമ്മിററി ശ്രമം നടത്തിയതായി അന്തിമ റിപ്പോർട്ടിൽ കാണുന്നില്ല. മറിച്ച് അവയിൽ ചില ആശങ്കകൾ റിപ്പോർട്ടിൻെറ ഭാഗമായി ചേർക്കുകയും അതിൽ ചിലതിനോട് കമ്മിററി തന്നെ ഐക്യദാർഢ്യം പ്രഖ്യാപിച്ചതുമായി കാണുന്നു. ഇക്കാര്യത്തിൽ കമ്മിററിയുടെ തുറന്ന നിലപാടുകൾ സ്വാഗതാർഹമാണെങ്കിലും റിപ്പോർട്ടിൻെറ ഉള്ളടക്കത്തിലോ യു ജി സി മാർഗ നിർദേശങ്ങളുടെ കാര്യത്തിലോ കാര്യമായ മാററങ്ങൾ നിർദ്ദേശിക്കാത്തിടത്തോളം കാലം, നിലവിലുള്ള സർക്കാർ സ്വയംഭരണം ഏററവും അപകടകരമായ രീതിയിൽ തന്നെ നടപ്പിലാക്കിയെടുക്കാനുള്ള സാധ്യതയാണ് നാം മുന്നിൽ കാണുന്നത്.

നിർദ്ദിഷ്ട സ്വയംഭരണം എന്നത് അക്കാദമിക് സ്വയംഭരണം മാത്രമാണെന്ന മാധവമേനോൻ കമ്മിററിയുടെ പ്രസ്താവം തീർത്തും വാസ്തവ വിരുദ്ധമാണ്. ഫീസ് നിശ്ചയിക്കാനുള്ള അവകാശം അടക്കം ഗവേണിംങ് ബോഡിക്ക് നൽകുന്ന യു ജി സി മാർഗ്ഗരേഖയെ ഇത്രയും ലളിതമനസ്സോടെയും പൊള്ളയായ ശുഭാപ്തി വിശ്വാസത്തോടെയും സമീപിക്കുന്നത് തികച്ചും ഖേദകരമാണ്.

അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവനവേതന വ്യവസ്ഥകളിൽ അവർക്ക് പ്രതികൂലങ്ങളായ മാററങ്ങൾ ഉണ്ടാവരുതെന്ന് പൊതുവായി നിർദ്ദേശിക്കുമ്പോഴും സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്നതോടെ ഓട്ടോണമസ് കോളജുകളിലെ ജീവനക്കാർ നേരിടാൻ പോകുന്ന തികഞ്ഞ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം എന്ത് എന്ന് റിപ്പോർട്ടിൽ ഒരിടത്തും സൂചനകളില്ല. സർക്കാർ / എയ്ഡഡ് കോളജുകളിൽ അൺ- എയ്ഡഡ് കോഴ്സുകൾ ആരംഭിക്കരുതെന്നല്ല, മറിച്ച് അത്തരം കോഴ്സുകളെ നിയമവിധേയമാക്കുന്ന വ്യവസ്ഥകൾ ഉൾച്ചേർക്കണമെന്നാണ് കമ്മററി ശുപാർശ ചെയ്യുന്നത്. ഓട്ടോണമസ് കോളജുകളിലെ വിവിധ സമിതികൾ യു ജി സി മാർഗ നിർദ്ദേശങ്ങൾ പ്രകാരം രൂപീകരിക്കണമെന്നു പറയുന്ന അതേ ശ്വാസത്തിൽ തന്നെ അദ്ധ്യാപകരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന തരത്തിലുള്ള പരസ്പര വിരുദ്ധമായ പ്രസ്താവനകളും റിപ്പോർട്ടിൽ ഉണ്ട്.

സ്വാശ്രയ കോളജുകൾക്ക് സ്വയംഭരണ പദവി നൽകാതിരിക്കുന്നത് യുക്തിരഹിതമാണെന്നു സ്വയംഭരണത്തിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് വിരുദ്ധവുമാണെന്നും പറയുന്ന മാധവമേനോൻ കമ്മിററി റിപ്പോർട്ട് എന്നാൽ അതിൻെറ അവസാനഭാഗത്ത് യു ജി സി മാർഗ നിർദ്ദേശങ്ങൾ പ്രകാരം സ്വാശ്രയ കോളജുകൾക്ക് സ്വയംഭരണത്തിന് അർഹതയില്ലെന്ന് പറയുന്നു. എന്നാൽ യു ജി സി മാർഗനിർദ്ദേശങ്ങൾ വളരെ വ്യക്തമായി പറയുന്നത് പത്ത് വർഷം പൂർത്തിയായ സ്വാശ്രയ കോളജുകൾക്ക് സ്വയംഭരണത്തിന് അപേക്ഷിക്കാമെന്നാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു വൻഅഴിച്ചു പണിക്ക് മുന്നോടിയായി തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഇത്തരം വൈരുധ്യങ്ങൾ എന്ന് പ്രത്യേകം ഓർമിക്കേണ്ടതാണ്. യു ജി സി മാർഗരേഖയെ അവലംബിച്ചു കൊണ്ടുള്ള ചില നിരീക്ഷണങ്ങളും, നന്നായി നടക്കുന്നു എന്നു കമ്മിററി കണ്ടെത്തിയ ഒരു പ്രത്യേക ഓട്ടോണമസ് കോളജിനെക്കുറിച്ചുള്ള കേസ് സ്റ്റഡിയുമല്ലാതെ ഗൗരവതരമായ യാതൊരു പഠനവും കമ്മിററി നടത്തിയതായി റിപ്പോർട്ടിൽ കാണാനില്ല എന്നതാണ് യാഥാർത്ഥ്യം.

പ്രഖ്യാപിതങ്ങളായ ലക്ഷ്യങ്ങൾ ഏട്ടിൽ ഒതുങ്ങുകയും അപ്രഖ്യാപിതവും ഒരുപക്ഷേ തീർത്തും അവിചാരിതവുമായ പുതിയ പ്രശ്നങ്ങൾ രംഗം കൈയ്യടക്കുകയും ചെയ്യുന്നതാണ് വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങളുടെ നടപ്പുരീതി. രണ്ട് സ്വാശ്രയ കോളജ് = ഒരു ഗവൺമെൻറ് കോളജ് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി ആരംഭിച്ച സ്വാശ്രയ കോളജുകൾക്ക് പിന്നീടെന്തു സംഭവിച്ചു എന്ന് നാം കണ്ടതാണ്. അതുപോലെ തന്നെ ഓട്ടോണമസ് കോളജ് ഏതുതരം മാനേജ്മെൻറ് ഭസ്മാസുരന്മാരെയാണ് സൃഷ്ടിക്കുക എന്ന് തിരിച്ചറിയാൻ വലിയ ദീർഘവീക്ഷണം ഒന്നും ആവശ്യമില്ല. ഓട്ടോണമസ് കോളജുകളെ സംബന്ധിച്ചിടത്തോളം കേരളത്തിലെ സർവ്വകലാശാലകൾ കേവലം നോക്കുകുത്തിയായി മാറുകയും സർവ്വകലാശാലകളുടെ സാന്നിധ്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സമൂഹം അനുഭവിച്ചു വന്ന ജനാധിപത്യ അവകാശങ്ങളും സേവന വേതന സുരക്ഷിതത്വങ്ങളും ഇല്ലാതാവുകയും ചെയ്യും. നിലവിൽ സർവ്വകലാശാലകളും സർക്കാരും അനുഭവിച്ചു വരുന്ന വിവിധ അധികാരങ്ങൾ കോളജ് ഗവേർണിംഗ് ബോഡി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന മാനേജ്മെൻറ് സമിതിയിൽ ലയിച്ചടങ്ങുകയും അദ്ധ്യാപകരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രാതിനിധ്യം ഒരിടത്തും ഇല്ലാതാവുകയും ചെയ്യും. നിലവിൽ സർവ്വകലാശാലാ അക്കാദമിക് സമിതികൾക്കുമേൽ സർവ്വകലാശാലാ ഭരണസമിതിക്കുള്ളതിനേക്കാൾ അധികാരം പുതിയ മാർഗരേഖയിൽ കോളജ് അക്കാദമിക് സമിതിക്കു മേൽ കോളജ് ഭരണ സമിതിക്കുണ്ട്. തിരഞ്ഞെടുക്കപ്പെട്ട വേദികൾ ഇല്ലാതാകുന്നതോടെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രതിനിധാനം ഭരണസമിതികളിൽ ഇല്ലാതാവുകയും തീർത്തും അനാവശ്യവും ഒഴിവാക്കാനാവുന്നതുമായ ഏററുമുട്ടലുകളിൽ കുരുങ്ങി ഉന്നത വിദ്യാഭ്യാസ രംഗം കലുഷിതമാവുകയും ചെയ്യും. ഒട്ടനവധി സമരങ്ങളുടെയും സന്ധിസംഭാഷണങ്ങളുടെയും ഫലമായുണ്ടായ വ്യവസ്ഥകളാണ് ഒററയടിക്ക് ഓട്ടോണമസ് കോളജുകളിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഇല്ലാതാകാൻ പോകുന്നത്. കോളജ് യൂണിയൻ, കോളജ് കൗൺസിൽ തുടങ്ങിയ പൊതുവേദികൾ ഇല്ലാതാവുകയും നാമനിർദ്ദേശം ചെയ്യപ്പെട്ട സമിതികൾ നിലവിൽ വരികയും ചെയ്യും. കോളജു

കൾ തമ്മിൽ തീർത്തും അനാരോഗ്യകരമായ മൽസരങ്ങൾ നടക്കാനുള്ള സാധ്യതകൾ ഏറെയാണ്. വ്യക്തമായ വ്യവസ്ഥകളുടെ അഭാവത്തിൽ മൂല്യനിർണ്ണയത്തിലും ഫല നിർണ്ണയത്തിലും വ്യക്തിനിഷ്ഠമായ മാനദണ്ഡങ്ങൾ കടന്നു വരാനുള്ള സാധ്യതകൾ ഉണ്ട്.

വിജ്ഞാന ഉൽപ്പാദനവും ജനാധിപത്യവും തമ്മിൽ അൽപം സങ്കീർണവും ഗാഢവുമായ ബന്ധം ഉണ്ട്. കൂടുതൽ ജനാധിപത്യപരമായ വ്യവസ്ഥകളും ആരോഗ്യകരമായ സംവാദ മണ്ഡലങ്ങളും ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമാണ്. വിജ്ഞാനം എന്നത് സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൻെറ ഒരു ഉൽപന്നം കൂടിയാണല്ലോ? ധീരമായ പുതിയ ചോദ്യങ്ങളും അവയ്ക്ക് ഉത്തരങ്ങൾ കണ്ടെത്താനുള്ള കൂടുതൽ ധീരമായ ശ്രമങ്ങളും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കേണ്ടതായിട്ടുണ്ട്. അതിലൂടെ മാത്രമേ ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണമേന്മ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ജാതി/ മത സംഘടനകൾ നിയന്ത്രിക്കുന്ന കോളജുകളിൽ ഇന്ന് ഇത്തരം വിജ്ഞാനോന്മുഖമായ പ്രവർത്തനങ്ങൾ പേരിനെങ്കിലും നടക്കുന്നുണ്ടെങ്കിൽ അതിന് കേരളം നന്ദിപറയേണ്ടത് സർവ്വകലാശാലാ നിയങ്ങളിലൂടെ അക്കാദമിക് സമൂഹത്തിന് അൽപമെങ്കിലും പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ച വിദ്യാഭ്യാസ വിചക്ഷണന്മാരോടും അതിലേക്ക് അവരെ എത്തിച്ച അധ്യാപക / വിദ്യാർത്ഥി സംഘടനകളോടുമാണ്. അഭിപ്രായ സ്വാതന്ത്ര്യം പ്രകടിപ്പിക്കുന്നവരും പുതിയ ചോദ്യങ്ങൾ ഉന്നയിക്കുന്നവരും ക്രൂശിക്കപ്പെടുന്ന, തീർത്തും പ്രാകൃതമായ പഴയ സംവിധാനങ്ങൾ മടങ്ങിവരാനുള്ള സാധ്യതകൾ ഇപ്പോൾ പുനഃസൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്.

യഥാർത്ഥത്തിൽ സ്റ്റേറ്റ്സർവ്വകലാശാലകളുടെയും കോളജുകളുടെയും പിന്നോക്കാവസ്ഥയ്ക്ക് കാരണം എന്താണ്? തുല്യതയും പ്രാപ്യതയും ഉറപ്പുവരുത്തിക്കൊണ്ട് ഗുണനിലവാരത്തിൻെറ കാര്യത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കുന്നതിൽ നിന്നും നമ്മുടെ സർവ്വകലാശാലകളെയും കോളജുകളെയും തടയുന്ന പ്രധാനഘടകമെന്താണ്. ഈ പ്രശ്നം കേന്ദ്ര ആസൂത്രണ ബോർഡ് പുറത്തിറക്കിയ 12-ാം പദ്ധതി സമീപനരേഖ വിശദമായി പരിശോധിക്കുകയും ഉത്തരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. ആകെ വേണ്ടതിൻെറ പകുതി അധ്യാപകരെപ്പോലും നിയമിക്കാൻ സാധിക്കാത്ത രീതിയിൽ, പുതിയ പദ്ധതികൾ ആവിഷ്കരിക്കാനോ നടപ്പിലാക്കാനോ കഴിയാത്ത തരത്തിൽ കടുത്ത സാമ്പത്തിക പ്രയാസം ഇത്തരം സ്ഥാപനങ്ങൾ അനുഭവിക്കുന്നുണ്ട് എന്നാണ് സമീപനരേഖ അഭിപ്രായപ്പെടുന്നത്. കഴിഞ്ഞ എൽ. ഡി. എഫ് സർക്കാർ ഏതാണ്ട് 1500 ഓളം അധ്യാപക തസ്തികകൾക്ക് നിയമനാനുമതി നൽകി കോളേജുകളിൽ സ്ഥിര അധ്യാപക നിയമനത്തിന് വഴിയൊരുക്കുന്നതിന് മുൻപേ കേരളത്തിലെ കോളജുകളുടെ അവസ്ഥയെന്തായിരുന്നു എന്ന് നന്നായി അനുഭവിച്ചറിഞ്ഞവരാണ് കേരളത്തിലെ ഗവൺമെൻറ്/ എയ്ഡഡ് കോളജ് അധ്യാപകരും വിദ്യാർത്ഥികളും. അധ്യാപകനിയമനം പോലുള്ള കാര്യങ്ങളിൽ തീർത്തും പ്രതികൂലമായ നിലപാട് സ്വീകരിക്കുന്ന, നിയമിക്കപ്പെടുന്ന അധ്യാപകർക്ക് ശമ്പളം നിഷേധിക്കാൻ കാരണങ്ങൾ നിരന്തരം അന്വേഷിച്ചു നടക്കുന്ന ഇപ്പോഴത്തെ സർക്കാർ ഒരു ഓട്ടോണമസ് കോളജിൻെറ നടത്തിപ്പിന് ആവശ്യമായ ഭീമമായ ഫണ്ട് കൃത്യമായി അനുവദിച്ചുതരും എന്ന കരുതാൻ യാതൊരു നിർവ്വാഹവുമില്ല. ഓരോ കോളജും ഓരോ സർവ്വകലാശാലയായി മാറും എന്നൊക്കെയുള്ള ഗീർവാണങ്ങൾ പഴയ സ്വാശ്രയ കോളജിനെയും ഗവൺമെൻറ് കോളജിനെയും ചേർത്തുള്ള സമവാക്യംപോലെ ഒരു വലിയ ദിവാസ്വപ്നമായി അവശേഷിക്കും.

വിദ്യാഭ്യാസപരമായ സ്വയംഭരണം കോളജുകൾക്ക് അനുവദിക്കുന്നതിന് ആരെങ്കിലും എതിരു നിൽക്കും എന്ന് തോന്നുന്നില്ല. പക്ഷേ ഈ വിഷയത്തിലുള്ള പൊതുസമ്മതി ദുരുപയോഗം ചെയ്തുകൊണ്ട് കപട സ്വയംഭരണ കോളജുകൾ ആരംഭിക്കാനാണ് ഇപ്പോൾ ശ്രമം നടക്കുന്നത്. ഗൗരവതരങ്ങളായ പ്രശ്നങ്ങളെ പരാമർശിക്കാൻപോലും കൂട്ടാക്കാതെ തികഞ്ഞ ലാഘവബുദ്ധിയോടെ നടപ്പിലാക്കുന്ന ഇത്തരം പരിപാടികളുടെ ഭാരവും ഭാവിയിൽ കേരളത്തിലെ അക്കാദമിക് സമൂഹവും പൊതുസമൂഹവും ഏറ്റെടുക്കേണ്ടിവരും എന്നുള്ളതുകൊണ്ട് ഈ തീരുമാനത്തെ എതിർത്തു പരാജയപ്പെടുത്തേണ്ടതായിട്ടുണ്ട്. അത്തരം സമരസംഘടനാ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ആവേശവും പകരുന്ന രീതിയിലുള്ള പഠനങ്ങളും ചർച്ചകളും കേരളത്തിൽ നടക്കേണ്ടതായുണ്ട്. അതിൻെറ ഒരു തുടക്കമെന്ന രീതിയിൽ കേരളത്തിൽ ഓട്ടോണമസ് കോളജുകൾ തുടങ്ങാനുള്ള യു.ഡി.എഫ് സർക്കാരിൻെറ തീരുമാനത്തെ വിമർശനാത്മകമായി വിശകലനം ചെയ്യുന്ന ഈ സമീപനരേഖ വിദ്യാഭ്യാസ സമൂഹത്തിന് സമർപ്പിക്കുന്നു

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2013 -14 വർഷത്തെ മെമ്പർഷിപ്പ് തുക
2013 ആഗസ്റ്റ് 31 നു മുമ്പ് സംസ്ഥാന ട്രഷററെ നേരിട്ടോ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ
എത്തിക്കേണ്ടതാണ്.

ട്രഷററുടെ മേൽവിലാസം
**പ്രൊഫ. ആർ.മോഹനകൃഷ്ണൻ**
ടി.സി.10/1967 (2), കെ.ആർ.ഡബ്ല്യു.എ -70
ശിവാരം, വട്ടിയൂർക്കാവ്, തിരുവനന്തപുരം -695013
**മൊബൈൽ: 9497592458**

# സ്വയംഭരണ കോളജുകൾ
# പ്രതികരണങ്ങൾ/ പ്രതിഷേധങ്ങൾ



സ്വകാര്യ സ്വാർത്ഥ ലാഭ താല്പര്യങ്ങൾ കൊടികുത്തി വാഴുന്ന കേരളത്തിന്റെ ഇന്നത്തെ വിദ്യാഭ്യാസ സാഹചര്യത്തിൽ ഓട്ടോണമസ് കോളജുകളെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയില്ല. വിദ്യാഭ്യാസത്തിന്റെ പവിത്രതയും ഉന്നതമൂല്യങ്ങളും ഇതോടെ തകർന്ന് തരിപ്പണമാവുകയാവും ഫലം. അതിനാൽ ഒരു രീതിയിലും ഓട്ടോണമസ് കോളജുകളുടെ വരവിനെ അംഗീകരിക്കാൻ കഴിയില്ല.

**ഒ.എൻ.വി കുറുപ്പ്**



ഇപ്പോൾ കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സ്വയംഭരണ കോളജുകൾ തുടങ്ങുതിനുള്ള തീരുമാനത്തിന്റെ ആത്യന്തിക ലക്ഷ്യം ബിരുദവിൽപന തന്നെയാണ്. വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ എന്നിവർ ഉൾപ്പെടെയുള്ള പൊതുസമൂഹം ഒന്നടങ്കം ഇതിനെതിരെ അതിശക്തമായ സമരപരിപാടികൾ ഏറ്റെടുക്കേണ്ടതാണ്.

**ബേബിജോൺ**
*സാംസ്കാരിക പ്രവർത്തകൻ*
*സി. പി.ഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം.*



എല്ലാവർക്കും വിദ്യാഭ്യാസമെന്ന ഭരണഘടനാനുസൃതമായ കാഴ്ചപ്പാടിന് വിരുദ്ധമാണ് ഓട്ടോണമസ് കോളജുകൾ. മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെടുന്ന സ്ഥാപനങ്ങളിൽ പഠിക്കാനുള്ള അവസരം ഇല്ലാതാകും. വിവിധ മേഖലകളിലുള്ള കേരളത്തിന്റെ പുരോഗമനപരമായ പശ്ചാത്തലങ്ങളിൽ നിന്നുള്ള തിരിച്ചുപോക്കായിരിക്കും ഓട്ടോണമസ് കോളജുകളിലൂടെ വരാൻ പോകുന്നത്. വിദ്യാഭ്യാസരംഗത്ത് ഇത് ഒരു വൻ ദുരന്തത്തിന് വഴിയൊരുക്കും.

**എം.കെ.പ്രേമജം**
*മുൻ എം.പി*

Autonomy in the Indian experience is a complete failure and it should be stopped by all means. In Tamilnadu, our experience with autonomy is very painful. It has completely compromised on the quality and stake holders are getting cheated mutually.

**C. Selvaraj**
*Govt. College Teachers Mantram*



സ്വയംഭരണം എന്ന ആശയം നല്ലതാണെന്ന് പണ്ടു ഞാൻ കരുതിയിരുന്നു. അങ്ങനെ കരുതാൻ കാരണമുണ്ട്. പഠിപ്പിക്കുന്ന അധ്യാപകരും പഠിക്കുന്ന വിദ്യാർത്ഥികളും ചേർന്ന് ലോകവിജ്ഞാന വഴികളിലെ വളർച്ചയ്ക്ക് അനുസരിച്ച് പാഠ്യപദ്ധതിയും അധ്യാപന സമ്പ്രദായവും കാലാനുസരണം പരിഷ്കരിക്കുന്നതിന് സ്വയംഭരണം എന്ന ആശയം സഹായിക്കുമെന്നായിരുന്നു എന്റെ സങ്കല്പം. ആ സങ്കല്പത്തെ ഇപ്പോഴത്തെ മാർഗനിർദ്ദേശം പൂർണമായും തകർത്തിരിക്കുന്നു. ആദായമോഹികളും രക്തദാഹികളുമായ മാനേജ്മെന്റുകളുടെ ക്രൂരമായ നഖങ്ങൾ കൊണ്ട് മുറിവേൽപ്പിക്കാൻ പററിയ പാകത്തിലാണ് ഈ നിർദ്ദേശം രൂപംപ്രാപിച്ചിട്ടുള്ളത്. വിദ്യയുടെ വിശുദ്ധിയേയും അധ്യാപകവൃത്തിയുടെ മഹത്വത്തേയും വിദ്യാലയം സരസ്വതി ക്ഷേത്രമാണെന്ന സങ്കല്പത്തേയും പാടെ നിഷേധിക്കുന്ന ആദായമോഹത്തിന്റെ ക്രൗര്യമാണ് ഇപ്പോഴുള്ള നിർദ്ദേശത്തിൽ ഞാൻ കാണുന്നത്.

**എം.കെ.സാനു**




ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ എയ്ഡഡ് കോളജുകളെ അപേക്ഷിച്ച് കേരളത്തിലെ എയ്ഡഡ് കോളജുകൾ 100% സർക്കാർ എയ്ഡോഡുകൂടിയാണ് പ്രവർത്തിക്കുന്നത്. എന്നിട്ടും ഇവിടുത്തെ മാനേജ്മെന്റുകൾ സ്വീകരിക്കുന്ന നിലപാടുകൾ മിക്കപ്പോഴും സാമൂഹ്യ നീതിയ്ക്ക് നിരക്കുന്നതല്ല. അക്കാദമിക രംഗത്തെ സത്യസന്ധത തകർക്കപ്പെടുമെന്നു മാത്രമല്ല, സ്വാതന്ത്ര്യപൂർവകാലത്തോ രാജഭരണ കാലത്തോ ഉണ്ടായിരുന്ന വിദ്യാഭ്യാസ നീതിബോധം പോലും ഇവിടെ നിഷേധിക്കപ്പെടുമെന്നു ഓർക്കേണ്ടതാണ്.

**കെ. എൻ. ബാലഗോപാൽ എം. പി**




Among all the states in India, Tamil Nadu has the highest number of autonomous colleges. Though they are called autonomous colleges, the teachers in these colleges do not have any acadamic autonomy and are treated very badly in most of them. Students are denied even basic democratic rights. How can there be autonomy in the absence of democracy? Autonomy might have made the managements richer, but, definitely the quality of education has come down.

**Prof. James Williams**
*Former President of AIFUCTO*
*മുൻ വൈസ് പ്രസിഡന്റ്, വേൾഡ് ഫെഡറേഷൻ ഓഫ് ടീച്ചേഴ്സ് യൂണിയൻസ്*



സിലബസ്സും പാഠ്യപദ്ധതിയും രൂപീകരിക്കാനും വിദ്യാർത്ഥികളെ വിലയിരുത്താനുമുള്ള അവകാശം അദ്ധ്യാപക സമൂഹത്തിന് നൽകുന്നതിനാണ് അക്കാദമിക് ഓട്ടോണമി എന്ന് പറയുന്നത്. ഇത് ലോകമെമ്പാടും ഉന്നതവിദ്യാഭ്യാസ രംഗത്ത് അംഗീകരിക്കപ്പെട്ട ഒരു മാതൃകയാണ്. എന്നാൽ ഇവിടെ സ്വയംഭരണം നൽകേണ്ടത് അക്കാദമിക് സമൂഹത്തിനാണെന്നും അല്ലാതെ മാനേജ്മെന്റിനല്ല എന്നും എടുത്ത് പറയേണ്ടതായുണ്ട്.

**ആർ.വി.ജി.മേനോൻ**




ഓട്ടോണമസ് കോളജുകൾ കേരള സാഹചര്യത്തിൽ അപ്രായോഗികമാണെന്ന അഭിപ്രായം കക്ഷിരാഷ്ട്രീയഭേദമെന്യേ നിലനില്ക്കുന്നതുകൊണ്ടാണ് കാൽനൂററാണ്ടിനു മുൻപ്, ഇന്ത്യയിലെ ചില പ്രദേശങ്ങളിലാരംഭിച്ച ഓട്ടോണമസ് കോളജുകൾ കേരളത്തിൽ ഇതുവരെയും കടന്നുവരാതിരുന്നത്. സ്വയംഭരണാവകാശം ആർക്കെന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

**സി. പി. നാരായണൻ. എം. പി**



കോഴ്സുകളുടെ ഡിസൈനിംഗും ബോധന മൂല്യനിർണ്ണയ രൂപങ്ങളും സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് നടത്തണമെന്ന് ഓട്ടോണമസ് കോളജ് മാനേജ്മെന്റുകൾ ശാഠ്യംപിടിക്കും. അവിടെ അക്കാദമിക് ഓട്ടോണമിക്ക് ഒരു പ്രസക്തിയും ഉണ്ടാവില്ല അദ്ധ്യാപകർ മാനേജ്മെന്റ് താല്പര്യമനുസരിച്ച് പ്രവർത്തിക്കേണ്ടി വരുന്ന തൊഴിലാളികളും വിദ്യാർത്ഥികൾ ഇതേ താല്പര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുന്ന ഉല്പന്നങ്ങളുമായി മാറും.

**കെ. എൻ. ഗണേശ്**



കെ എസ് ആർ വ്യവസ്ഥകളുടെ സംരക്ഷണം അദ്ധ്യാപകർക്ക് ഇല്ലാതാകുന്നതോടെ ഡയറക്ട് പേമെന്റ് കരാറിൽ നിന്നും സർക്കാർ പിൻവാങ്ങുകയും ചെയ്യും. ഇതിന് അവസരം ഒരുക്കാൻ വേണ്ടി മാത്രമാണ് സംസ്ഥാന സർക്കാർ ഇതിന് മുൻപ് പല പ്രാവശ്യം പരിഗണിച്ച് തള്ളിക്കളഞ്ഞ ഓട്ടോണമസ് കോളജുകളുമായി ഇപ്പോൾ രംഗപ്രവേശം ചെയ്തിരിക്കുന്നത്

**പ്രൊഫ. വി. നാരായണൻ കുട്ടി**
*മുൻ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എ കെ പി സി ടി എ*



**കേ**രളം വളരെ മുന്നേ തന്നെ പരിശോധിച്ചു ചവററുകുട്ടയിൽ തള്ളിയ ഓട്ടോണമസ് കോളജുകൾ എന്ന നിർദേശം ഇപ്പോൾ പുറത്തെടുത്തിരിക്കുന്നത്, കച്ചവട താൽപര്യങ്ങൾ നടപ്പിലാകുമോ എന്ന് നോക്കാൻ മാത്രമാണ്. കൂടുതൽ ചെറുപ്പക്കാരെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ആകർഷിക്കാൻ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളാണ് ആരംഭിക്കേണ്ടത്. അല്ലാതെ ഓട്ടോണമസ് എന്ന ഓമനപ്പേരുള്ള സ്വാശ്രയ സ്ഥാപനങ്ങൾ അല്ല.

**ഡോ. എൻ. എ. കരീം**
*മുൻ പ്രൊ വൈസ് ചാൻസലർ*
*കേരള സർവ്വകലാശാല*



**ഓ**ട്ടോണമി എന്നാൽ സ്വാതന്ത്ര്യം നൽകൽ എന്നാണ് ഞാൻ മനസ്സിലാക്കുന്ന അർത്ഥം. ഈ സ്വാതന്ത്ര്യം ആർക്കാണ് നൽകുന്നത് എന്നതാണ് പ്രധാനം. കുട്ടികളുടെ ഭാവി നിർണ്ണയിക്കാനുള്ള സ്വാതന്ത്ര്യം മാനേജ്മെൻറുകൾക്കാണ് നൽകുന്നതെങ്കിൽ കേരളത്തിലേതു പോലെ ഇത്രമാത്രം കറപ്ററ് ആയ മാനേജ്മെൻറുകൾ ആ സ്വാതന്ത്ര്യം അർഹിക്കുന്നില്ല.

**പ്രൊഫ.എം.തോമസ് മാത്യു**



**സ**ർവ്വകലാശാലകൾക്ക് പോലും സ്വയംഭരണം അനുവദിച്ചുകൊടുക്കാത്ത യു ഡി എഫ് സർക്കാർ കോളജുകളുടെ സ്വയംഭരണം എന്ന വിഷയം ഉയർത്തിക്കൊണ്ടു വരുന്നത് തികഞ്ഞ കാപട്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗം സമ്പൂർണമായി സ്വകാര്യവൽക്കരിക്കാനും കച്ചവടവൽക്കരിക്കാനുമുള്ള ശ്രമത്തിൻെറ ഭാഗമായി വിദ്യാർത്ഥികളെയും പൊതുജനങ്ങളെ തന്നെ ചൂഷണം ചെയ്യാനുള്ള ലൈസൻസ് ഇതുവഴി സ്വകാര്യ മാനേജ്മെൻറുകൾക്ക് ലഭിക്കും. ഈ തീരുമാനത്തിനെതിരേ മുഴുവൻ ജനവിഭാഗങ്ങളും ഒററക്കെട്ടായി അണിനിരക്കും

**പി. രാജേന്ദ്രൻ എക്സ് എം.പി**
*മുൻ കേരള സർവ്വകലാശാല*
*സിൻഡിക്കേററ് അംഗം*



**കേ**രള സമൂഹം വിദ്യാഭ്യാസരംഗത്ത് നാളിതുവരെ കൈവരിച്ച നേട്ടങ്ങളെ അട്ടിമറിക്കുന്നതാണ് യു. ഡി. എഫ് സർക്കാർ മുന്നോട്ടുവയ്ക്കുന്ന സ്വയംഭരണ പരിഷ്കാരം. നമ്മുടെ നാട്ടിലെ പാവപ്പെട്ട വിദ്യാർത്ഥികൾ വിജ്ഞാനോൽപ്പാദന വിതരണ പ്രക്രിയയിൽ നിന്ന് ആട്ടി അകററപ്പെടുകയും വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതി പൂർണ്ണമായും ഇല്ലാതാവുകയും ചെയ്യും.

**പ്രൊഫ. വി. എൻ. മുരളി**



**ഗ**വൺമെൻറ്/ എയിഡഡ് കോളജുകളിലും സ്വാശ്രയ കോളജുകളിലും നിലനിൽക്കുന്ന സാഹചര്യങ്ങൾ തീർത്തും വ്യത്യസ്തങ്ങളാണ്. ഇവയെ വ്യത്യസ്തമായി കാണാതെ സ്വയംഭരണം നൽകാൻ ശ്രമിക്കുന്നവർ അക്കാദമിക് സ്വയംഭരണമല്ല മറിച്ച് സാമ്പത്തിക സ്വയംഭരണമാണ് ലക്ഷ്യമിടുന്നത്. സ്വാശ്രയ കോളജുകൾക്ക് സ്വയംഭരണം നൽകുന്നത് കച്ചവടവൽക്കരണത്തിന് കൂട്ടുനിൽക്കലാണ്. ഏതൊക്കെ മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് സ്വയംഭരണത്തിനായി സ്വാശ്രയ കോളജുകളെ വിലയിരുത്തുന്നതെന്ന് ഇവർ വ്യക്തമാക്കേണ്ടതാണ്.

**നൈനാൻകോശി**
രാഷ്ട്രീയ ചിന്തകൻ



**സ**ർക്കാരിൻെറയും സർവ്വകലാശാലകളുടെയും അധികാരങ്ങൾ സ്വയംഭരണ കോളജുകൾ ഏറെറടുക്കുന്നതോടു കൂടി ഇത്തരം കോളജുകളുടെ നടത്തിപ്പു ചിലവ് വൻതോതിൽ വർദ്ധിക്കും. ഇവയിൽ തികഞ്ഞ കച്ചവട സ്വഭാവം പ്രകടിപ്പിക്കുന്ന കോളജുകൾ കാലക്രമേണ സ്വയംഭരണ കോളജുകളായി മാറുകയും മററുള്ളവ അതിജീവിക്കാനാവാതെ അടച്ചുപൂട്ടുകയും ചെയ്യും. അതുകൊണ്ടു തന്നെ ഓട്ടോണമസ് കോളജുകൾ ഇന്ത്യൻ സാഹചര്യങ്ങളിൽ പ്രസക്തമായ ഒരു നിർദ്ദേശമേ അല്ല.

**ഡോ. കെ.കെ.എൻ.കുറുപ്പ്**
*മുൻ വൈസ് ചാൻസലർ*
*കോഴിക്കോട് സർവ്വകലാശാല*



**ദേ**ശീയ തലത്തിൽ തന്നെ അംഗീകരിച്ചിട്ടുള്ള കരിക്കുലം പരിഷ്കാരം പോലും കേരളത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറ നേതൃത്വത്തിൽ വികലമാക്കിക്കൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ അക്കാദമിക് സ്വയംഭരണം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിലൂടെ മാത്രമേ സാധ്യമാവു. കോളജുകളുടെ സ്വയം ഭരണം എന്ന് കേരള സർക്കാർ ഇപ്പോൾ വിവക്ഷിക്കുന്നത് സ്വകാര്യ മാനേജ്മെൻറുകളുടെ താൽപര്യ സംരക്ഷണത്തിനുള്ള ഒരു സംവിധാനം മാത്രമാണ്.

**ഡോ. രാജൻ വർഗീസ്**
*മുൻ പ്രോ വൈസ് ചാൻസലർ*
*മഹാത്മാ ഗാന്ധി സർവ്വകലാശാല*



**പ**ടിപടിയായി കേരളത്തിലെ ഗവൺമെൻറ്/ എയിഡഡ് കോളജുകളെ ഇല്ലാതാക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമമായിട്ടാണ് ഓട്ടോണമസ് കോളജുകളുടെ വരവിനെ കാണേണ്ടത്. ഇപ്പോൾ തന്നെ സ്വാശ്രയ കോളജുകൾക്ക് മേൽക്കൈ വന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസം പൂർണ്ണമായും സ്വകാര്യവൽക്കരിക്കാനായിരിക്കും ഈ സമീപനം സഹായിക്കുക.

**കെ.ടി.ജലീൽ എം.എൽ. എ**



**ഉ**ന്നതവിദ്യാഭ്യാസരംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വയംഭരണ കോളജുകൾ പര്യാപ്തമാണോ എന്നതാണ് കാതലായ പ്രശ്നം. അടിസ്ഥാനപരമായി സ്വയംഭരണ കോളജുകൾ വിദ്യാഭ്യാസരംഗത്ത് മുന്നോട്ടുവയ്ക്കുന്നത് ഒരു മത്സരാധിഷ്ഠിത മാതൃകയാണ്. അമിതഭാരം പേറുന്ന സർവ്വകലാശാലകൾക്ക് പകരം സഹകരണാധിഷ്ഠിതവും, വിഭവങ്ങൾ പങ്കിട്ട് ഉപയോഗിക്കുന്നതുമായ വിജ്ഞാന ഉൽപാദന മാതൃകകൾ ആണ് നമുക്കാവശ്യം. ഈ സാഹചര്യത്തിൽ കേന്ദ്ര ആസൂത്രണ ബോർഡിൻെറ 12-ാം പദ്ധതി സമീപനരേഖ വിഭാവനം ചെയ്യുന്ന ക്ലസ്ററർ കോളജ് മൾട്ടി കാമ്പസ് യൂണിവേഴ്സിററികളും ജില്ലാ അടിസ്ഥാനത്തിലുള്ള ചെറു സർവകലാശാലകളും വിശദമായി ചർച്ച ചെയ്യപ്പെടേണ്ട മാതൃകകളാണ്.

**പ്രൊഫ. തോമസ് ജോസഫ്**
*ഐഫക്ടോ മുൻ പ്രസിഡൻറ്, മുൻ*
*മെമ്പർ സെക്രട്ടറി,*
*കേരള സ്റ്റേററ് ഹയർ എഡ്യൂക്കേഷൻ*
*കൗൺസിൽ*



**കോ**ളജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾക്ക് സംരക്ഷണം നൽകുന്ന സർവ്വകലാശാല നിയമ വഴികൾ അദ്ധ്യാപകർ പതിററാണ്ടുകൾ നീണ്ടുനിന്ന സമരങ്ങളിലൂടെ നേടിയെടുത്തതാണ്. ഓട്ടോണമസ് കോളജുകളിലെ അദ്ധ്യാപകർക്ക് ഇത്തരം വ്യവസ്ഥാപിതമായ സുരക്ഷിതത്വം ഇല്ലാതാവുകയും അവർ തികഞ്ഞ അരക്ഷിതാവസ്ഥയിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യും. ഇത് അക്കാദമിക് രംഗത്തെ തീർത്തും പ്രതികൂലമായി ബാധിക്കും എന്ന കാര്യം നിസ്തർക്കമാണ്.

**പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ**
*മുൻ ജനറൽ സെക്രട്ടറി, എകെപിസിടിഎ*
*മുൻ സിൻഡിക്കേററ് മെമ്പർ, കേരള*
*സർവ്വകലാശാല*



# സ്വയംഭരണ കോളജുകൾ
## പ്രതികരണങ്ങൾ/ പ്രതിഷേധങ്ങൾ



വിദ്യ കൊണ്ടു പ്രബുദ്ധരാവുക സംഘടന കൊണ്ടു ശക്തരാവുക എന്നു പ്രഖ്യാപിച്ചു കൊണ്ടു നവോത്ഥാന സങ്കല്പങ്ങൾ മുന്നോട്ടു വച്ച വിദ്യാഭ്യാസത്തിൻെറ അടിസ്ഥാന മൂല്യങ്ങൾ ഒന്നൊന്നായി വെട്ടിവീഴ്ത്തപ്പെടുകയായിരിക്കും ഫലം. പ്രബുദ്ധതയ്ക്കു പകരം ലാഭവും അന്വേഷണങ്ങൾക്കു പകരം സൂത്രവാക്യങ്ങളും മേൽക്കോയ്മ നേടുന്ന ഈ വ്യവസ്ഥയെ എന്തുവിലകൊടുത്തും, അഭിപ്രായ വ്യത്യാസങ്ങൾ മാററിവച്ച് മുഴുവൻ ജനാധിപത്യ വിശ്വാസികളും എതിർത്ത് പരാജയപ്പെടുത്തേണ്ടതുണ്ട്

**കെ.ഇ.എൻ**



ഓട്ടോണമസ് കോളജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കേണ്ടത് കോളജുകളിൽ രൂപീകരിക്കുന്ന അക്കാദമിക് കൗൺസിലും തിരുമാനം എടുക്കേണ്ടത് മാനേജ്മെൻറിന് മൃഗീയ ഭൂരിപക്ഷം ഉള്ള ഗവേണിംഗ് ബോഡിയുമാണ്. ഇത് പിന്നോക്ക വിഭാഗക്കാർക്കുള്ള സംവരണവും, മെറിററ് അടിസ്ഥാനപ്പെടുത്തിയുള്ള പ്രവേശനവുമടക്കമുള്ള സാമൂഹ്യനീതിയുമായും ഗുണമേൻമയുമായും ബന്ധപ്പെട്ട നിലവിലുള്ള പ്രവേശന മാനദണ്ഡങ്ങൾ അട്ടിമറിക്കപ്പെടുന്നതിന് ഇടയാക്കും. അതുകൊണ്ട് തന്നെ ഓട്ടോണമസ് കോളജുകളുടെ കേരളത്തിലേക്കുള്ള കടന്നുവരവ് എന്തു വിലകൊടുത്തും ചെറുക്കപ്പെടേണ്ടതാണ്

**ഡോ. വി. ശിവദാസൻ**
*എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡൻറ്*



കേരളത്തിൽ നിലവിലുള്ള സാഹചര്യത്തിൽ സ്വാശ്രയകേന്ദ്രങ്ങൾക്ക് സ്വയംഭരണ പദവി നൽകുന്നത് തികച്ചും അപകടകരമായ സ്ഥിതിവിശേഷം സൃഷ്ടിക്കും. അത്തരം സ്ഥാപനങ്ങൾ കേരള വിദ്യാഭ്യാസമേഖലയിലെ സ്വതന്ത്രപരമാധികാരകേന്ദ്രങ്ങളായി മാറും. നാളിതുവരെ കേരള സമൂഹം നേടിയെടുത്ത വിദ്യാഭ്യാസനേട്ടങ്ങൾ ഒന്നൊന്നായി നഷ്ടപ്പെടും എന്നുള്ളതായിരിക്കും ഇതിൻെറ ആത്യന്തികഫലം.

**അഡ്വ. ററി. ഗീനാകുമാരി**



Many private institutions are effectively little more than teaching shops, and some are not even that as they do not bother with maintaining necessary standards. There is often little to restrain managements from all sorts of exploitative behaviour and siphoning off resources for other ends. In such a context, allowing autonomous private colleges may well be a recipe for further exploitation of both students and teachers, without furthering genuine cause of ensuring both more quantity and quality in higher education.

**Jayati Ghosh**




വേണ്ടത്ര ചർച്ചകളോ തയ്യാറെടുപ്പുകളോ നടത്താതെയാണ് സർക്കാർ, സ്വയം ഭരണ കോളജുകൾ എന്ന ആശയവുമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ സമീപിക്കുന്നത്. അക്കാദമികമായ മുൻവിധികളോ, ജാതി- മത ശക്തികളുടെ സമ്മർദ്ദങ്ങളോ ഇല്ലാത്ത മാതൃകാപരമായ ഒരു സാഹചര്യത്തിൽ മാത്രം പ്രയോഗവൽക്കരിക്കാൻ കഴിയുന്ന സ്വയം ഭരണ കോളജുകൾ വർത്തമാനകാല കേരളത്തിൽ സാധ്യമല്ല. 10 വർഷത്തിനകം തന്നെ ഇത്തരം സ്ഥാപനങ്ങൾ സമ്പൂർണ സ്വാശ്രയ കോളജുകളായി രൂപാന്തരപ്പെടുമെന്ന് സാമാന്യ യുക്തി വച്ച് മനസ്സിലാക്കാവുന്നതേയുള്ളു.

**പ്രൊഫ. സുദർശനൻ പിള്ള**
*എ.കെ.ജി.സി.ടി ജനറൽ സെക്രട്ടറി*




ഓട്ടോണമസ് കോളജുകൾ ആരംഭിക്കാനുള്ള തീരുമാനത്തിനു പിന്നിൽ യാതൊരു അക്കാദമിക് താല്പര്യവുമില്ല. അദ്ധ്യാപകരും വിദ്യാർത്ഥികളുമടങ്ങുന്ന അക്കാദമിക് സമൂഹത്തിൻെറ ഇന്നുള്ള അവകാശങ്ങൾപോലും ഇല്ലാതാവുകയായിരിക്കും ഫലം. വിദ്യാഭ്യാസരംഗത്തെ സർവ്വ ജനാധിപത്യ മൂല്യങ്ങളും കാററിൽപറത്തുന്ന ഈ തീരുമാനത്തെ എതിർത്തു തോല്പിക്കണം.

**പ്രൊഫ. സെബാസ്ററ്യൻ ആൻറണി**




യു ജി സി മാർഗനിർദേശങ്ങൾ പ്രകാരം ഓട്ടോണമസ് കോളജുകൾ തുടങ്ങിയാൽ വിദ്യാർത്ഥികളുടെ വിവിധ ഫീസുകൾ നിശ്ചയിക്കാനുള്ള അധികാരം കോളജിലെ ഗവേർണിംഗ് ബോഡിക്ക് കൈമാററം ചെയ്യപ്പെടും. മാത്രമല്ല പരീക്ഷാ ചിലവ് പൂർണമായും ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തണം എന്ന നിർദേശം കൂടി യു ജി സി മുന്നോട്ട് വയ്ക്കുന്നു. ഈ തീരുമാനങ്ങൾ നടപ്പിലാവുന്നതോടെ ഫീസുകൾ കുത്തനെ ഉയരുകയും വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള നാമമാത്രമായ തുല്യതയും പ്രാപ്യതയും അപ്രത്യക്ഷമാവുകയും ചെയ്യും. ഇത്തരം വ്യവസ്ഥകൾ അടങ്ങിയ ഓട്ടോണമസ് കോളജുകൾ വരുന്നതിനെതിരേ അതിശക്തമായ പ്രക്ഷോഭം ഉയർന്നു വരും

**എൻ. അരുൺ**
സംസ്ഥാന പ്രസിഡൻറ്, എ.ഐ.എസ്.എഫ്



അക്കാദമിക് പരിഷ്ക്കരണമെന്ന നിലയിൽ കോളജുകളുടെ സ്വയംഭരണാവകാശത്തെ സ്വീകരിക്കാമെങ്കിലും ജാതി മത സമുദായ സംഘടനകൾക്ക് മേൽക്കൈ ഉള്ള കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയിൽ ഇപ്പോഴത്തെ സംരംഭം ഒട്ടും സ്വീകാര്യമല്ല. മത കേന്ദ്രിതവും അധികാരപ്രമത്തവുമായ മാനേജ്മെൻറുകൾ ഉന്നതവിദ്യാഭ്യാസമേഖലയെ ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനും മുമ്പുള്ള അവസ്ഥയിലേക്കായിരിക്കും പരിവർത്തിപ്പിക്കുക.

**സുനിൽ പി. ഇളയിടം**



യു ഡി എഫ് സർക്കാർ വിഭാവനം ചെയ്യുന്ന സ്വയംഭരണ കോളജുകൾ സ്വാശ്രയാധിഷ്ഠിതമാണ്. ചെറിയ മൂലധനം കൊണ്ട് വൻ ലാഭം കൊയ്യാവുന്ന ഒരു വ്യവസായമായി വിദ്യാഭ്യാസ രംഗം മാറിക്കഴിഞ്ഞു. നിലവാരം കുറഞ്ഞ 21 സ്വാശ്രയകോളജുകൾ അടച്ചുപൂട്ടണമെന്ന കേരള ഹൈക്കോടതി വിധിയെത്തുടർന്നു അന്തംവിട്ടു നിൽക്കുന്ന സ്വാശ്രയ മാനേജ്മെൻറുകൾക്ക് വീണു കിട്ടിയ പിടിവള്ളിയാണ് സ്വയംഭരണ കോളജുകൾ

**ഡോ. ജെ. പ്രസാദ്**
*മുൻ. വി. സി സംസ്കൃത സർവ്വകലാശാല*



സർവ്വകലാശാലകളിൽ നിന്നും ജനാധിപത്യവിരുദ്ധമായ രീതിയിൽ സ്വയംഭരണം എടുത്തുകളഞ്ഞ സർക്കാർ ഇപ്പോൾ കോളജുകൾക്ക് സ്വയംഭരണം നൽകും എന്നു പറയുന്നത് തികഞ്ഞ ഇരട്ടത്താപ്പാണ്. ഓട്ടോണമി സംബന്ധിച്ച് വിശദമായ ചർച്ചകൾ സ്ഥാപനത്തിനകത്തും പുറത്തും നടത്തിയതിന് ശേഷം അക്കാദമിക് സമൂഹത്തെയും പുറം സമൂഹത്തെയും പൂർണമായി വിശ്വാസത്തിലെടുത്തു കൊണ്ടു മാത്രമേ സ്വയംഭരണം സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാവൂ എന്ന യു ജി സി മാർഗരേഖ പോലും ഇവിടെ അവഗണിക്കപ്പെട്ടിരിക്കുകയാണ്. ജനാധിപത്യ മര്യാദകൾ പാലിക്കാതെയാണ് സർക്കാർ ഓട്ടോണമസ് കോളജ് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. ഇത് എതിർക്കപ്പെടേണ്ടതാണ്.

**ഡോ. പി. ബാബു ആൻേറാ**
*പ്രസിഡൻറ് Federation of University Teachers Association*
*മുൻ സിൻഡിക്കേററ് അംഗം കണ്ണൂർ സർവ്വകലാശാല*

# പെൺകരുത്തിൻെറ സമര ഭാഷ്യങ്ങൾ




എ. കെ. പി. സി.ടി. എ സംസ്ഥാന വനിതാ കൺവെൻഷൻ 2013 ഫെബ്രുവരി 2 ന് കണ്ണൂരിലെ ശ്രീപുരം കൺവെൻഷൻ സെൻററിൽ വച്ച് നടന്നു. കൺവെൻഷൻ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സ. കെ. കെ. ഷൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. നിരന്തരം വർദ്ധിച്ചുവരുന്ന സ്ത്രീപീഢനങ്ങൾ സാമൂഹ്യ വ്യവസ്ഥിതിയുടെ സൃഷ്ടിയാണെന്നും സ്ത്രീ പീഢനങ്ങളിലേക്ക് നയിക്കുന്ന യഥാർത്ഥ കാരണങ്ങളെ തിരിച്ചറിയാതെ പരിഹാരമുണ്ടാകുകയില്ലെന്നും ഷൈലജ ടീച്ചർ അഭിപ്രായപ്പെട്ടു. സ്ത്രീപീഢനങ്ങളും ക്രമസമാധന ലംഘനങ്ങളും നിരന്തരം നടക്കുന്ന കേരള സമൂഹത്തിലേക്ക് നോക്കിയാണ് കേരളം ക്രമസമാധാന പാലനത്തിൽ മുന്നിലാണെന്ന് ഗവർണർ നയപ്രഖ്യാപനം നടത്തിയത്. ജനാധിപത്യം എന്നത് അതിൻെറ യഥാർത്ഥ അർത്ഥത്തിൽ ഇവിടെ നിലവിലുണ്ടോ എന്ന് വിചിന്തനം ചെയ്യേണ്ടതുണ്ട്. ലിംഗ-വർഗ്ഗ-ജാതി- മ






ത ഭേദമില്ലാത്ത അവസ്ഥയെന്നത് ഭരണഘടനയിലെ അലങ്കാരവാചകം മാത്രമായിരിക്കുന്നു. പ്രവർത്തന സജ്ജമായ ശാസ്ത്രബോധമുള്ള മനസ്സും വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുമുള്ള സമൂഹത്തിന് മാത്രമേ ഈ അവസ്ഥയിൽ അതിജീവനം സാധ്യമാകൂ എന്നും ഷൈലജ ടീച്ചർ അഭിപ്രായപ്പെട്ടു.


ഉദ്ഘാടന സമ്മേളനത്തിൽ എ.കെ.പി.സി.ടി.എ വനിതാകമ്മിററി സംസ്ഥാന കൺവീനർ പ്രൊഫ. എ.ജി. ഒലീന സ്വാഗതം പറഞ്ഞു. സംസ്ഥാന വനിതാ കമ്മിററി ചെയർപേഴ്സൺ ഡോ. പി. എസ്. ഗീതാകുമാരി അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ എ. കെ.പി. സി. ടി. എ സംസ്ഥാന പ്രസിഡൻറ് പി.മമ്മദ്, ജനറൽ സെക്രട്ടറി കെ. ശ്രീവത്സൻ, സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ്കുമാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വനിതാ കമ്മിററി കണ്ണൂർ ജില്ലാ കൺവീനർ ററി. പി. നഫീസാ ബേബി നന്ദിയും പറഞ്ഞു.

സ്ത്രീ- വസ്ത്രം- സുരക്ഷ - സമൂഹം എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ഡിസാസ്ററർ മാനേജ്മെൻറ് വകുപ്പ് അദ്ധ്യക്ഷ ഡോ. കെ. ജി. താര പ്രബന്ധാവതരണം നടത്തി. പ്രബന്ധാവതരണത്തിനുശേഷം നടന്ന സെഷനിൽ എ. കെ. പി. സി. ടി. എ മുൻ സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ. ടി. എ. ഉഷാകുമാരി, ഡോ. ടി. കെ. ആനന്ദി (കേരള ശാസ്ത്രസാഹിത്യപരിഷത്ത്) എസ്. എഫ്. ഐ സംസ്ഥാന സെക്രട്ടറിയേററ് അംഗം സ. എം. ദിനേശ്ബാബു എന്നിവർ പ്രസംഗിച്ചു. തുടർന്ന് ചർച്ച നടന്നു. സെമിനാറിൽ എ. കെ. പി. സി.ടി.എ കണ്ണൂർ ജില്ലാകമ്മിററിയംഗം ഡോ. ജി. എസ്. ബബിത സ്വാഗതവും, ശ്രീമതി. പി. സോന നന്ദിയും പറഞ്ഞു.

## ആദരാഞ്ജലികൾ



**ഡോ. ജി. ശ്രീഗോപാൽ**
റീഡർ, ഡിപ്പാർട്ട്മെന്റ് ഓഫ് പാത്തോളജി
& ബയോകെമിസ്ട്രി
എസ്.വി. ഹോമിയോ മെഡിക്കൽ കോളജ്,
നേമം



**പ്രൊഫ. സാബു ജേക്കബ്**
അസോ. പ്രൊഫസ്സർ, ഡിപ്പാർട്ട്മെന്റ് ഓഫ്
ഫിസിക്സ്
സെന്റ് അലോഷ്യസ് കോളജ്, എടത്വ



**പ്രൊഫ. ജെ. ഹാരിസൺ**
അസോ. പ്രൊഫസ്സർ, ഡിപ്പാർട്ട്മെന്റ് ഓഫ്
ഫിസിക്കൽ എഡ്യുക്കേഷൻ
സെന്റ് സേവിയേഴ്സ് കോളജ്, തുമ്പ

എ.കെ.പി.സി.ടി.എ യുടെ ആദരാഞ്ജലികൾ




# ഉടുപ്പ്, എടുപ്പ്, നടപ്പ്:
# പെൺനിർമ്മിതി

സ്ത്രീ വിരുദ്ധ പ്രത്യയ ശാസ്ത്രത്തിന്റെ പ്രയോഗ സാധ്യതകൾ സകല മറയും നീങ്ങി പ്രത്യക്ഷപ്പെടുന്ന ഒരു വർത്തമാനകാലത്തെയാണ് എ കെ പി സി ടി എ സംസ്ഥാന വനിതാ കൺവെൻഷൻ ഇത്തവണ അഭിസംബോധന ചെയ്യുന്നത്. ജീവിതത്തിന്റെ വ്യത്യസ്ത വ്യവഹാര മണ്ഡലങ്ങളിൽ നിന്നും ലോകത്തിന്റെ നാനാഭാഗത്തു നിന്നും ഉയരുന്ന പെൺനിലവിളികൾ ഒരു ഭാഗത്തെങ്കിൽ മറുഭാഗം വർദ്ധിത വീര്യത്തോടെ ചെറുത്ത് നില്പിനും പ്രതിരോധത്തിനുമുള്ള സമരപാതകളിലെ സ്ത്രീ സഞ്ചാരം കൊണ്ട് ഊർജ്ജസ്വലം ആകുന്നു എന്നാണ് സമകാല സാഹചര്യം നല്കുന്ന ചിത്രങ്ങൾ. തീർച്ചയായും ഇതൊരു സംക്രമണ കാലം. എല്ലാ അടിച്ചമർത്തലുകളെയും ഭേദിച്ചുകൊണ്ട് സ്ത്രീ ശക്തി മുന്നേറുന്ന കാലവും. ചരിത്രത്തിലെ ഈ നിർണ്ണായക സന്ധിയിൽ കേരളത്തിലെ പുരോഗമന ചിന്താഗതിക്കാരായ അദ്ധ്യാപകർ എന്ത് ചെയ്യുന്നു എന്നത് അതുകൊണ്ടു തന്നെ പ്രസക്തമാകുന്നു. സമൂഹ ചിന്തയിലും പൊതു ബോധത്തിലും ആഴത്തിൽ വേരോടിയിട്ടുള്ള സ്ത്രീവിരുദ്ധ ചിന്തകളെ പൊളിച്ച് എഴുതുകയും സമൂഹത്തെ മുന്നോട്ടു നയിക്കുകയും ചെയ്യേണ്ടവരാണ് നമ്മൾ അധ്യാപകർ . വസ്ത്രം മുതൽ സദാചാരം വരെയുള്ള സമസ്ത സങ്കല്പങ്ങളും സ്ത്രീയുടെ നല്ല നടപ്പിനുള്ള ഉപാധിയാകുമ്പോൾ അവയെ ശാസ്ത്രീയമായും പ്രത്യയ ശാസ്ത്രപരമായും വിശകലനം ചെയ്യേണ്ടതുണ്ട്. മതഫാസിസ്റ്റുകൾ മുന്നോട്ടു വയ്ക്കുന്ന വസ്ത്ര സങ്കല്പത്തിന്റെ പ്രതിലോമത വെളിപ്പെടുത്തുകയും വെളിച്ചപ്പെടുത്തുകയും ചെയ്യേണ്ടതുമുണ്ട്. ഒരു കൺവെൻഷന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വസ്ത്രത്തിന്റെ രാഷ്ട്രീയം അപഗ്രഹിക്കുവാനാണ് ശ്രമിക്കുന്നത്.

**എ.ജി.ഒലീന**
*കൺവീനർ, വനിതാകമ്മിററി*



ആഹാരം, വസ്ത്രം, പാർപ്പിടം, എന്നിവ മനുഷ്യന്റെ പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യങ്ങളായിരിക്കെ അത്തരം വ്യവഹാരങ്ങൾ പോലും അധികാരത്തിന്റെ സൂക്ഷ്മ പ്രയോഗങ്ങളായി മാറുമെന്നതിന് തെളിവുതേടി മറെറങ്ങും പോകേണ്ടതില്ല, കേരള ചരിത്രം മാത്രം പരിശോധിച്ചാൽ മതിയാകും. അധീശാധികാരപ്രയോഗത്തിനുള്ളിൽ വ്യക്തികളും അവരുടെ നിത്യ ജീവിതവും ദൈനംദിന വ്യവഹാരങ്ങളും ഒക്കെ വിധേയ ഭാഷ കൈവരിക്കുന്നതിന്റെ സാധ്യതകൾ ഇതിനകം പഠിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇത്തരം വിധേയ ഭാഷ പിന്നീട് അലിഖിത നിയമങ്ങളാലും ആചാരങ്ങളാലും പരിപാലിച്ച് വരുകയും പിന്നീടത് സാമൂഹ്യാചാരമായി പരിണമിക്കുകയും ചെയ്യുമെന്നത് ചരിത്ര പാഠവും. സമൂഹ ശരീരത്തിൽ ഭിന്ന ശ്രേണികളിലായി സ്ഥാനപ്പെടുത്തിയുള്ള മനുഷ്യരുടെ പദവി അവരുടെ ഉടുപ്പും


M. E. 1034
A. D. 1859

Re:—Wearing of upper cloths by Women of Channa Community.

എടുപ്പും നടപ്പും കൊണ്ട് അറിയാൻ കഴിയുന്നതും അതുകൊണ്ടാണ് വർത്തമാന കാലത്ത് ഉയർന്നു വരുന്ന വസ്ത്രചിന്തകൾ സ്വാഭാവികമോ നിഷ്കളങ്കമോ അല്ലാതാകുന്നതും. വാസ്തവത്തിൽ അന്വേഷണം ഉടുതുണിത്തുമ്പിൽ പിടിച്ചു തന്നെ തുടങ്ങേണ്ടിരിക്കുന്നു. പൊതു ഇടങ്ങളിലേക്കുള്ള സ്ത്രീയുടെ കടന്നു വരവിനെ തടയുന്നതിന് എക്കാലത്തും അവരുടെ ശരീരം / വസ്ത്രം എന്നിവയുടെ വിന്യാസത്തെ ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്. അധികാരവും ലൈംഗികതയുടെ വിനിമയവും തമ്മിലുള്ള പരസ്പരാശ്രിത ബന്ധത്തെ ഇതിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിലെ നവോത്ഥാന സമരങ്ങളിൽ ഏറെയും ശരീരകേന്ദ്രിത പ്രശ്നങ്ങളെ മുൻനിർത്തിയായിരുന്നു എന്നതും യാദൃശ്ചികമല്ല. കുടുംബം മുതൽ സമൂഹം വരെയുള്ള സകല സ്ഥാപനങ്ങളുടെ ഉള്ളടക്കങ്ങളിലും ശാരീരകമായ ഇടങ്ങളെ നിയന്ത്രിക്കാനും നിരാകരിക്കാനുമുള്ള ബോധപൂർവ്വമോ അബോധപൂർവ്വമോ ആയ ശ്രമങ്ങൾ എക്കാലത്തും നടന്നു വരുന്നുമുണ്ട്. തുണിയുടുപ്പിച്ച് ശ്വാസം മുട്ടിച്ചും തുണി വലിച്ചു കീറി അപമാനിച്ചും *നല്ലനടപ്പിനു* വിധേയമാക്കുന്ന പ്രക്രിയകൾ നിരന്തരം നിർബാധം തുടർന്നു കൊണ്ടേയിരിക്കുന്നു.

ഒന്ന്

*വസ്ത്രം* വീണ്ടും അധികാര പ്രയോഗത്തിനുള്ള ചിഹ്നമായി മാറുമ്പോൾ, ***ചാന്നാർ കലാപം*** എന്നു ലിഖിത ചരിത്രം ചുരുക്കെഴുത്ത് നടത്തി തൃപ്തിയടയുന്നു. മേൽമുണ്ടുസമരം (കച്ചാസമരം) നടത്തി സ്ത്രീ സ്വാതന്ത്ര്യത്തിനായും ജാത്യാചാരങ്ങൾക്കെതിരെയും പോരാട്ടം നടത്തിയവരാണ് കേരള സ്ത്രീ എന്ന് ഓർക്കേണ്ടതുണ്ട്. സ്ത്രീയുടെ അന്തസ്സും ആത്മാഭിമാനവും ധ്വംസിക്കുന്ന സർവ്വവിധ അധികാര ശക്തികൾക്കുമെതിരെ സ്ത്രീ ശക്തി- പുരുഷനൊപ്പം - ചേർന്നു നടത്തിയ പോരാട്ട സമരമായിരുന്നു അത്. കുട ചൂടാനും ചെരുപ്പു ധരിക്കാനും ആഭരണങ്ങളണിയാനും പൊട്ടുകുത്താനും പശുവിനെ കറക്കാനും ഉച്ചാരണ ശുദ്ധിയോടെ സംസാരിക്കാനും അവകാശമില്ലാതിരുന്ന ഒരു ജനത അധികാരം നിഷേധിച്ച അവകാശങ്ങളോരോന്നും പിടിച്ചുവാങ്ങിയതിന്റെ ചരിത്രം കൂടിയാണ് കേരള നവോത്ഥാന ചരിത്രം. ***മാനംമറച്ചു നടക്കാനായുള്ള*** പെണ്ണിന്റെ അവകാശ സമരത്തെ പട്ടാളത്തെ ഉപയോഗിച്ചാണ് അന്നത്തെ രാജാധികാരം നേരിട്ടതെങ്കിൽ ഇന്ന് സാമ്രാജ്യത്വ- മത- ഫാസിസ്റ്റ് ശക്തികൾ ***തുണിയുടുപ്പിച്ച് മാനം കെടുത്താൻ*** ശ്രമിക്കുന്നു. ഇന്നു കാണുന്ന വസ്ത്രരീതിക്ക് കേവലം നൂറുവർഷത്തെ പഴക്കം പോലുമില്ലെന്ന് ഈ അഭിനവസദാചാര വാദികൾ അറിയുന്നുണ്ടാവില്ല.

രണ്ട്


അധീശാധികാരത്തിനുള്ളിൽ അധികാരശക്തി ആവശ്യപ്പെടുന്ന തരത്തിൽ വ്യക്തി സ്വന്തം ശരീരത്തെ പോലും അനുനയിപ്പിക്കുകയും അനുസരിപ്പിക്കുകയും ചെയ്യേണ്ടിവരാറുണ്ട്. സാമൂഹിക ശരീരത്തിലെ അധികാര പ്രയോഗത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കുമ്പോഴാണ് ***അധികാരത്തിന്റെ സൂക്ഷ്മ ഭൗതികം*** എന്ന പ്രയോഗം മിഷേൻ ഫൂക്കോ മുന്നോട്ടു വയ്ക്കുന്നത്. അധികാരത്തിന്റെ സൂക്ഷ്മബലതന്ത്രം സാമൂഹിക ശരീരത്തെ മാത്രമല്ല വ്യക്തി ശരീരത്തെ കൂടി നിയമങ്ങൾക്കും രീതികൾക്കും മുന്നിൽ തളച്ചിടുകയും അതൊരു തടവറയായിത്തീരുകയും ചെയ്യുന്നതിനെക്കുറിച്ച് ഫൂക്കോ പറയുന്നുണ്ട്. അനുസരണയുള്ള പ്രജകളായി മാറാൻ വ്യക്തിയെ പ്രേരിപ്പിക്കുവാൻ അധികാരത്തിന്റെ സൂക്ഷ്മഭൗതികത്തിനു കഴിയാറുണ്ട്. ഇത് ആധുനിക സമൂഹത്തിന്റെ അവസ്ഥയെങ്കിൽ വസ്ത്രത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധംപോലും പങ്കുവയ്ക്കാൻ സാധ്യമല്ലാതിരുന്ന മനുഷ്യന്റെ അവസ്ഥ ചരിത്രാതീത വ്യവഹാരമൊന്നുമല്ല നമ്മെ സംബന്ധിച്ച്. മറിച്ച് കേരളത്തിന്റെ അ

തിവിദൂരമല്ലാത്ത ഭൂതകാല ചരിത്രം മനുഷ്യൻെറ പ്രാഥമികാവകാശങ്ങൾ നിർവ്വഹിക്കുന്നതിൽ പോലും പുലർത്തിയിരുന്ന വേർതിരിവുകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. *പുലയരും പറയരും അരയിൽ ഒരു ചരടുകെട്ടി അതിൽ പുല്ലുകെട്ടിത്തൂക്കി മാനം മറച്ചിരുന്നു* എന്ന് എഴുതുവോളം പോയിരുന്നു നമ്മുടെ പിന്നാമ്പുറങ്ങൾ. വസ്ത്രം എന്ന പദം ഒരുപക്ഷെ പ്രസക്തമാകുന്നതു തന്നെ മറെറാരു സന്ദർഭത്തിലായിരുന്നു. പൂജാവിധികൾക്കായി നമ്പൂതിരിമാർ ഉടുത്തിരുന്ന സാധാരണയിൽ കവിഞ്ഞ വലുപ്പമുള്ള തുണിക്കാണ് വസ്ത്രമെന്ന വിവക്ഷ ഒരു ഘട്ടത്തിൽ കൂടുതൽ ചേരുക. മാത്രമല്ല ഉടുപ്പും നടപ്പും എടുപ്പും നോക്കി ജാതിയും സ്ഥിതിയും പദവിയും നിശ്ചയിക്കാമായിരുന്നു. ജാതിഭേദത്തിൻെറയും അവസ്ഥാഭേദത്തിൻെറയും തോതനുസരിച്ച് ഉടുമുണ്ടിൻെറ നീളം കൂടിയും കുറഞ്ഞും വന്നിരുന്ന ചരിത്രം. ഉടുതുണി ഒരാളുടെ വ്യക്തിസത്തയുടെ പോലും ചിഹ്നമാകുന്നതെങ്ങനെയെന്ന് പിന്നീടു പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ*മലമുകളിലെ അബ്ദുള്ള* എന്ന കഥയിൽ നമ്മൾ വായിക്കുന്നുണ്ട്. വസ്ത്രത്തിലൊതുങ്ങാത്ത ആചാരഭേദങ്ങൾ ശരീരമാസകലം പടരുമ്പോൾ വ്യക്തിശരീരം തന്നെ പ്രത്യേക ശിക്ഷണത്തിന് വിധേയമാവുകയാണ്. എന്നാൽ അധീശാധികാരത്തിൻെറ ബലതന്ത്രത്തിനും കീഴ്പ്പെടുത്താനാവാത്ത വിധം മനുഷ്യശരീരത്തിൻെറ ശാക്തികബലതന്ത്രം ഉയിർത്തെണീക്കുന്നതിൻെറ സാധ്യതയാണ് ചരിത്രം തരുന്ന മറെറാരു പ്രധാന പാഠം. വ്യക്തിയുടെ പൗരാവകാശങ്ങളെ നിർദ്ദാക്ഷിണ്യം ചോദ്യം ചെയ്തിരുന്ന ആചാരമര്യാദകൾക്കെതിരെ ചിന്തിക്കുകപോലും അസാധ്യമോ അനാവശ്യമോ ആയി കരുതപ്പെട്ട കാലത്തും അതിനെതിരെ ചെറുത്തു നില്പിനു സന്നദ്ധമായ ചരിത്രം കേരളം കാത്തു സൂക്ഷിക്കുന്നുണ്ട്. അതിലൊന്ന് വസ്ത്രത്തെ മുൻനിർത്തിയുള്ള സമരമായിരുന്നു.

ഈയടുത്ത് ഡോ. രാജൻ ഗുരുക്കൾ എഴുതുകയുണ്ടായി, പൂമുഖവാതിൽക്കൽനില്ക്കുന്ന പൂന്തിങ്കളെക്കുറിച്ച്. പക്ഷേ പുതിയ കാലത്തെ പൂന്തിങ്കൾമുഖം വിളറി വെളുത്തതാണ്. കാരണം അവൾ കാത്തുനില്ക്കുന്നത് സന്ധ്യയായിട്ടും വരാൻ വൈകുന്ന പെൺകുഞ്ഞിനെയാണ്. കേരള സ്ത്രീ ഇപ്പോഴും പൂമുഖത്ത് തന്നെയുണ്ട്. പക്ഷെ അവൾ കാത്തുനില്ക്കുന്നത് ആര്യപുത്രനെയല്ല, പരിക്കുകളൊന്നും കൂടാതെ വീട്ടിലെത്തേണ്ടുന്ന പെൺകുഞ്ഞുങ്ങളെയാണ്. ഐസ്ക്രീം കപ്പുകളിൽ ബോംബുപൊട്ടുകയും ബ്യൂട്ടിപാർലറുകൾ പെൺവിതരണ കേന്ദ്രങ്ങളാവുകയും ചെയ്യുന്ന വർത്തമാനകാലത്ത് സെക്സ് ടൂറിസം ആദായകരമായ വ്യവസായമാണെന്ന് ലോക കമ്പോളവും ലോകബാങ്കും ഒരേ സ്വരത്തിൽ ആണയിടുകയും ചെയ്യുമ്പോൾ, തുണിയുടുപ്പിൻെറ രാഷ്ട്രീയവും ബാലവേശ്യാ പ്രയോഗവും വികാരപ്രകടനങ്ങളോ നിഷ്കളങ്ക പ്രസ്താവനകളോ അല്ലെന്നു തിരിച്ചറിയേണ്ടതുണ്ട്. അഭിനവ സൗന്ദര്യ വ്യവസായം ഉല്പാദിപ്പിക്കുന്ന മിഥ്യാരോഗമതിഭ്രമ(Hypochondriac psychosis)ത്തിനടിമകളാകുന്ന പുതിയകാല പെൺകിടാങ്ങളും ആൺകിടാങ്ങളും ഒരുപോലെ പങ്കു പററുന്ന വ്യാജമായ ലൈംഗികാസക്തി പുതിയ മാംസവിപണികൾ ഇന്ധനം പകരുന്നതും വേണ്ടപോലെ നമുക്ക് കാണാൻ കഴിയുന്നില്ല. ഭ്രമങ്ങളുടെയും വ്യാജാസക്തികളുടെയും മിഥ്യകളുടെയും പുളപ്പുകളിലും പളപ്പുകളിലും അതിവേഗം അഭിരമിച്ചുകൊണ്ടിരിക്കുന്ന ഒരു തലമുറയെ *തുണിയുടുപ്പിച്ചു മര്യാദ പഠിപ്പിക്കാനുള്ള* സദാചാരവിദ്യയുടെ അല്പത്തം കഷ്ടമെന്നല്ലാതെ മറെറന്ത് പറയാൻ.

മൂന്ന്

ഒടുവിലിതാ, പച്ചയുടുപ്പിടാൻ കൂട്ടാക്കാത്ത അധ്യാപികയ്ക്കും നല്ലനടപ്പ്. ഉടൽ മൂടുക മാത്രമല്ല മൂടുന്ന തുണിയുടെ നിറവും പ്രസക്തമാകുന്നുവെന്നതാണ് *ഉടുതുണിയിലൊളിച്ചിരുന്ന നവരാഷ്ട്രീയം*. ഉടുപ്പിട്ടാൽ പോര അത് പച്ചതന്നെയാകണമെന്നാണ് നിർബന്ധം. പച്ച നല്ല നിറമാണ്, അത് മനുഷ്യൻെറ പച്ചപ്പിൻെറ (ആർദ്രതയുടെ) നിറമാണ്, പ്രകൃതിയുടെ ഹരിതഭംഗിയുമാണ്. പക്ഷേ ആ പച്ചയും പച്ചപ്പും ഉടുതുണിയിൽ മാത്രമല്ല വേണ്ടത്, ഉള്ളിലും ഉള്ളടക്കത്തിലും ഉൾക്കാഴ്ചകളിലുമാണ്. *മുലക്കരം ചോദിച്ചവർക്ക്* മുന്നിൽ മുലപറിച്ച് വാഴയിലയിൽ വച്ചു കൊടുത്ത ഒരു നങ്ങേലി ചേർത്തല താലൂക്കിൽ ജീവിച്ചിരുന്നത് 1840കളിലാണ്. രണ്ടു നൂററാണ്ടു പോലുമായിട്ടില്ല പിന്നീടിങ്ങോട്ട്. നമുക്കിപ്പോൾ സന്തോഷ് എച്ചിക്കാനത്തിൻെറ *ദിനോസറിൻെറ മുട്ടയും* മഹാശ്വേതാദേവിയുടെ *ദ്രൗപതിയും* വായിക്കാം.



കഥ



# വാടകയ്ക്കൊരു രക്ഷിതാവ്

ടി.എൻ.പ്രകാശ്



ബി എസ് സി നല്ല നിലയിൽ പാസ്സായിക്കഴിഞ്ഞു. ഇനിയെൻെറ ലക്ഷ്യം എം എസ് സിയാണ്. ഗണിതശാസ്ത്രത്തിൽ എം എസ് സി കഴിഞ്ഞാൽ നല്ല സാധ്യതകളുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു കോളജിലും എം എസ് സി കോഴ്സില്ല. കോഴിക്കോട് ദേവഗിരി കോളജിലും ഫറോക്ക് കോളജിലും എം എസ് സി ഉണ്ടുതാനും. എവിടുന്നോ വീണു കിട്ടിയ ഒരു ധൈര്യത്തിന് രണ്ടിടത്തേക്കും അപേക്ഷ അയച്ചു. കിട്ടിയാൽ ആന പോയാൽ ചേന. അപ്പൊഴും അമ്മ ചോദിച്ചു കൊണ്ടിരുന്നു . അതാണ് പഠിപ്പിക്കാനുള്ളത്. വല്ല ജോലിക്കും നോക്കാതെ.... യെൻറീശ്വരാ....

എൻെറ മനസ്സിലും അത്തരമൊരു വികാരം ഇല്ലാതില്ല. ബി എസ് സി കഴിയുന്നതു വരെ രാത്രിയിൽ ബീഡിപ്പണി എടുത്തിരുന്നു. കോഴിക്കോട് എത്തിയാൽ മററു വഴികളൊന്നുമില്ല. അറിയപ്പെടാത്ത നഗരം. ഹോസ്റ്റലിൽ താമസിക്കേണ്ടി വരും ധാരാളം പണം വേണ്ടി വരും. ഭക്ഷണത്തിന് ഉടുപ്പുകൾക്ക്, പുസ്തകങ്ങൾക്ക് പോട്ടെ, ഇതൊന്നും നമുക്കു പറഞ്ഞതല്ല. അല്ലെങ്കിൽ തന്നെ, ആകെ പന്ത്രണ്ട് സീററുകൾ മാത്രമുള്ള പി ജിക്ക് പ്രവേശനം കിട്ടുന്നതൊന്നും അത്ര എളുപ്പമല്ല.

അപ്പൊഴതാ ദേവഗിരി കോളജിൽ നിന്ന് കാർഡ് വരുന്നു. ഫറോക്കിൽ നിന്നു വന്നത് ചേൻസ് കാർഡാണ്. രണ്ടും ഒരേ ദിവസം തന്നെ. ആദ്യം ദേവഗിരിയിൽ എത്തുകയേ വേണ്ടൂ. സീററുറപ്പ്. അതിനു മുമ്പെ ദേവഗിരിയിൽ പ്രഫ. ഷെപേഡിൻെറ ശിഷ്യനായി ഇംഗ്ലീഷ് പഠിച്ച ഒരാൾ നാട്ടിലുണ്ട്. അയാളോട് കാര്യങ്ങൾ മനസ്സിലാക്കി പോകാനൊരുങ്ങുമ്പോൾ ഒരു പ്രശ്നം, രക്ഷിതാവായി വരാമെന്നേററ കുഞ്ഞമ്മാവൻ കാലുമാറി. അങ്ങേർക്ക് മറെറന്തൊക്കെയോ തിരക്കുകൾ. പിന്നെയീ അച്ഛനില്ലാച്ചെക്കന് ആകെയുള്ളത് പടിക്കു പുറത്തിറങ്ങാത്ത വെള്ള വസ്ത്രത്തിൽ ധൈര്യം ഒളിപ്പിച്ച അമ്മ മാത്രം.

ഇൻർവ്യൂ ദിവസവും അതിനടുത്ത ദിവസവും കടന്നു പോയി. എന്നിട്ടും ഒരു രക്ഷിതാവിനെ കിട്ടാനുള്ള നിരന്തര ശ്രമത്തിലായിരുന്നു ഞാൻ. അവസാനം, വകയിലൊരമ്മാവൻ സമ്മതിച്ചു. ചില കണ്ടീഷനുകൾ അവതരിപ്പിച്ചു കൊണ്ട്. ചെലവെല്ലാം ഞാൻ കൊടുക്കണം. വേറെയൊരു അമ്പതു രൂപയും ഉച്ചഭക്ഷണം കോഴിക്കോട് നിന്ന് ഇമ്പീരിയലിലെ ബിരിയാണി തന്നെ വേണം താനും.




# ഭാവനയല്ല – ഓരോ വാക്കിലും ചോരയുണ്ട്

**അംബികാസുതൻ മാങ്ങാട്**
*നെഹ്റു ആർട്സ് & സയൻസ് കോളജ്, കാഞ്ഞങ്ങാട്*



കെട്ടുകഥയാണ് ഫിക്ഷൻ. നിഘണ്ടു അങ്ങനെയാണ് ഉത്തരം പറയുന്നത്. കഥാകാരൻ കല്പിച്ചുണ്ടാക്കുന്ന നുണക്കഥ. യഥാർത്ഥമെന്ന് വായനക്കാരനെ തോന്നിപ്പിക്കുന്നതിലുള്ള വിജയമാണ് എഴുത്തുകാരന്റെ വിധി തീരുമാനിക്കുന്നത്. അവിശ്വസനീയമായ ഭാവനകളെപ്പോലും വിദഗ്ധമായ ആഖ്യാന പരിചരണത്താൽ യാഥാർത്ഥ്യം പോലെ അനുഭവിപ്പിക്കുവാൻ കലാകുശലനായ ഒരു കഥാകാരന് സാധിക്കും. സംഗതികൾ ഇങ്ങനെയാണെങ്കിലും യാഥാർത്ഥ്യം ഭാവനയെക്കാളും വലിയ കെട്ടുകഥയായി തോന്നിയാൽ കഥാകാരൻ എന്ത് ചെയ്യും?

എൻമകജെ എന്ന നോവൽ എഴുതാൻ നിർബ്ബന്ധിതനായ കാലത്ത് ഇങ്ങനെയൊരു പ്രതിസന്ധിയിലാണ് ഞാനകപ്പെട്ടത്. എൻഡോസൾഫാൻ ദുരന്തബാധിത ഗ്രാമങ്ങളിൽ പിറന്നു വീണ, അന്യഗ്രഹജീവികളെപ്പോലെ വിചിത്രമായ ഉടലുകളുള്ള കുഞ്ഞുങ്ങൾ എന്റെ ഉറക്കം കെടുത്തിക്കൊണ്ടിരുന്നു. കുഞ്ഞു ശരീരവും വലിയ തലയുമുള്ള അരജീവിതങ്ങൾ. കുഞ്ഞിലേ മുടി നരച്ചു പോയ, വളർച്ച മുരടിച്ചു പോയ തൊണ്ട തുറന്നിട്ടില്ലാത്ത വായില്ലാക്കുന്നിലപ്പൻമാർ. ഈ വ്യസനത്തെ, മലയാളത്തിലെന്നല്ല ലോകത്തിൽ നിലവിലുള്ള ഒരു ഭാഷയിലും, എഴുതാനാവില്ലെന്ന് എനിക്കുറപ്പായിരുന്നു. കരമസോവ് സഹോദരന്മാരുടെ ആമുഖത്തിൽ ദേസ്തയ്വിസ്കി,ഉള്ളിലുള്ളതിന്റെ ഇരുപതിലൊന്നേ എഴുതാനായുള്ളു എന്നു പറഞ്ഞതിന്റെ പരമാർത്ഥം അക്ഷരാർത്ഥത്തിൽ എനിക്ക് ബോധ്യമായത് ആ കാലയളവിലാണ്. നോവലിന്റെ എഴുത്തു പണി കഴിഞ്ഞപ്പോൾ മനസ്സിലെ നിലവിളിയുടെ നൂറിലൊന്നും പകർത്താനായില്ലല്ലോ എന്ന ഖേദം എന്നെ വട്ടമിട്ടു.

ഒരു ദശാബ്ദത്തിലധികം കാലമായി സമരത്തിന്റെ മുൻനിരയിൽ ഉണ്ടായിരുന്നവരിൽ ഒരാൾ എന്ന നിലയിൽ നോവലെഴുത്ത് എനിക്ക് ഒരു സമരായുധം തന്നെയായിരുന്നു. സങ്കല്പകാന്തികളല്ല എനിക്ക് വഴിത്തുണയായത്. മറിച്ച് പ്രക്ഷുബ്ധമായ ജീവിതക്കടലായിരുന്നു. എൻഡോസൾഫാൻ ഉൾപ്പെടെയുള്ള എല്ലാ രാസകീടനാശിനികൾക്കുമെതിരെയുള്ള സമരമായിരുന്നു എൻമകജെ. അതുകൊണ്ട് ശാസ്ത്രീയമായ നിരീക്ഷണങ്ങളും വസ്തുതകളും നോവലിൽ ധാരാളമായി ചേർക്കേണ്ടിവന്നു. ഇത് നോവലിന്റെ പാരായണ സുഖത്തെ അട്ടിമറിക്കുമോ എന്ന ഭയം എനിക്കുണ്ടായിരുന്നു. അങ്ങനെയാണെങ്കിൽ പോലും സാരമില്ല എന്ന് ഞാൻ തീരുമാനിച്ചു. കൊച്ചു കുട്ടികൾക്ക് കയ്ക്കുന്ന

മരുന്ന് തേനിൽ ചാലിച്ചു കൊടുക്കുന്നത് പോലെയാണ് . തേനല്ല ലക്ഷ്യം.

പക്ഷെ പ്രതികരണം അത്ഭുതകരമായിരുന്നു. ഒററയിരുപ്പിൽ വായിച്ചു തീർത്ത് നിരവധിയായ ആളുകൾ എന്നെ വിളിച്ചു തുടങ്ങി. വായനാവേളയിലുണ്ടായ വിചിത്രവും അവിശ്വസനീയവുമായ അനുഭവങ്ങൾ പലരും എന്നെ കേൾപ്പിച്ചു. അത് ഒരു വലിയ പുസ്തകത്തിന് മാത്രം ഉണ്ട്. ഇവിടെ വിഷയമല്ല. അന്യദേശക്കാരിൽ മിക്കവരും ചോദിച്ചത് എൻമകജെ സങ്കല്പ ഗ്രാമമാണോ, കഥാപാത്രങ്ങൾ സങ്കല്പ സൃഷ്ടികളാണോ എന്നാണ്. കർണാടക അതിർത്തിയോട് ചേർന്ന് നിലകൊള്ളുന്ന വലിയ ഒരു പഞ്ചായത്താണ് എൻമകജെ എന്നും നോവലിലെ കഥാപാത്രങ്ങളും മിത്തുകളും ഒട്ടുമുക്കാലും യാഥാർത്ഥ്യമാണെന്ന് പറഞ്ഞതും പലർക്കും വിശ്വാസമായില്ല. ഏഴോളം ഭാഷകൾ സംസാരിക്കുന്ന എൻമകജെയിലെ പൊതുഭാഷ തുളു ആണെന്നുള്ളതും വായനക്കാർക്ക് അത്ഭുതമായി.

ഒന്നോ രണ്ടോ കഥാപാത്രങ്ങളേയും ചില മിത്തുകളേയും മാത്രമാണ് ഞാൻ സങ്കല്പത്തിൽ നിന്നും കൂട്ടിച്ചേർത്തത്. എൻമകജെയുടെ (ഒരുപക്ഷെ എല്ലാ ഗ്രാമങ്ങളുടെയും) സത്യമായ കഥയാണ് ഞാൻ എഴുതിയത്. നോവലിലെ രോഗബാധിതരായ കുഞ്ഞുങ്ങൾ പലരും മരിച്ചു പോയി. പരീക്ഷിത്തായി വേഷമിടുന്ന ജയകൃഷ്ണനെപ്പോലുള്ളവർ ഫാത്തിമയായി വേഷമിട്ട ഷാഹിനയെപ്പോലുള്ളവർ രോഗാവസ്ഥയോട് മല്ലിട്ട് സ്ക്കൂളിൽ പോകുന്നുണ്ട്. (എൻമകജെയുടെ രണ്ടാംപതിപ്പിന്റെ റോയൽററി ഷാഹിനയ്ക്കാണ് നല്കിയത്) നീലകണ്ഠനും ദേവയാനിയും എന്റെ സങ്കല്പ പാത്രങ്ങളായിരുന്നു. നീലകണ്ഠൻ തിരുവനന്തപുരത്ത് അറിയപ്പെടുന്ന മനുഷ്യ സ്നേഹിയായ സാമൂഹ്യ പ്രവർത്തകൻ. ബാബ്റി മസ്ജിദ് പൊളിക്കപ്പെട്ടതോടെ മനുഷ്യനിലുള്ള അവസാന വിശ്വാസവും തകർന്ന് മനുഷ്യനുമായുള്ള എല്ലാ ബന്ധവും ഉപേക്ഷിച്ച് എൻമകജെ ഗ്രാമത്തിലെ ജഡാരിമലയിലെ കാട്ടിൽ ദേവയാനിക്കൊപ്പം താമസിക്കുകയാണ്. നഗ്നത മറയ്ക്കാൻ മാത്രം വസ്ത്രങ്ങളുമായി കഴിഞ്ഞ നീലകണ്ഠൻ പിന്നെ കീടനാശിനി വിരുദ്ധ സമര നായകരിൽ ഒരാളായി മാറുകയാണ്.

2000 ന് മുമ്പുള്ള എൻമകജെയുടെ ചരിത്രം എഴുതാനാണ് ഞാൻ ശ്രമിച്ചത്. 2006 ൽ എഴുതിത്തുടങ്ങിയ നോവൽ 2009 ൽ വെളിച്ചം കണ്ടു. അതിന്റെ ആറാം പതിപ്പ് പുറത്തിറങ്ങാറായ വേളയിൽ അസാധാരണമായ ഒരു അനുഭവം ഉണ്ടായി. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ സമീപ കാലത്ത് നടന്ന സമരങ്ങളിലൊന്ന് ചരിത്ര വിജയമായി. 130 ദിവസത്തെ അമ്മമാരുടെ റിലേനിരാഹാരത്തിന് ശേഷം 36 ദിവസം നീണ്ടുനിന്ന നിരാഹാര സമരത്തിന്റെ ഒടുവിൽ സമരസമിതി മുന്നോട്ട് വെച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ഒട്ടുമിക്കതും അംഗീകരിച്ചു കൊണ്ട് സർക്കാർ മുട്ടുമടക്കി. 2013 മാർച്ച് 25 രാത്രി വൈകിയാണ് സമരം ഒത്തു തീർപ്പായത്. അന്ന് തിരുവനന്തപുരത്ത് ചർച്ച നടക്കുമ്പോൾ കാസർകോട്ട് ജനസമുദ്രം എന്ന് പേരിട്ട പ്രതിഷേധ സംഗമം നടക്കുകയായിരുന്നു. നഗരം കണ്ടിട്ടില്ലാത്ത അപൂർവ്വമായ ആൾക്കൂട്ടമായിരുന്നു അന്നുണ്ടായത്. 22 ദിവസം നിരാഹാരം കിടന്ന് അവശനായെങ്കിലും ആശുപത്രിയിലായിരുന്ന എ മോഹൻ കുമാറിനെ ഞങ്ങൾ സമരപ്പന്തലിലേക്ക് കൊണ്ടു വന്നു. മരണം വരെ ഉപവസിക്കാൻ നിശ്ചയദാർഢ്യത്തോടെ അദ്ദേഹം ഒരുങ്ങിയതു കൊണ്ടാണ് സർക്കാർ ഒത്തുതീർപ്പിനൊരുങ്ങിയത്.

നിരാഹാരമനുഷ്ഠിക്കാൻ അദ്ദേഹം തയ്യാറാവുകയായിരുന്നു. ചികിത്സ കഴിഞ്ഞതേയുള്ളൂ മാഷ് കിടന്നാൽ പ്രയാസമാകില്ലേ എന്ന് ഞാൻ ആശങ്ക പ്രകടിപ്പിച്ചു. എന്നാൽ മാഷ് ദൃഢനിശ്ചയം ചെയ്തിരിക്കുകയായിരുന്നു. ആദ്യത്തെ മൂന്ന് സത്യാഗ്രഹികളെ ആശുപത്രിയിലേക്ക് മാററിയപ്പോൾ അദ്ദേഹം നിരാഹാരസമരം ആരംഭിച്ചു. ആഴ്ച ഒന്നും രണ്ടും കഴിഞ്ഞിട്ടും അദ്ദേഹത്തിന് പ്രശ്നമൊന്നുമില്ല എന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. പലതവണ മാഷ് എന്നോട് പറഞ്ഞു. സമരം വിജയിക്കാതെ ഞാൻ പിന്മാറുകയില്ല. മരിക്കാൻ ഞാൻ തയ്യാറാണ്.

ഒടുവിലത്തെ ദിവസം ജനസമുദ്രത്തിനുണ്ടായ ജനപങ്കാളിത്തവും മാധ്യമങ്ങളുടെ വലിയ പിന്തുണയും മോഹൻകുമാറിന്റെ ആത്മവിശ്വാസത്തെ വർദ്ധിപ്പിച്ചതായി എനിക്ക് തോന്നി. ശരീരം തളർന്നിരുന്നെങ്കിലും അദ്ദേഹത്തിന്റെ മനസ്സും ശബ്ദവും ഒട്ടും തളർന്നിരുന്നില്ല. മൈക്ക് ചോദിച്ച് വാങ്ങാൻ അദ്ദേഹം ജനക്കൂട്ടത്തോട് ഒരു മണിക്കൂറോളം ആവേശഭരിതനായി സംസാരിച്ചു. പ്രസംഗം അവസാനിപ്പിച്ച ശേഷം അദ്ദേഹം എന്നെ വിളിച്ച് അരികിൽ, കട്ടിലിൽ ഇരിക്കാൻ ആവശ്യപ്പെട്ടശേഷം പതുക്കെ പറഞ്ഞു.

ഇതെന്റെ അവസാനത്തെ സമരമാണ്.

നടുക്കത്തോടെ ഞാൻ അദ്ദേഹത്തെ മിഴിച്ചു നോക്കി. മാഷ് തുടർന്നു.


ഈ സമരത്തോടെ മനുഷ്യനു വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും ഞാൻ അവസാനിപ്പിക്കുകയാണ്. പശ്ചിമ ഘട്ടത്തിന്റെ താഴ്വാരത്തിലുള്ള ഏതെങ്കിലും കാടിനരുകിൽ പോയി ഇനിയുള്ള കാലം കഴിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഒരു കനത്ത വിറയൽ എന്റെ രക്തക്കുഴലുകളിലൂടെ വ്യാപിക്കുന്നത് ഞാനറിഞ്ഞു. ഒരക്ഷരം മിണ്ടാനായില്ല എനിക്ക്. ഏഴ് കൊല്ലം മുൻപ് ഞാൻ എഴുതാൻ ആരംഭിച്ച നോവലിലെ കഥകളാണ് മാഷ് എന്നോട് പറയുന്നത്. ഷർട്ട് ധരിക്കാതെ ഒററമുണ്ടിൽ മാത്രം ജീവിതം മുന്നോട്ട് കൊണ്ട് പോകുന്ന മാഷ് കാഴ്ചയിലും നീലകണ്ഠനെ ഓർമ്മിപ്പിച്ചു. സമൂഹത്തിലെ വിഷം ആഹരിക്കാൻ തയ്യാറായ മാഷ് പ്രകൃതത്തിലും നീലകണ്ഠനെപ്പോലെ തോന്നിപ്പിച്ചു. സങ്കല്പത്തിൽ ഞാൻ തീർത്തും നീലകണ്ഠനെ മുന്നിൽ കാണുന്നതു പോലെ. ഞാൻ വിസ്മയഭരിതനായി.

അന്നേരം എനിക്ക് ഒന്നും പറയാനാവില്ല. പക്ഷെ എനിക്ക് ബോധ്യമുണ്ട്. വനവാസത്തിന് പോയാലും മാഷ് തിരിച്ചു വരും. നീലകണ്ഠനെപ്പോലെ, വിഷഹാരിയാവാൻ.


കഴിഞ്ഞ ദിവസമുണ്ടായ അനുഭവം കൂടി പറയാം. എൻഡോസൾഫാൻ നിയമവിരുദ്ധമായി കുഴിച്ചിട്ട നെഞ്ചംപറമ്പിൽ ആയിരം വേപ്പിൻ തൈകൾ വനം വകുപ്പും മനോരമയുടെ ഭൂമിക്കൊരു കുടയും എൻവിസാജും ചേർന്ന് നടുമെന്ന് വായിച്ചപ്പോൾ വീണ്ടും എൻമകജെ ആവർത്തിക്കുകയാണെന്ന് എനിക്ക് തോന്നി. നീലകണ്ഠൻ എൻമകജെയിലെ കാട്ടിൽ വെച്ച്പിടിപ്പിക്കുന്നത് ആര്യവേപ്പുകളാണ്. ഭൂമിയിലെ ഏററവും ഔഷധ ഗുണമുള്ള മരം ഒടുവിൽ പരീക്ഷിത്ത് മരണപ്പെട്ടപ്പോൾ അവന്റെ ശവകുടീരത്തിലും നീലകണ്ഠൻ ആര്യവേപ്പാണ് നടുന്നത്. വിഷമഴയിൽ മക്കൾ നഷ്ടപ്പെട്ട ഹാജിറയും മമതയും മററും വേപ്പിൻ തൈകൾ നടുന്ന ചിത്രം പിറേറന്ന് കണ്ടപ്പോൾ അത്ഭുതത്തോടെ ഞാൻ നോവൽ ഓർമ്മകളിലൂടെ കടന്നു പോയി. അതേ. നോവൽ ആവർത്തിക്കുകയാണ്.

നിഘണ്ടു സാക്ഷ്യപ്പെടുത്തിയത് കൊണ്ടു മാത്രം നാം വിശ്വസിക്കേണ്ടതില്ല. ഫിക്ഷൻ കെട്ടുകഥയല്ല. നുണക്കഥയല്ല. കെട്ടുകഥയേക്കാളും അവിശ്വസനീയമായ പച്ചയായ ജീവിതമാണ്. പേജുകളുടെ വക്കിൽ നിന്നു മാത്രമല്ല ഓരോ വാക്കിൽ നിന്നും ചോര പൊടിയും




# വംഗാരി മതായ് : തലകുനിക്കാത്ത പെണ്ണ്

പ്രമോദ് വെള്ളച്ചാൽ
എം.ജി.കോളജ്, ഇരിട്ടി



ഫ്യൂഡൽ തമ്പുരാക്കൻമാരുടെ ശൃംഗാര ബോധവും ബൂർഷ്വാ സൗന്ദര്യപൂജയുടെ സൗന്ദര്യശാസ്ത്രവും മുതലാളിത്ത കമ്പോള യുക്തിയുടെ വാണിജ്യബോധ്യങ്ങളും സ്ത്രീയെയും സ്ത്രീസൗന്ദര്യത്തെയും സൗകര്യപൂർവ്വം നിർവ്വചിച്ചിട്ടുണ്ട്. എന്നാൽ 'കുനിഞ്ഞ ശിരസ്സല്ല, ഒരിക്കലും കുനിയാത്ത ശിരസ്സാണ് പെണ്ണിന്റെ സൗന്ദര്യമെന്ന് നിതാന്തജാഗ്രത്തായ അറിവിലൂടെയും മാനവികബോധത്തിലൂടെയും തെളിയിച്ചു കൊടുത്ത വാംഗാരി മതായിയുടെ" ജ്വലിക്കുന്ന ആത്മകഥയാണ് തലകുനിക്കാതെ (Unbowed) എന്ന പുസ്തകം. അതുകൊണ്ടുതന്നെ പരമ്പരാഗത സൗന്ദര്യമൂല്യങ്ങളുടെ പൊഴിച്ചെഴുത്തും പെണ്ണെഴുത്തുമായി ഈ ആത്മകഥ മാറുന്നു.

പ്രസാധക കുറിപ്പിൽ പറയുന്നതുപോലെ "ഇരുണ്ട ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ കെനിയയുടെ പർവ്വത പുത്രിയായി പ്രകൃതിയോടിണങ്ങി വളർന്ന ഒരു ഗോത്രവർഗ പെൺകുട്ടി എങ്ങിനെ കൊടുമുടിയോളം വളർന്നുവെന്ന് വായിച്ചറിയുക ഒരു നവ്യാനുഭവം തന്നെയാണ്". ഭാഷയെ, ദേശത്തെ, സംസ്കാരത്തെ എല്ലാം വെട്ടിമുറിച്ചുകൊണ്ട് തങ്ങളുടെ നിത്യഹരിത സമൃദ്ധിയെയും നന്മകളെയും ചൂഷണം ചെയ്ത് അധീശ ശക്തികൾക്കെതിരെ മനുഷ്യശക്തിയുടെ മഹാദുർഗ്ഗം പണിയാൻ ഒരു സ്ത്രീക്ക് എങ്ങനെ കഴിഞ്ഞു എന്ന് ലോകം അമ്പരന്നത് മതായിയുടെ ജീവിതം കണ്ടുകൊണ്ടാണ്. സ്വന്തം വീട്ടു വളപ്പിൽ പച്ചമരങ്ങൾ നട്ടുവളർത്തി ഗ്രീൻ ബെൽറ്റ് (Greenbelt) പ്രസ്ഥാനത്തിന്റെ പര്യായമായി മാറിയ മതായി പ്രകൃതിയുടെ തന്നെ മകളാണ്. സ്ത്രീ - പ്രകൃതി - അതിജീവനം എന്ന പാരസ്പര്യത്തിന്റെ നേർകാഴ്ചയാണ് വംഗാരി മതായി.

അടിസ്ഥാന മാനവിക ബോധ്യങ്ങൾ ഉയർത്തിപ്പിടിച്ച് കുറച്ച്കാലംകൊണ്ട് കേരളീയ ധൈഷണിക മണ്ഡലത്തിൽ വർഗപക്ഷപാതത്തിന്റെ ഇടം കണ്ടെത്തിയ പ്രസാധക രംഗത്തെ പുരപ്പെരുമയായ തൃശ്ശൂർ സമതയാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളത്. കമ്പനിയുടെ ലളിതസുന്ദരമായ മൊഴിമാറ്റത്തിലൂടെ സമതയുടെ നാലാമത്തെ പുസ്തകമായ 'തലകുനിക്കാതെ' പുറത്തിറങ്ങുമ്പോൾ 'പ്രാദേശിക കർമ്മപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുമ്പോൾ ആഗോള ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും സവിശേഷമായ പ്രാധാന്യമുണ്ടെന്ന ചിന്ത' സമതയുടെ ചെർപേഴ്സൺ ലളിതാ ലെനിൻ പ്രസാധക കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്.

1940 ൽ ആഫ്രിക്കയിലെ കെനിയയിൽ നയരി (Nyeri) എന്ന സ്ഥലത്താണ് വംഗാരി മതായി ജനിച്ചത്. സെന്റ് സ്കൊളാസ്റ്റിക്ക കോളേജിൽ നിന്നും ബയോളജിക്കൽ സയൻസിൽ ബിരുദം. പീറ്റേർസ്ബർഗ് യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റർ ഓഫ് സയൻസ് ബിരുദം. ജർമ്മനിയിലെയും നെയ്റോബി യൂണിവേഴ്സിറ്റിയിലെയും പഠനത്തിനു ശേഷം ഡോക്ടറേറ്റ് ബിരുദം നേടി. സെൻട്രൽ ആഫ്രിക്കയിൽ ആദ്യമായി ഡോക്ടറേറ്റ് നേടിയ വനിത മാതായി ആണ്. 1970 ൽ മതായി ഗ്രീൻബെൽറ്റ് പ്രസ്ഥാനം ആരംഭിച്ചു. മരങ്ങൾ വെച്ചുപിടിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുക തുടങ്ങിയ ആശയങ്ങളാണ് ഈ പ്രസ്ഥാനത്തിലൂടെ മുന്നോട്ട് വെച്ചത്. 1986 ൽ Right Livelihood Award ലഭിച്ചു. 2004 ൽ സുസ്ഥിര വികസനം, ജനാധിപത്യം, സമാധാനം എന്നിവയുടെ പേരിൽ നോബൽ സമ്മാനം നേടിയ ആദ്യ ആഫ്രിക്കൻ വനിതയായി വംഗാരി മതാ

യി. പാർലമെന്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷം കെനിയയിൽ പരിസ്ഥിതി സഹമന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1986ൽ ആരംഭിച്ച ഗ്രീൻബെൽറ്റ് പ്രസ്ഥാനം ഒരു പാൻ ആഫ്രിക്കൻ പ്രസ്ഥാനമായി മാറുകയും, താൻസാനിയ, ഉഗാണ്ട, മലാവി, ലെസോത്തോ, എത്യോപ്യ, സിംബാവേ എന്നീ രാഷ്ട്രങ്ങളിലെ വനം, പരിസ്ഥിതി സംരക്ഷണങ്ങളിൽ വലിയതോതിലുള്ള മുന്നേറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തു. കെനിയൻ ഭരണകൂടത്തിന്റെ അനധികൃത വനം കൈയ്യേറ്റങ്ങൾക്കെതിരെ ആഗോളശ്രദ്ധ പിടിച്ചുപറ്റി ജയിലിലായിട്ടുണ്ട് മതായി. കെനിയൻ പാർലമെന്റിൽ പോൾ ചെയ്ത വോട്ടിൽ 98% നേടി മതായി വിജയിച്ച് പാരിസ്ഥിതിക - വന്യജീവി സംരക്ഷണ വകുപ്പ് സഹമന്ത്രിയായിട്ടുണ്ടെങ്കിൽ അത് അവരുടെ സമരോന്മുഖമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിരുന്നു.

ബാല്യകാല ഓർമ്മകളിലൂടെ സഞ്ചരിച്ച് ഒടുവിൽ പ്രത്യാശയുടെ ഹരിത മേലാപ്പുകളിലേക്ക് സഞ്ചരിച്ചെത്തുന്ന വംഗാരി മതായിയുടെ ആത്മകഥ ശരിക്കും ഒരു പാഠപുസ്തകമാണ്. പ്രകൃതി ചൂഷണത്തിന്റെ കോർപ്പറേറ്റ് സന്നാഹങ്ങൾ പത്മവ്യൂഹവുമായി നിൽക്കുമ്പോൾ അതിജീവനത്തിന്റെ ഇടങ്ങൾ കണ്ടെത്തുവാൻ ഈ ആത്മകഥ ഒരു വഴികാട്ടിയാവും. "തോരാ മഴക്കാലം തുടങ്ങുന്നതിന് കഷ്ടി രണ്ടാഴ്ച മുമ്പാണ് കുഴൽ വെള്ളമോ വൈദ്യുതിയോ ഇല്ലാത്ത മൺകൂരയിൽ അമ്മ എന്നെ പെറ്റിട്ടത്. വയറ്റാട്ടിയും ബന്ധുക്കളും കൂട്ടുകാരും അമ്മക്ക് തുണയായി ഉണ്ടായിരുന്നു. കെനിയയിലെ നാല്പത്തിരണ്ട് വംശീയ ഗോത്രങ്ങളിൽ അന്നും ഇന്നും ഏറ്റവും ജനസമൃദ്ധമായ കിക്കുയുക്കളിൽപ്പെട്ട എന്റെ അച്ഛനും അമ്മയും സ്വന്തം മണ്ണിൽ കൃഷി ചെയ്ത് ജീവിക്കുന്നവരായിരുന്നു" - എന്ന് വംഗാരി മതായി പറയുമ്പോൾ മണ്ണിന്റെ ഗന്ധവും സ്പർശവും ഹൃദയത്തിൽ സൂക്ഷിക്കുന്നവളുടെ വാക്കുകളായിത്തീരുന്നു അവരുടെ ഓർമ്മകളും ജീവിതവും. പാരിസ്ഥിതികമായ സ്നേഹത്തിന്റെ ഊഷ്മളത തൊട്ടറിഞ്ഞ വംഗാരി മതായിയുടെ ബാല്യകാലം അവരിങ്ങനെയാണ് അടയാളപ്പെടുത്തുന്നത്. "കുറ്റിച്ചെടികളും ഇഴവള്ളികളും പന്നലുകളും മരങ്ങളും ഇടതിങ്ങി വളരുന്ന മണ്ണിലായിരുന്നു ഞങ്ങളുടെ വീട്. മിക്ക ചെടികൾക്കും കായ്കളും പഴങ്ങളുമുണ്ട്. മഴയുടെ പെയ്ത്ത് കണിശവും ഉദാരവുമായതിനാൽ കണ്ണീരുപോലുള്ള കുടിവെള്ളം എല്ലായിടത്തും സമൃദ്ധമായിരുന്നു. ചോളത്തിന്റെയും പയറുവർഗങ്ങളുടെയും ഗോതമ്പിന്റെയും പച്ചക്കറികളുടെയും നന്നായി നനച്ചു വളർത്തുന്ന പാടങ്ങൾ പരവതാനി വിരിച്ചു നിന്നു. വിശപ്പെന്ന വികാരം പൂർണമായും അപ്രത്യക്ഷമായിരുന്നു. മണ്ണ് കടുംചുവപ്പ് നിറമാർന്നതും പശിമയുള്ളതും വളക്കൂറുള്ളതുമായിരുന്നു".

മണ്ണിൽ നിന്നും സ്വയം അന്യവൽക്കരിക്കുകയോ അഥവാ അന്യവൽക്കരിക്കപ്പെടുകയോ ചെയ്യുന്ന പുത്തനധിനിവേശക്കാലത്ത് അമ്മയുടെ ഗർഭപാത്രം പോലെ മുളപൊട്ടുന്ന മണ്ണിന്റെ സ്നേഹാർദ്രത പകരുന്ന അതിജീവനത്തിന്റെ അനുഭൂതി



വംഗാരി മതായി സ്വന്തം ജീവിതം കൊണ്ട് പറഞ്ഞു തരുമ്പോൾ അനിവാര്യമായ ഒരു തിരിഞ്ഞുനോട്ടം കാർഷിക സമ്പദ് വ്യവസ്ഥയുടെ ഘന സ്മൃതികൾ പേറുന്ന ഇന്ത്യൻ സമൂഹത്തിന് ചില പാഠങ്ങൾ ചൊല്ലിത്തരുന്നുണ്ട്. ഒരു കുഞ്ഞ് ഗോത്രത്തിലേക്ക് പിറന്നുവീഴുമ്പോൾ അമ്മക്കൊപ്പം ആ പൈതൽ നുകരുന്നത് മണ്ണിന്റെ രുചിയുള്ള കാർഷിക വിഭവങ്ങളുടെ നീരാണ് എന്നത് അത്ഭുതകരമായ വാർത്ത തന്നെയാണ്. ജനിച്ചു വീഴുന്നതിൽ മുന്നേ തന്നെ ജാതി, മത ബോധങ്ങൾകൊണ്ട് കുട്ടിയെ പൊതിയാൻ നടക്കുന്ന വൃത്തികെട്ട ഒരു സാമൂഹ്യവ്യവസ്ഥ ഇവിടെ നിന്നും ചില ബാലപാഠങ്ങൾ പഠിക്കുന്നത് നന്നായിരിക്കും.

'പ്രകാശത്തിന്റെ ആലയം' എന്നറിയപ്പെട്ട കെനിയ പർവ്വതം അവർക്ക് (കിക്കുയുകൾക്ക്) വിശുദ്ധമായിരുന്നു. "ആഫ്രിക്കയിലെ ഏറ്റവും ഉയരമുള്ള രണ്ടാമത്തെ കൊടുമുടി കൂടിയായ ഈ പർവ്വതം എല്ലാ നന്മകളുടെയും ഉറവിടമായിരുന്നു. കാർഷിക സമ്പൽ സമൃദ്ധി സാദ്ധ്യമാക്കിയ ദൈവിക സാന്നിദ്ധ്യമായി അവർ കെനിയ പർവ്വതത്തെ കണ്ടു. പക്ഷെ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് കെനിയയിലെത്തിയ യൂറോപ്യൻ മത പ്രചാരകർ ദൈവം കെനിയ പർവ്വതത്തിലല്ല, മേഘങ്ങൾക്ക് മുകളിലുള്ള സ്വർഗത്തിലാണ് വസിക്കുന്നതെന്ന് കിക്കുയുക്കളെ തിരുത്തി പഠിപ്പിച്ചു. ആഫ്രിക്കയുടെ സമൃദ്ധമായ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്ന പുത്തൻ രീതികളും അതോടെ പ്രചാരം നേടി. ഇറക്കുമതി ചെയ്ത മരങ്ങളുടെ തോട്ടങ്ങൾ, കാട്ടുമൃഗങ്ങളെ വേട്ടയാടൽ, മരങ്ങൾ വെട്ടി നശിപ്പിക്കൽ തുടങ്ങിയ പരിപാടികളും അതോടു കൂടി ആരംഭിച്ചു. പുരോഗതിയുടെ പേരിൽ പരിസ്ഥിതി നാശം വിതക്കപ്പെടുന്നത് തദ്ദേശീയർക്ക് നിസ്സംഗതയോടെ നോക്കി നിൽക്കേണ്ടി വന്നു. മതം മാറ്റവും മതപ്രചാരണവും ലാക്കാക്കിയ ബ്രിട്ടീഷ് കോളനി ഭരണത്തിൽ മതം മാറിയ കിക്കുയുകൾക്ക് വലിയ മുൻഗണന ലഭിച്ചു. ഗ്രാമത്തലവൻമാരെല്ലാം നഗരത്തലവൻമാരായി നിയമിക്കപ്പെട്ടു.

ബാല്യകാലത്തിന്റെ ഓർമ്മകളിൽ നിന്നും കൃഷിയുടെ ബാലപാഠങ്ങളിലേക്ക് വംഗാരി മതായി വായനക്കാരെ കൊണ്ടുപോകുന്നു. "അമ്മയുടെ പാടത്തിനു നടുവിൽ ഏതാണ്ട് പതിനഞ്ചടി വരുന്ന ഭാഗം അവർ എനിക്ക് തന്നിരുന്നു. അവിടെ എങ്ങിനെയാണ് വിളകൾ നടേണ്ടതെന്നും അവയെ എങ്ങിനെ പരിപാലിക്കണമെന്നും അമ്മ എനിക്ക് പറഞ്ഞു തന്നിരുന്നു. മഴ പെയ്യാൻ തുടങ്ങിയാൽ അമ്മ പറയും "മഴയത്തിങ്ങനെ മടിപിടിച്ച് നടക്കരുത്, എന്തെങ്കിലുമൊന്ന് നട്".

സ്വന്തം ജീവിതത്തിൽ നിന്നും ഒരാൾക്ക് മറ്റുള്ളവരെയോ പുതിയ തലമുറയെ നോക്കിയോ ചിലതൊക്കെ പറയാനുണ്ടാകും. വംഗാരിയും പറയുന്നു, "കുട്ടിക്കാലത്തെ അനുഭവങ്ങളാണ് ഒരാളുടെ സ്വഭാവത്തെ വാർത്തെടുക്കുന്നത്. കാണുകയും കേൾക്കുകയും അനുഭവിക്കുകയും തൊട്ടറിയുകയും മണക്കുകയും ചെയ്യുന്ന ജീവിതത്തെ എങ്ങനെ വിവർത്തനം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കും നിങ്ങളുടെ വ്യക്തിത്വ രൂപീകരണം സാധ്യമാവു

ന്നത്". വംഗാരിയുടെ ചാരിതാർത്ഥ്യം മറ്റൊന്നുമായിരുന്നില്ല. "മണ്ണും മനസ്സും ഒരേ അളവിൽ ഒരുക്കുന്ന ഒരു സംസ്കാരത്തിലാണ് ഞാൻ ജനിച്ചു വളർന്നതെന്നത് എനിക്ക് ഏറെ അഭിമാനം നൽകുന്നു".

പഠനവും അമേരിക്കൻ ഉപരി പഠനവും നൽകിയ തിരിച്ചറിവുകളിൽ നിന്നാണ് സ്വാതന്ത്ര്യത്തിന്റെ തീനാമ്പുകൾ വംഗാരിയുടെ മനസ്സിൽ ജ്വലിക്കാൻ തുടങ്ങിയത്. 'ആഫ്രിക്കൻ സ്ത്രീ എന്ന നിലയിൽ ഞാൻ കൂടുതൽ അടിച്ചമർത്തപ്പെട്ടവളാണെന്ന് എനിക്ക് തോന്നിയിരുന്നു. ആകാശമാണ് അതിര് എന്നുറപ്പിച്ച് കെനിയയിൽ തിരിച്ചെത്തിയ എന്നെ കാത്തിരുന്നത് തിക്തമായ അനുഭവങ്ങളാണ്' എന്ന് മതായി പറയുന്നു. സ്വാതന്ത്ര്യമെന്നാൽ തന്റെ മാത്രം സ്വാതന്ത്ര്യമല്ലെന്നും അത് കെനിയയുടെ സ്വാതന്ത്ര്യം കൂടിയാണെന്ന് അവർ തിരിച്ചറിഞ്ഞു. അമേരിക്കയിൽ ചെലവഴിച്ച വർഷങ്ങൾക്കിടിയിൽ തനിക്കും പിറന്ന നാടിനും സംഭവിച്ച മാറ്റങ്ങൾ വംഗാരിയുടെ കണ്ണുകളെ ഈറനണിയിച്ചു. അമേരിക്കയിലെ സിവിൽ അവകാശ പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന മാർട്ടിൻ ലൂഥർകിങ്ങിന്റെ വാക്കുകൾ വംഗാരി മതായിക്ക് തുണയായിരുന്നു. "സ്വാതന്ത്ര്യം സ്വാതന്ത്ര്യം . . . ദൈവമേ അവസാനം ഞങ്ങൾ സ്വതന്ത്രരായി" സമുദായ പ്രീണനവും അഴിമതിയും കെനിയയെ ഭരിക്കുന്നതെന്ന് ഭീതിയോടെ അവർ തിരിച്ചറിഞ്ഞു. 1966 ൽ മവാംഗി മതായിയെ അവർ കണ്ടുമുട്ടി. ചങ്ങാതിമാരാണ് തന്റെ ഭർത്താവാകാൻ വിധി തെരഞ്ഞെടുത്ത അവരെ തനിക്ക് പരിചയപ്പെടുത്തിയതെന്ന് വംഗാരി പറയുന്നു.

ക്ലേശകരമായ അനുഭവങ്ങളിലൂടെ മാറ്റത്തിന്റെ വിത്തുകൾ തേടിയലയുകയായിരുന്നു വംഗാരി. "ജീവിതത്തിന്റെ മുന്നോട്ടുള്ള പാതയിൽ ഒരു തവണയെങ്കിലും കാലിടറി വീഴാത്തവർ ചുരുക്കമാണ്. ഓരോ വീഴ്ചയും ലക്ഷ്യത്തിലേക്കുള്ള യാത്ര അൽപം വൈകിപ്പിക്കുന്നു എന്നുമാത്രം. അവിടെ നിന്ന് എഴുന്നേറ്റ് മുന്നോട്ട് പോവാനുള്ള ഊർജ്ജം സ്വയം ആർജ്ജിക്കുന്നവരാണ് വിജയികൾ എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു.

1980 കളുടെ പകുതിയോടെയാണ് അന്തർദേശീയ ശ്രദ്ധപിടിച്ചുപറ്റിയ ഗ്രീൻബെൽറ്റ് പ്രസ്ഥാനം രൂപപ്പെടുന്നത്. രണ്ടായിരം സ്ത്രീ സംഘങ്ങൾ വിത്തുകൾ ശേഖരിക്കുകയും തൈച്ചെടികൾ നടുകയും മരങ്ങൾ സംരക്ഷിക്കുകയും ചെയ്തു. പതിനായിരക്കണക്കിന് സ്ത്രീപുരുഷൻമാർ ഇതിൽ പങ്കാളികളായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യകാലമായപ്പോഴേക്കും അവർ മുപ്പത് ദശലക്ഷം മരങ്ങൾ കെനിയയിൽ മാത്രമായി നട്ടു കഴിഞ്ഞിരുന്നു.

പണക്കാർക്കും പാവപ്പെട്ടവർക്കും ഒരുപോലെ വിശ്രമം നൽകി ആനന്ദം പ്രദാനം ചെയ്ത നെയ്റോബിയുടെ ഹൃദയഭാഗത്തുള്ള ഉഹരുരു പാർക്ക് ഇല്ലായ്മ ചെയ്യാനും ആ സ്ഥലത്ത് ബഹുനില കെടിടം കെട്ടിപ്പൊക്കാനുമുള്ള സർക്കാർ പദ്ധതിക്കെതിരെ വലിയ പ്രതിഷേധം സംഘടിപ്പിച്ചു. മാധ്യമങ്ങളുടെ സഹായത്തോടുകൂടി ആ ശ്രമങ്ങളെ തടുത്തു നിർത്താൻ വംഗാരിക്കും കൂട്ടാളികൾക്കുമായി

സർക്കാരിനെതിരെ പ്രവർത്തിച്ചാൽ എന്തും സംഭവിക്കാമെന്ന ഭീതി കെനിയക്കാരെ നിശബ്ദരാക്കിയ സന്ദർഭത്തിലായിരുന്നു വംഗാരിയുടെ സമരമുറകൾ. സമ്പന്നരെ സഹായിക്കുന്ന സർക്കാർ നയങ്ങൾക്കെതിരെ സർക്കാരിനെഴുതിയ കത്തുകൾ മാധ്യമങ്ങളിലൂടെ പുറത്തുകൊണ്ടുവന്നു. നിസ്സാരയായ ഒരു പെണ്ണിന് സർക്കാരിനെ മുട്ടു കുത്തിക്കാനാവുമെന്ന് അമ്പരപ്പോടെ കെനിയൻ ജനത തിരിച്ചറിഞ്ഞു. വംഗാരിയെ ഒരാൾ അഭിനന്ദിച്ചത് ഇങ്ങനെയാണ്, "സമൂഹത്തിൽ അവശേഷിക്കുന്ന ഒരേ ഒരാണ് നിങ്ങളാണ്" എന്നായിരുന്നു.


സ്വേച്ഛാധിപത്യ രാജ്യത്ത് ജീവിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ സ്വതന്ത്രമായ സമൂഹത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവരെ പറഞ്ഞ് മനസ്സിലാക്കാൻ എളുപ്പമല്ല എന്ന് വംഗാരി പറയുന്നു. കെനിയയിലെ തലകുനിക്കാത്ത സ്വാതന്ത്ര്യ പോരാട്ടത്തിന്റെ ചാലകശക്തി തന്നെയായിരുന്നു വംഗാരി. 1992 ലും 94 ലും കെനിയയിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഗ്രീൻബെൽറ്റ് പ്രസ്ഥാനം നിർണ്ണായക പങ്കുവഹിക്കുകയുണ്ടായി. പരാജയങ്ങളുടെ ഗ്രഹണവഴികളിലൂടെ സ്വാതന്ത്ര്യത്തിന്റെ നുറുങ്ങു വെട്ടത്തിനായി അവിരാമമായ സമര മാർഗ്ഗങ്ങൾ നേടിയിട്ടൊടുവിൽ 2002 ൽ "എഴുന്നേൽക്കൂ നടക്കൂ" എന്ന മുദ്രാവാക്യമുയർത്തി പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ചു. അവർ സമ്മദിദായകരോട് പറഞ്ഞത് ഇതാണ്, "മഹാൽഭുതങ്ങളോ, ഔദാര്യത്തിന്റെ അപ്പക്കഷണങ്ങളോ ഞാൻ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നില്ല, ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമുക്ക് എഴുന്നേറ്റ് നിൽക്കാം" ഫലം വന്നപ്പോൾ ഭരണകക്ഷിയായ കെനിയൻ ആഫ്രിക്കൻ നാഷണനൽ യൂണിയൻ ദയനീയമായി പരാജയപ്പെട്ടു. അങ്ങിനെ അടിച്ചമർത്തലുകളുടെ രാജവാഴ്ചകളിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ ഉയർത്തെഴുനിൽപ്പുകളുണ്ടായി. "എന്റെ നാടിന്റെ പുതിയ തുടക്കം കാണാൻ ഭാഗ്യം സിദ്ധിച്ചവരിലൊരാളാണ് ഞാൻ. മറ്റുള്ളവർക്ക് അത്രത്തോളം ഭാഗ്യമില്ലാതെ പോയി. മേഘാവൃതമായ ആകാശത്തും പ്രത്യാശയുടെ വെള്ളിവെളിച്ചം കാണുന്നവളാണ് ഞാൻ. അതിനായി കാത്തിരിക്കുന്നവളുമാണ്. ആ വെള്ളിവെളിച്ചം കാണാൻ ഈ തലമുറക്ക് ഭാഗ്യമുണ്ടായില്ലെന്ന് വരും. എങ്കിലും വരും തലമുറകൾക്കത് കാണാനാവുമെന്നത് തീർച്ചയാണ്" - ഒരു വിപ്ലവകാരിയുടെ മൂർച്ചയുള്ള പ്രതീക്ഷകളാണിത്.

2004 ൽ ഞെട്ടലോടെയാണ് സമാധാനത്തിനുള്ള നോബൽ സമ്മാനം തനിക്കാണെന്ന് വംഗാരി അറിയുന്നത്. കെനിയയിലെ ഭരണത്തിൽ സഹമന്ത്രിയായി പ്രവർത്തിച്ച മതായി ജീവിതം പോരാട്ടമാക്കിയവളാണ്. അതുകൊണ്ടുതന്നെ ജീവിതം വിശ്രമിക്കാനുള്ളതല്ലെന്ന് അവർക്കറിയാം. പീഢനങ്ങളുടെയും അധിനിവേശത്തിന്റെയും അധീശത്വത്തിന്റെയും മസ്തകങ്ങളിൽ നിർഭയം കയറിനിന്ന് സമരപോരാട്ടങ്ങളുടെ ചരിതവീര്യം കൊണ്ട് ഒരു മനുഷ്യ സമൂഹത്തിന് സ്വാതന്ത്ര്യത്തിന്റെ രുചിയെന്തെന്ന് അനുഭവിപ്പിച്ചുകൊടുത്ത വംഗാരി മതായി ഒരു ഊർജ്ജ സ്രോതസ്സാണ്. വിദ്യാഭ്യാസവും ഔന്നത്യവുമുള്ള സമൂഹങ്ങൾ നിഷ്ക്രിയതയുടെ പൂഴിമണലിൽ കിതച്ചുനിന്ന് ചുരമാന്തുമ്പോൾ ലജ്ജയുടെ മൂടുപടം പിഴുതെടുക്കുന്ന സാന്നിദ്ധ്യമായി ഓർമ്മകളിൽ, സിരകളിൽ, മിടിപ്പുകളിൽ, ബോധങ്ങളിൽ നിറഞ്ഞൊഴുകുന്നവളായി വംഗാരി മതായി മാറുന്നു. ആത്മകഥ അവസാനിപ്പിച്ചുകൊണ്ട് അവർ പറയുന്നു. "പച്ചപ്പുകൊണ്ട് ഭൂമിയുടെ നഗ്നത മറക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. നീലഗ്രഹത്തെ ജീവനേക്കാൾ സ്നേഹിക്കുന്ന ഒരുപിടി ആളുകൾ ഞങ്ങൾക്ക് തുണയായുണ്ട്. ഞങ്ങൾക്ക് അഭയം തേടാൻ മറ്റൊരിടമില്ല. ഭൂമിയുടെ തിരുമുറിവുകൾ നേരിട്ട് കണ്ടവർക്ക് സ്വസ്ഥരായി ഇരിക്കാനുമാവില്ല. ഞങ്ങൾ അസ്വസ്ഥരായി തന്നെ തുടരുന്നു. വിശ്രമിക്കാൻ ഞങ്ങൾക്ക് നേരമില്ല. പിന്തിരിയാൻ ഉദ്ദേശ്യവുമില്ല. ഭാവിതലമുറകൾ ഞങ്ങളെ കാത്തിരിക്കുന്നു. എഴുന്നേൽക്കൂ! മുന്നോട്ട് നടക്കൂ". 2011 അവർ മരിച്ചുപോയെങ്കിലും മനസ്സുകളിൽ പുനർജ്ജനിച്ചുകൊണ്ടിരിക്കുകയാണ്.



ഇന്ത്യയിലെ ശ്രേഷ്ഠ ശാസ്ത്രജ്ഞരിലൊരാളായി
ഉയരുക. [illegible]
[illegible] ചെയ്യുന്ന
[illegible], ശാസ്ത്രത്തെ [illegible]
[illegible]
ശാസ്ത്ര [illegible] പരിശ്രമിക്കുക!

ഒ.എൻ.വി. [signature]
തിരുവനന്തപുരം.
26-07-2012



# ശ്രേഷ്ഠം മലയാളം

**ഡോ.എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*



**കൈ**രളിക്ക് ശ്രേഷ്ഠ ഭാഷ എന്ന ബഹുമതി ഭൂഷണം ലഭിച്ചു എന്ന വാർത്ത നമ്മെ അഭിമാന പുളകിത രാക്കിയിരിക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ മുൻകയ്യിൽ 2008 ൽ ആരംഭിച്ച ഈ നേട്ടത്തിന് വേണ്ടിയുള്ള ശ്രമം ഒടുവിൽ ഫലപ്രാപ്തിയിൽ എത്തി. കൃത്യമായി പറഞ്ഞാൽ വിവിധ ഭാഷകൾക്ക് ശ്രേഷ്ഠ ഭാഷാപദവി അനുവദിക്കുന്നതു സംബന്ധിച്ച് മദ്രാസ് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൻെറ തീർപ്പിന് വിധേയമായിട്ടായിരിക്കും സർക്കാരിന് ശ്രേഷ്ഠപദവീ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുക.

കേന്ദ്ര സാഹിത്യ അക്കാദമീപഠന സമിതിയുടെ ശുപാർശ പ്രകാരം കേന്ദ്ര സാംസ്കാരിക മന്ത്രാലയം കേന്ദ്രമന്ത്രിസഭയുടെ മുന്നിൽ കൊണ്ടു വന്ന നിർദേശമാണ് നമ്മുടെ ഭാഷയ്ക്ക് ഈ ബഹുമതി നേടാൻ ഇടവരുത്തിയിരിക്കുന്നത്. ഇതുപോലെ തമിഴ്(2004), സംസ്കൃതം(2005) തെലുങ്ക്(2006) എന്നീ ഭാഷകൾ ഈ പദവി നേടിയിരുന്നു. 2006 ൽ സാംസ്കാരിക മന്ത്രി അംബികാ സോണി കൊണ്ടു വന്ന മാനദണ്ഡ പരിഷ്കാരം നമ്മുടെ ഭാഷയ്ക്ക് പദവി നൽകുന്നതിന് സന്ദേഹങ്ങൾ ഉയർത്തി മലയാളത്തിന് അങ്ങനെ 2008 ൽ പദവി നേടാനായില്ല. ഒ. എൻ. വി, പുതുശ്ശേരി മുതൽപേരുടെ ശ്രദ്ധാപൂർവ്വമായ ശ്രമാനുധാവനങ്ങൾ ഈ ഫലപ്രാപ്തി ഉണ്ടാക്കി.

ഔദ്യോഗിക ശ്രേഷ്ഠത ഇല്ലാതെ തന്നെ തനതു ശ്രേഷ്ഠതയ്ക്ക് ഒരു കോട്ടവുമില്ല എന്നത് നഗ്നസത്യമെങ്കിലും, ഭാഷ നേരിടുന്ന വിപത്തുകാലം നമ്മുടെ ഞരമ്പുകളിലെ ചോരതിളപ്പിക്കുന്നതാണ്.

## കേരള പ്രകൃതി

കേരള ഭാഷ, മലയാണ്മ,കൈരളി, മലയാളം ഇത്യാദി സംജ്ഞകൾ കൊണ്ട് അനുഗൃഹീതമായ നമ്മുടെ ഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ച് രേഖാ വ്യക്തതയില്ല. വന്ദ്യവരേണ്യവരദയായ ഭാഷാദേശ മാതാവിനെ വിഹഗ നേത്രത്താൽ നിരീക്ഷിക്കുന്ന കവിശ്രേഷ്ഠൻെറ വാക്കുകൾ ഉണ്ടല്ലോ ദക്ഷിണ ഭാരതാഗ്രത്തിലെ നമ്മുടെ നാടിൻെറ നില....

*പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലചായ്ചും*
*സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും*
*പള്ളി കൊണ്ടീടുന്ന നിൻപാർശ്വയുഗ്മത്തെക്കാത്തു-*
*കൊള്ളുന്നു, കുമാരിയും ഗോകർണ്ണേശനുമമ്മേ*

*(വള്ളത്തോൾ)'*

ലക്ഷദ്വീപ് കടലിനും സഹ്യപർവതത്തിനും ഇടയിൽ പെട്ടിരിക്കുന്ന സവിശേഷതയാർന്ന ഭൂപ്രകൃതി നിമിത്തം ഒററപ്പെട്ട നിലയുണ്ടായിരുന്നു മലയാളക്കരയ്ക്ക്. വൻമതിൽ തീർത്ത സഹ്യൻെറ പ്രതാപവും കവിവാക്യങ്ങളിൽ ഉണ്ട്.

*ശ്രീക്കേററ ലാസ്യപദമായ് ഭുവി സഹ്യമാകു-*
*മിക്കേളി പൂണ്ട മലയുണ്ടു വിളങ്ങിടുന്നു*
*ഈ കേരളാഖ്യ വിഷയത്തിനു നേർ കിഴക്കാ*
*യുക്കേറിടും പ്രകൃതി കെട്ടിയ കോട്ടപോലെ.*

പടിഞ്ഞാറൻ കടലിൻെറ സൗന്ദര്യം നാടിനെ തഴുകുന്നതും ദേശാഭിമാനികൾ വാഴ്ത്തിയിട്ടുണ്ടല്ലോ...

*പശ്ചിമ ജലധി തരംഗാവലിതൻ*
*ഉത്സൃത ശീതള ശീകരസേവ്യം*

*(ബോധേശ്വരൻ)'*

കേരളത്തിൻെറ വിഭവ സമൃദ്ധി തേടി ഈ

കടൽമാർഗ്ഗം തന്നെ വിദേശികൾ എത്തിയിരുന്നു. ക്രിസ്തുവിന് മുമ്പുള്ള നൂററാണ്ടുകളിൽ റോമാക്കാർ, ഗ്രീക്കുകാർ എന്നിവർ ഇവിടെ വന്നുവത്രെ. കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവ വാങ്ങിക്കൊണ്ടു പോയി. ബാബിലോണിയക്കാരും അസീറിയക്കാരും ഇവിടുത്തെ കറുവാപ്പട്ട, ഏലം എന്നിവ വാങ്ങുവാൻ സഹസ്രാബ്ദങ്ങളോളം പഴയ കാലത്ത് തന്നെ വന്നുവത്രെ. അറബികളും ഫിനീഷ്യന്മാരും ഇതുപോലെ സുഗന്ധദ്രവ്യ വ്യാപാരത്തിന് വന്നിരുന്നു. ഇതിനുള്ള തെളിവ് തരുന്ന ഗ്രന്ഥങ്ങൾ ക്രിസ്തുവർഷം അഞ്ചാം നൂററാണ്ടിൽ ( സംഘകാലം) പതിററുപ്പത്ത്, ചിലപ്പതികാരം, അകനാന്നൂറ്, പുറനാന്നൂറ് തുടങ്ങിയ തമിഴ്കൃതികളാണത്രെ. ഈ വസ്തുത തെളിയിക്കുന്നത് അന്ന് ഇവിടെ ഭാഷ തമിഴ് ആയിരുന്നു എന്നാണ്. എന്നാൽ മലയാളഭാഷ എപ്പോൾ ഉണ്ടായി? ഈ നിഗമനം ശരി തന്നെ ആണോ? ഏറെ ദശാബ്ദങ്ങളായി ചരിത്രകാരന്മാരെയും ഭാഷാശാസ്ത്രജ്ഞരെയും കുഴയ്ക്കുന്ന പ്രശ്നമാണ് ഇത്.

കയ്യുടെ ചലനം കൊണ്ടോ അന്തർഗതാശയം കൈമാറാൻ കുറെയൊക്കെ കഴിയുമെങ്കിലും ശബ്ദങ്ങളാണ് ഭാഷയ്ക്ക് പണ്ടും ഇന്നുമുള്ള വ്യാപാര സാമഗ്രി. വ്യാകരണവിധികളിലുള്ള സാധർമ്മ്യമാണ് വിവിധ ഭാഷകളെ ഗോത്രങ്ങളായി വിഭജിക്കുന്നതിൻെറ അടിസ്ഥാനം. ലോകഭാഷകളെ ഈ വിധം എട്ടു ഭാഷാഗോത്രങ്ങളായി തിരിച്ചിട്ടുണ്ട്. ഇൻേറാ യുറോപ്യൻ ഗോത്രം, സെമിററിക് ഗോത്രം, ദ്രാവിഡ ഗോത്രം ഇത്യാദികൾ ആണ് അവ. ഇരുനൂറിൽ അധികം വരുന്ന ഇന്ത്യൻ ഭാഷകൾ നാലോ അഞ്ചോ ഗോത്രങ്ങളിൽ പെടുന്നു. തെലുങ്ക്, തമിഴ്, കന്നട, മലയാളം എന്നിവയത്രെ ദ്രാവിഡ ഗോത്രത്തിൽ പെടുന്ന പ്രധാന ഭാഷകൾ. (4)

മലയുടെയും ആഴ(സമുദ്ര)ത്തിൻെറയും ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന ദേശം, മലയാഴം എന്നോ മലകളുടെ അളം(ദേശം) അഥവാ മലയാളം എന്നോ ഉള്ള അർത്ഥങ്ങളാൽ രൂപപ്പെട്ട പേര് (5) ഉള്ള ഈ ഭാഷയുടെ ജനിയെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. കോവുണ്ണി നെടുങ്ങാടിയുടെ പക്ഷം മലയാളം സംസ്കൃത ജന്യമാണ് എന്നാണ്. ഗോത്രവശാൽ ഈ അഭിപ്രായവും, പ്രാകൃത ഭാഷാജന്യമാണ് മലയാളം എന്ന മതവും തിരസ്ക്കരിക്കപ്പെട്ടിട്ടുണ്ട്. തമിഴ്ജന്യമാണെന്ന് എ ആർ രാജരാജ വർമ മുതൽ പേരും സമർത്ഥിക്കുന്നു. തമിഴും മലയാളവും ഒരേ ദ്രാവിഡ പൂർവ്വഭാഷയിൽ നിന്നും ഉയിർക്കൊണ്ടതാണെന്ന് വരെയും ഈ മതം പറഞ്ഞെത്തുന്നു. അതല്ല സംസ്കൃതം, തമിഴ് എന്നിവയുടെ ഒരു മിശ്രോൽപ്പന്നമാണ് മലയാളമെന്ന് ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നു. ഈ അഭിമതങ്ങൾക്കൊക്കെ ഉപോൽബലകങ്ങളായി ലേശമാത്രമായ തെളിവുകൾ ഉണ്ട് താനും. ശിലാശാസനങ്ങളും പട്ടയങ്ങളും തമിഴിലായിരുന്നു എഴുതപ്പെട്ടത്. കോടതി ഭാഷയും അഭ്യസന ഭാഷയും തമിഴായിരുന്നു ഏതാനും നൂററാണ്ടുകളിൽ എന്ന് ചരിത്രവും സാക്ഷ്യപ്പെടുത്തുന്നു. ചോളം, കേരളം, പാണ്ഡ്യം എന്നീ തെക്കേ ഇന്ത്യൻ പ്രദേശങ്ങളെ കൂട്ടായി തമിഴകം എന്നാണ് വ്യവഹരിച്ചു വന്നത്.

അതുകൊണ്ട് ജനങ്ങൾ സംസാരിച്ചിരുന്ന ഭാഷ അവിടെ തമിഴ് തന്നെ ആയിക്കൊള്ളണമെന്നില്ലല്ലോ. ഇംഗ്ലീഷ് ഭാഷ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലെ ഇന്ത്യ എന്ന പോലെ, ഭാഷാ ശാസ്ത്രജ്ഞർ അവലംബിക്കുന്ന അളവുകോലുകൾപ്പുറം ഇ എം എസിൻെറ ഒരു ഭാഷ്യമുണ്ട്.(5) ശബ്ദങ്ങളാണ് ഭാഷയുടെ അടിസ്ഥാനം എന്ന വസ്തുതയിൽ ഊന്നി നിൽക്കുന്നതാണ് അത്. പ്രാദേശികമായി ആശയവിനിമയത്തിന് രൂപം പൂണ്ട സംസാരഭാഷകൾ ആണ് ഏത് ഭാഷയുടെയും പ്രാഗ്രൂപങ്ങൾ. തമിഴ് ഭാഷയുടെ പ്രാഗ്രൂപമായ കൊടും തമിഴാണ് ഉദാഹരണം. തൊട്ടുതൊട്ടടുത്ത പ്രദേശങ്ങളിൽ നിലനിൽക്കുന്ന വ്യത്യസ്ത കൊടുംതമിഴുകളിലെസർവ്വസമ്മതങ്ങളും സ്വീകാര്യങ്ങളുമായ ഭാഷാംശങ്ങളെ ഏകോപിപ്പിച്ച് തമിഴ് ഭാഷ രൂപപ്പെട്ടതുപോലെ പല പല പ്രാദേശിക മലയാളങ്ങൾ ഏകോപിച്ച് ഈ വിധം രൂപപ്പെട്ടതാവണം മലയാള ഭാഷ എന്നത് ക്ലിഷ്ടമല്ലാത്തതും സയുക്തികവുമായ ഒരു ഭാഷാഗമ സിദ്ധാന്തമാണെന്ന് പറയാം.

ക്രിസ്തുവർഷം പന്ത്രണ്ടാം ശതകത്തിലെ രാമചരിതം ആണ് ഇന്നോളം കണ്ടു കിട്ടിയിട്ടുള്ളതിൽ വച്ച് ഏററവും പഴക്കമുള്ള മലയാള കൃതി.






**ഭാഷ**

മഹാകവി ഉള്ളൂരിൻെറ കേരള സാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഭാഷയുടെ നിർവ്വചനം ഇതാണ്. ഒരുവൻ തൻെറ അന്തർഗതം അന്യനെ ഗ്രഹിപ്പിക്കുന്നതിന് വേണ്ടി ഉച്ചരിക്കുന്നതും ആ അന്തർഗതം ഏതെങ്കിലും ഒരു ജനസമുദായത്തിലെ സങ്കേതമനുസരിച്ച് അന്യന് ഗ്രഹിക്കുവാൻ പര്യാപ്തമായ വർണ്ണാത്മക ശബ്ദങ്ങളുടെ സമൂഹവുമാകുന്നു ഭാഷ


വർണ്ണാത്മക ശബ്ദങ്ങളാണ് ഭാഷയുടെ അടിസ്ഥാനം. തലയാട്ടിയോ, കണ്ണുചലിപ്പിച്ചോ, ചുണ്ട് അനക്കിയോ



ബോധേശ്വരൻ



ഡോ. കെ.എം. ജോർജ്



പ്രൊഫ. ഇളംകുളം കുഞ്ഞൻ പിള്ള

എന്നു പറഞ്ഞാൽ 1200 ഓളം വർഷം പഴക്കം.[6] അതിലേറെ നൂററാണ്ടുകൾ നിലനിന്നു പോന്ന ഭാഷയാണ് മലയാളം എന്ന വസ്തുത രാമചരിതത്തിലെ തികവാർന്ന രചനാശൈലി സൂചിപ്പിക്കുന്നു.

*ഊനമററെഴുമിരാമചരിതത്തിലൊരുതെ-*
*ല്ലുഴിയിൽ ചെറിയവർക്കറിയുമാറുരചെയ്‌വാൻ*
*ഞാനുടക്കി നതിനേണനയനേ നടമായെൻ*
*നാവിലിച്ചയൊടു വച്ചടിയിണക്കമലതാർ*

തുടർന്ന് രാമകഥപ്പാട്ട്, കണ്ണശ്ശപ്പണിക്കന്മാരുടെ കാവ്യങ്ങൾ മണിപ്രവാളം അഥവാ സംസ്കൃത മിശ്ര മലയാളം, ചമ്പുക്കൾ, കൃഷ്ണഗാഥ എന്നിവ പിറന്ന് മലയാളഭാഷയെ സമ്പുഷ്ടമാക്കി.

തുടർന്നാണ് ഉദ്ദേശം പതിനേഴാം ശതകത്തിൽ എഴുത്തച്ഛൻെറ വരവ്. രാമായണ മഹാഭാരതങ്ങൾ മലയാളത്തിലേക്ക് സുലളിതമായ ശൈലിയിൽ വിവർത്തനം ചെയ്ത രാമാനുജൻ എന്ന തുഞ്ചത്ത് വീട്ടിൽ എഴുത്തച്ഛനെ മലയാള ഭാഷയുടെ പിതാവ് എന്ന് വിളിക്കുന്നു. കവി നേരിട്ടു പറയാതെ കിളിയെക്കൊണ്ട് പറയിക്കുന്ന കിളിപ്പാട്ടു ശൈലി, തമിഴ് പണ്ഡിതൻ കൂടിയായിരുന്ന എഴുത്തച്ഛൻ തമിഴിൽ നിന്ന് അവലംബിച്ചതത്രെ.

*ശാരികപൈതലേ ചാരുശീലേ വരി-*
*കാരോമലേ കഥാശേഷവും ചൊല്ലു നീ*

ചൊല്ലിയും ചൊല്ലിക്കേട്ടും മലയാളി പഠിച്ച എഴുത്തച്ഛൻെറ ലളിത ഭാഷാ സുന്ദരമായ കാവ്യച്ചിന്തുകൾ മലയാളിയുടെ ജീവിതത്തിലെ മായാത്ത വായ്ത്താരികളത്രെ.

*താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ*
*താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ.*

*(അദ്ധ്യാത്മ രാമായണം)*

## വിപത്തുകാലം

ശ്രേഷ്ഠ പദവി കൈവരുന്ന മലയാള ഭാഷയുടെ പ്രോത്സാഹനത്തിന് കേന്ദ്രസഹായം ലഭിക്കും. മലയാളത്തിലെ രണ്ടു പ്രമുഖ പണ്ഡിതർക്ക് വാർഷിക അവാർഡ് ഏർപ്പെടുത്തും. പഠന ഗവേഷണങ്ങൾക്ക് ശ്രേഷ്ഠ കേന്ദ്രങ്ങൾ സ്ഥാപിക്കും. മലയാള ഭാഷയിലെ മഹാപ്രതിഭകളുടെ പേരിൽ യു ജി സി, കേന്ദ്ര സർവകലാശാലകളിൽ ചെയറുകൾ തുടങ്ങും. ശരാശരി 100 കോടി രൂപ ഇവയ്ക്കായി അനുവദിക്കും. എല്ലാ ശ്രേഷ്ഠ ഭാഷകൾക്കും നൽകുന്ന പരിഗണന കേന്ദ്ര സാംസ്കാരിക മന്ത്രാലയം മലയാളത്തിന് നൽകും.

സവിശേഷമായ ഈ പരിഗണനകൾ മലയാളത്തിൻെറ വിപത്തു കാലത്താണ് ലഭിക്കുവാൻ പോകുന്നത്.




ഭാഷാ പഠനത്തോട് പരാങ് മുഖത്വം കൈക്കൊണ്ട കേരള ഇതര പ്രദേശങ്ങളിലെ മലയാളികളും അവരുടെ അനന്തര തലമുറകളും മാത്രമാണോ ഈ വിപത്തു കാലത്തിൻെറ പ്രായോജകർ?

*ജയജയ കോമള കേരള ധരണീ*
*ജയജയ മാമക പൂജിത ജനനീ*
*പ്രേമദമാകും പ്രമദവനം താൻ*
*ശ്യാമള സുന്ദരമെന്നുടെ രാജ്യം*
*മലയജ സുരഭിലമാരുതനേൽക്കും*
*മലയാളം ഹാ മാമക രാജ്യം*
*(ബോധേശ്വരൻ) (3)*

എന്ന് പാടി നാം നമിക്കുന്ന ഭൂമികയെ, ഉൽപന്നങ്ങൾ വിററഴിക്കാനുള്ള കമ്പോളമായിക്കാണുന്ന കോർപ്പറേററുകളാണ് ഈ വിപത്തുകാലത്തിൻെറ സൃഷ്ടാക്കൾ. വിപണന പ്രക്രിയയ്ക്ക് ഭാഷയെ വക്രീകരിച്ച് എസ് എം എസ് പരുവത്തിലാക്കുന്ന കൃത്യങ്ങൾ ഇതിൽപെടും. സൗന്ദര്യബോധവും യുക്തിയും വിളയാൻ ഇടനൽകാതെ ഏററവും സമർത്ഥന്മാരെ ഐററി സെക്ടറിലെ വികാരലേശമില്ലാത്ത അടിമ ഉപകരണങ്ങൾ ആക്കി മാററുന്നതും ഇതിൽ പെടും.

ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ശക്തമായ ആക്രമണം ആണ് ഇക്കൂട്ടർ അഴിച്ചുവിടുന്നത്. സംസ്കാര ശുദ്ധിയോടെ മലയാളം ഉച്ചരിച്ചാൽ ചാനലുകളിലെ അവതാരകരെ ശാസിച്ച് ഇംഗ്ലീഷ് ചുവയിൽ മലയാളവും ഇംഗ്ലീഷും മിശ്രണം ചെയ്ത് പറയിച്ച് ഭാഷയെ വധിക്കുന്നതും ഈ വിപത്തുകാലത്തിൻെറ സവിശേഷത! രംഗഭാഷയുടെ പ്രൗഢിയും ചാരുതയും നശിപ്പിക്കാൻ ക്രമാതീതമായി കോമഡിയുടെ തറഭാഷ്യങ്ങൾ പയററുന്നതും ഭാഷയുടെ നേർക്കുള്ള വിപരീത ഉദ്യമം.

ഭാഷയുടെ വളർച്ചയിൽ ആദിമ



ഘട്ടം മുതൽ കേൾവിക്ക് പ്രാധാന്യമുണ്ട്. നല്ല ഭാഷ കേട്ട് തഴമ്പിച്ചാൽ പ്രയോഗിക്കേണ്ട ഘട്ടങ്ങളിൽ അത് പ്രതിദ്ധ്വനിക്കുകയും നല്ല ഭാഷ പ്രയോഗിക്കപ്പെടുകയും ചെയ്യും. രാമായണം കഥ ലവകുശന്മാർ പാടിപ്പറഞ്ഞാണ് പതിഞ്ഞത്. ഇന്ന് പുറത്ത് വരുന്ന പാട്ടുകളും ഭാഷാശത്രുക്കളാണ് എന്ന് പറയാതെ വയ്യ. കർണകഠോരങ്ങളായ ഉപകരണ ശബ്ദങ്ങളും നെഞ്ചിലിടിക്കുന്ന താളവും



പുതുശ്ശേരി

വിഴുങ്ങുന്ന കഷ്ടിച്ചുള്ള കവിതയും ഭാഷയ്ക്ക് ഗുണം ചെയ്യുന്നില്ല. കമുകറ പുരുഷോത്തമനും കെ പി ഉദയഭാനുവും യേശുദാസും ഭാഷാ സാന്നിദ്ധ്യമുള്ള പാട്ടുകൾ ആലപിച്ച് കാവ്യാത്മകമായ ഉച്ചാരണം മലയാളികളെ പഠിപ്പിച്ചവരാണ്. സി എ സത്യദേവനും കെ കെ വാദ്ധ്യാരും കെടാമംഗലം സദാനന്ദനും വി സാംബശിവനും കവിത്രയത്തിന്റെയും മററും കാവ്യങ്ങൾ പാടിപ്പറഞ്ഞ് കഥാപ്രസംഗം അവതരിപ്പിച്ച് സശബ്ദമായ ഭാഷാ പ്രയോഗത്തിന്റെ സൗന്ദര്യം അനുഭവപ്പെടുത്തിയവരാണ്. കഥാപ്രസംഗങ്ങൾ കവിത്രയ സാഹിത്യത്തിന്റെ നന്ദനോദ്യാനം മുതൽ വിശ്വസാഹിത്യ ചക്രവാളങ്ങൾ വരെ സാമാന്യമലയാളിയെ പാരായണകുതുകികളാക്കി എത്തിച്ച് ഭാഷയെ ശക്തിപ്പെടുത്തിയ



ജി.ശങ്കരക്കുറുപ്പ്

കലാശില്പങ്ങളാണ്. ഇവയ്ക്കൊന്നിനും പ്രാധാന്യമില്ലാത്ത ഈ കെട്ടകാലം ഭാഷയുടെ ഭീഷണകാലമാണ്.

സാഹിത്യശില്പങ്ങളുടെ രൂപഭദ്രതയ്ക്ക് തകർച്ച സംഭവിച്ചതും ഈ വിപത്തുകാലത്തിന്റെ മററൊരു മുഖമാണ്. സാഹിത്യ പരീക്ഷണങ്ങളിൽ വിലക്ഷണ പ്രകൃതിയും അരാജകത്വവും നവസങ്കേതങ്ങളെന്ന പേരിൽ കടന്നു വന്നത് ഭാഷയെ തളർത്തുകയും വായനക്കാരെ അകററുകയും ചെയ്ത് ദുർഗ്രഹത സാഹിത്യമോടിയാക്കിയതും ഇതിൽപെടും.

## കരുതലോടെ പ്രവർത്തിക്കുക

മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും അന്തസ്സും നിലനിർത്താൻ പുതിയ ആനുകൂല്യങ്ങൾ ആത്മാർത്ഥതയോടും സത്യസന്ധതയോടുംകൂടി വിനിയോഗിക്കണം. 100 കോടിയോളം വരുന്ന ആനുകൂല്യം നിഷ്കർഷയോടെ വിനിയോഗിക്കാൻ ഭാഷ ആചാര്യന്മാർ അടങ്ങുന്ന ഒരു സമിതിയെ സർക്കാർ നിയോഗിക്കണം. നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ കാര്യസാദ്ധ്യക്കാരും കയ്യിട്ടുവാരികളും സജീവമാണ്. അവരുടെ നുഴഞ്ഞു കയററവും അധിനിവേശവും ഭാഷാ വിഷയത്തിൽ ഉണ്ടാകാതെ ശ്രദ്ധിക്കണം. നല്ല സാഹിത്യവും അതിന്റെ പ്രസരണത്തിന് നല്ല കലാരൂപങ്ങളും ശില്പങ്ങളും ഉണ്ടാവാൻ ആവശ്യമായ കൂടിയാലോചനകളും ചർച്ചകളും നടക്കണം. എല്ലാററിനുമുപരി പ്രൈമറി സ്കൂൾ തലം മുതൽ ഭാഷാപഠനം കൂടുതൽ പ്രാധാന്യം നൽകി ശക്തവും നിർബ്ബന്ധിതവുമാക്കണം.

വഴിവിട്ട ആധുനിക സമൂഹത്തിന്റെ പോക്കിനെ ഭാഷയെ ശക്തിപ്പെടുത്തി ആദർശങ്ങളെ തിരിച്ചു പിടിച്ച് സാമാസ്വാദ്യമായ ഒരു ജീവനക്രമത്തിന്റെ ലാളിത്യത്തിലേക്ക് നമുക്ക് നടക്കേണ്ടിയിരിക്കുന്നു.


*സത്യം ശ്വസിച്ചും സമത്വം കണ്ടു സ്നേഹ*
*സത്തുനുകർന്നും കൃതാർത്ഥരായി*
*സദ്ധർമ്മത്തുടെ നടക്കട്ടെ മാനവ*
*രിദ്ധരസ്വർഗ്ഗമായ്ത്തീരട്ടെ!*

*(കുമാരനാശാൻ)* [8]

### ഗ്രന്ഥസൂചി

1. മാതൃവന്ദനം (സാഹിത്യ മഞ്ജരി സമ്പൂർണം,വള്ളത്തോൾ ഡി.സി.ബുക്സ് *6th Edn 2011*)

2. ഉമാകേരളം (ഉള്ളൂർ കവിതകൾ സമ്പൂർണം ഡിസി ബുക്ക് ഹൗസ് *TVM 1985*) (4) (5) സാഹിത്യചരിത്രം, പ്രസ്ഥാനങ്ങളിലൂടെ, ഡോ. കെ. എം.ജോർജ്, *NBS 8th Edn 2011*) (6) കുട്ടികളുടെ മലയാള സാഹിത്യചരിത്രം, ഏവൂർ പരമേശ്വരൻ, *NBS 5th Edn 1972* (7) കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള, *NBS 5th Edn* (8) സ്വാതന്ത്ര്യഗാഥ, കുമാരനാശാൻ (സ്വാതന്ത്ര്യ ഗാനങ്ങൾ, എഡിററർ പുതുപ്പള്ളി രാഘവൻ, പ്രഭാത് ബുക്ക് ഹൗസ് *TVM 1985*) (9) ആശാനും മലയാള സാഹിത്യവും, ഇ. എം. എസ് നമ്പൂതിരിപ്പാട്.



# Asghar Ali Engineer: A Tribute with a Salute

**R.SreekantanNair**
*VTM NSS College, Dhanuvachapuram*



Living in a in a parochial and highly complex society and upholding ones honesty and integrity, and all the while to engage in a perpetual fight and struggle against the reactionary forces and to take the people forward along with the progressive forces of the nation is not a simple thing, but a historic mission. This is what Asghar Ali Engineer (10 March 1939 – 14 May 2013) did in his life time. Throughout his career, he kept on contributing to the values of secularism, human rights, democracy and took a tireless mission of reforming the Muslim Communities. No doubt, this mission gave him both bouquets and bricks. It is in this backdrop, that we think it is imperative to commemorate the great service of an intellectual who took fearless positions on social and political issues of his times.

Asghar Ali Engineer, who passed away on 14 May 2013, belongs to the a rare breed of intellectual legacy and tradition in India , did splendid services to the common man as well as to the progressive movements of the nation. A peep in to his life and time will tell us how systematically he was transforming himself in to a spiritualist and brilliantly blended spirituality with materialism, whereby he could widen the space of democratic and progressive movements of contemporary times.

Asghar Ali Engineer was born in a highly religious Daudi-Bohra family on 10 March 1939 in Salumbar, Rajasthan and he was introduced to basic Islamic tradition– Quranic text and literature by his father. At the same time, he was also sent to a regular school. These two educational traditions gave him a critical outlook to find out a significant difference between Islamic teachings and practices. At the same time he did not become a radical activist overnight, rather his transformation was transcendental. He graduated in civil engineering and worked as a professional engineer in Mumbai for two decades. During these years he continued to write on Muslim issues and participated in the Bohra reform movement. However, in the 1970s his radical ideas virtually forced him to give up his professional life and become an independent researcher and political activist for the rest of his life. His contribution has been widely recognized.In 1983 the Calcutta University conferred an honorary degree of DLitt on him.Again he was given the National Communal Harmony Award in 1997, and finally

in 2004 he was awarded the Right Livelihood Award which is popularly treated as equivalent to the Nobel Prize.

This life-story of Engineer is exceptionally interesting and it is possible to celebrate his life as a biography of courage and determination. He could rightly be described as a "secularist" because of his adherence to a particular kind of secular values; he could be called a "human rights activist", because of his energetic participation in various socio-political movements and campaigns; he could be labelled as a "liberal Muslim" because he continued to oppose the upper-caste, upper-class politics of Muslim elites; and above all, he could also be remembered as an informed commentator – a prolific author – who wrote almost 50 books and a vast number of articles in the last four decades.In fact, all these roles he played had cast a profound impact on the society where it lessened the task of leftist position and political penetration.

All these images of Engineer are legitimate and necessary. However, these identity templates – secularism, human rights, liberal Muslim – might not be able to fully explicate the originality of his political perspective and uniqueness of intellectual activism. Therefore, to understand the political legacy of Asghar Ali Engineer, we need to look in to those facets of his work, which make his contribution extraordinary. There are two intrinsic features of Engineer's writings which are useful in this regard: his *political hermeneutics* – a theory of interpretation, which he developed to produce an alternative, emancipatory, and above all non-essentialist analysis of religious (mainly Islamic) texts and social history; and his *technique of argumentation* – a style of producing analytically open but politically committed arguments.

Engineer, as his very early writings suggest, was a nonconformist in the true sense of the term. He was highly critical of the Islamic religious elites, who represented (or rather "preached") Islam as a set of ritualistic practices and dogmatic ideas. At the same time, he was equally unhappy with the dominant social science discourse, which was not at all interested in recognizing religion as an important sociological or political category. Engineer refuted the claims made by these two traditions simply by focusing on the text (Quran) and its historical context as a point of departure.

This rather elusive search for a "proper perspective" forced Engineer to make a few innovative moves. He started engaging with Marxism, not merely to bring out ready-to-use theoretical formulas or models but to work out a theory by which Islamic history as well as the power structure of contemporary Muslim communities in a postcolonial society like India could be analysed. In fact, he deliberately called himself an "unorthodox Marxist" in one of his early books, *Islam, Muslims, India* (1975). On the other hand, Engineer's unorthodox Marxism pays equal attention to those conceptual spaces within Islamic traditions, which could further be developed for interpreting the specific nature of community formation in Islam.

Engineer's theory of interpretation thus becomes a theoretical tool to examine the historical evolution of Muslim politics in India. In his book, *Lifting the Veil: Communal Violence and Communal Harmony in Contemporary India* (1995), he looks at the question of Muslim politics and the legitimacy of the so-called Muslim issues. He tries to show that the Muslim elites mobilise Muslim masses by propagating a pro-upper class perspective of Islam. As a result, the religion of Islam, which primarily emerged as a political movement for the liberation of the poor, the women, the needy and the destitute of Arabian society in the seventh century, has become a tool in the hands of these upper class Muslim elite. Engineer forcefully argues that a pro-poor Islamic understanding can be used as a political strategy to counter the hegemony of Muslim upper classes.

Thus it is quiet natural that Engineer's liberation theology deviates significantly from the "Islam as way of life" thesis. This thesis claims to represent the "perspective of practising believers". It is argued that Islam is compatible with modern values – science, rationality and progress – because of an enduring egalitarianism. The task before the modern Muslims, therefore, is to get back to its original roots to trace real rational Islamic contents. Engineer does not subscribe to this perspective. He does not find "everything" in Islam and therefore brings in the question of the "here and now". For him, the most creative mode to read a religious text like the Quran is to recognise the ways in which it is understood by the poor and marginalised sections of Muslim religious communities.

A closer look at Engineer's criticisms of religious dogmatism or even

communalism, an interesting style of producing political arguments could be traced. Engineer always avoided rhetorical claims. He seems to pay close attention to the nature of arguments given by his adversaries. Instead of refuting the assertions of religious elites or communal leaders on the basis of any "secular", "Marxist" or "pro-people" position, he engaged with the larger conceptual universe of these claims and the nature of supporting evidences. In other words, "dismantling of the internal coherence of political arguments" was his preferred technique to produce evolving comments, criticisms and politically sustainable positions.His writings on the Muslim Personal Law, especially in relation to the Shah Bano controversy, are relevant here. He not merely disproves the claims of Muslim elites on moral-rational grounds but also highlights the limitation of their much celebrated Islamic world views. He once said;

*What is sad is that the theologians and 'faqihs' (the jurists) are not ready to rethink women's issues even today. Islam and its Prophet have provided the Muslims with a dynamic and revolutionary principle of 'ijtihad' (creative interpretation) so that they can,in the true spirit of Islamic values, rethink many issues in view of the changed context.*

Engineer's technique of argumentation also remains sensitive to two possible compulsions of political debates – the need for empirical evidence and the firmness and clarity of political position. For instance, his early writings on the participation of Muslims in political processes very clearly show that he was highly critical of the notion of "Muslims as vote bank". However, he does not merely express an opinion. On the contrary, he provides concrete empirical evidences to prove that Muslim electoral behavior is highly fragmented. Engineer also employed this evidence-based argumentation to give legitimacy to his political positions. Instead of expressing his loyalty to any political "ideology", Engineer concentrated on the fluctuating power relations at the very grass-roots level. The creative encounter with social realities gave him a remarkable consistency in taking complex but firm political positions. His argument on the Muslim reservation debate is quite revealing in this regard. He recognizes the fact that caste is a significant category, which determines the nature of social stratification among Muslims; he also supports the reservation in jobs and educational institutions for dalit Muslims. However, avoiding any caste or class reductionism, he links the reservation debate to the much larger question of Muslim backwardness, especially in the context of globalization.

Thus, his political conviction allows him to embrace Marxism without giving up his Islam, to recognise the plight of dalit Muslims without ignoring the impact of globalisation, and to justify the rights of women in Islam without glamourising "Islam as a way of life".Apart from all these , Asghar Ali Engineer opened a new lease of enquiry and argumentation based on which he always attempted to synchronise between the theoretical understanding and practical realities.His passing comes at a time when many of the issues he fought for and deeply cared about are still far from settled. He left us in a world where the values of tolerance, communal harmony , inter-faith dialogues and secular and democratic ethos are at stake. No doubt, this great son of the nation walked ahead of his times and history. We do take this opportunity to salute this great humanist for being with us in our inevitable march forward.

## ഡോക്ടറേറ്റ്



പന്തളം എൻ.എസ്.എസ് ട്രെയിനിംഗ് കോളജിൽ അസിസ്റ്റൻറ് പ്രൊഫസറായ **എൻ. ശ്രീവൃന്ദാനായർക്ക്** എഡ്യുക്കേഷനിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിററിയിൽ നിന്ന് ഡോക്ടറേററ് ലഭിച്ചു. "Effectiveness of Learning Styles and Metacognition Upon the Learning of Malayalam Language at Secondary Level" എന്ന പ്രബന്ധത്തിനാണ് ഡോക്ടറേററ് ലഭിച്ചത്.

എ.കെ.പി.സി.ടി.യുടെ അഭിനന്ദനങ്ങൾ



# പൊതുവിദ്യാഭ്യാസ സമരത്തിൻെറ നൂററാണ്ട്

ഡോ. കെ. കൃഷ്ണദാസ്
*എസ്.എസ് കോളജ്, കാലടി*



ഇന്നേക്ക് നൂറ് വർഷങ്ങൾക്കു മുൻപ് നവോത്ഥാന നായകനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ കേരളത്തിൽ ആദ്യമായി നടന്ന കർഷക പണിമുടക്ക്, അടിയാളന്മാരുടെ കുട്ടികൾക്ക് സർക്കാർ പാഠശാലകളിൽ മററ് കുട്ടികളെപ്പോലെ തന്നെ പൊതുവിദ്യാഭ്യാസം ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടായിരുന്നു. കേരളത്തിൻെറ നവോത്ഥാന ചരിത്രത്തിൻെറ ഏററവും തിളക്കമാർന്ന ഏടുകളിലൊന്നായ കേരളത്തിലെ ആദ്യത്തെ കാർഷിക സമരത്തിനു നേതൃത്വം നൽകിയത് അധഃസ്ഥിതരുടെ ഉന്നമനത്തിനായി സ്വന്തം ജീവിതം തന്നെ സമർപ്പിച്ച അയ്യൻകാളിയായിരുന്നു. അക്ഷരജ്ഞാനമില്ലാത്ത ഒരു ജനത, വിദ്യാഭ്യാസം ലഭിക്കാത്ത അയ്യൻകാളിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസം സാമൂഹിക പരിഷ്കരണത്തിനുള്ള മാധ്യമമായി കണ്ട് ഒരു വർഷത്തിലേറെ ഇത്രമേൽ കഷ്ടപ്പാടുകൾ അനുഭവിച്ചു കൊണ്ട് നടത്തിയ സമരചരിത്രം ഇന്ത്യയിൽ മറെറാരിടത്തും നടന്നിട്ടില്ല. വിദ്യാഭ്യാസത്തിനു വേണ്ടി നടത്തിയ കാർഷിക സമരത്തിൻെറ നൂറാം വാർഷികത്തിൻെറ നിറവിലാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം.

വിദ്യകൊണ്ട് പ്രബുദ്ധരാകുക, സംഘടന കൊണ്ട് ശക്തരാകുക എന്ന ശ്രീനാരയണ ഗുരുവിൻെറ ഉദ്ബോധനം അയ്യൻകാളിയെ ഏറെ സ്വാധീനിച്ചിരുന്നു. ഒരായിരം കൊല്ലമെങ്കിലും വരേണ്യവർഗം കേവലം മൃഗങ്ങളെപ്പോലെ പെരുമാറിയിരുന്ന, ആത്മവിശ്വാസവും ആത്മാഭിമാനവും നഷ്ടപ്പെട്ട ഒരു ജനതയെ തങ്ങളും മനുഷ്യരാണ് എന്ന പ്രഖ്യാപനവുമായി മുഖ്യധാര ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയത് ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യൻകാളിയുമുൾപ്പെടുന്ന നവോത്ഥാന നായകരാണ്. ജാതിയുടെയും മതത്തിൻെറയും പേരിൽ തീണ്ടലും തൊടീലും പോലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും എത്രയധികം തീവ്രമായിരുന്നു എന്ന് ഇംഗ്ലീഷ് ചരിത്രകാരനായ ഇ എം ബർട്ടൺ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയുടെ ഏററവും ക്രൂരമായ പ്രത്യേകത ഓരോ സമുദായവും ആഢ്യത്വത്തിൻെറ ശ്രേണികളിൽ വിഭജിക്കപ്പെടുകയും, എന്നാൽ ജാതിവ്യവസ്ഥയുടെ തൊട്ടുതാഴെയുള്ള സമുദായത്തെ ചവിട്ടി താഴ്ത്തി അടിമകളെപ്പോലെ നിർദാക്ഷണ്യം പെരുമാറിയുമിരുന്നു എന്നതാണ്. കേരളത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് സ്വന്തം ശരീരം മറയ്ക്കാൻ വസ്ത്രം ധരിക്കുവാൻ പോലും അവകാശമില്ലായിരുന്നു. സ്വന്തം ശരീരം മറയ്ക്കുവാൻ തങ്ങൾക്കവകാശമുണ്ട് എന്നുറക്കെ പ്രഖ്യാപിച്ചു കൊണ്ട് നാടാർ (ചാന്നാർ) സ്ത്രീകൾക്കുവേണ്ടി തെക്കൻ തിരുവിതാംകൂറിൽ നടത്തിയ സമരമാണ് പിൽക്കാലത്ത് ചാന്നാർ ലഹള എന്ന പേരിൽ അറിയപ്പെട്ടത്.

നരന് നരനശുദ്ധവസ്തുവാണുപോൽ
ധരയിൽ നടപ്പതു തീണ്ടലാണു പോൽ
നരകമിവിടമാണ് ഹന്ത കഷ്ടം!
ഹരഹര!യിങ്ങനെ വല്ലനാടുമുണ്ടോ?

എന്ന് കുമാരനാശാൻ, സിംഹനാദം എന്ന ലഘുകൃതിയിൽ ചോദിച്ചിരുന്നു. ഇരുപതാം നൂററാണ്ടിൻെറ ആദ്യപാദത്തിൽ കേരളത്തിൽ നിലനിന്നിരുന്ന തീണ്ടലും തൊടീലുമുൾപ്പെടെയുള്ള അനാചാരങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. അക്ഷരമറിയില്ല. അന്ധവിശ്വാ

സത്തിലും അനാചാരങ്ങളിലും കെട്ടുപിണഞ്ഞ് പകലന്തിയോളം പാടത്ത് പണിയെടുത്ത് മൃഗസമാനമായ ജീവിതം നയിക്കുന്ന മഹാഭൂരിപക്ഷം ജനങ്ങൾ ഒരു ന്യൂനപക്ഷത്തിൻെറ സുഖസൗകര്യങ്ങൾക്കായി എല്ലാം ത്യജിക്കുന്നു. 1882 ൽ മലബാർ സന്ദർശിച്ച സ്വാമി വിവേകാനന്ദൻ പറഞ്ഞു. പുലയനും വഴി നടക്കുവാൻ കഴിയുകയില്ല. ഇംഗ്ലീഷുകാരെയോ മററ് മതസ്ഥരെയോ അംഗീകരിക്കുവാൻ ഇത്തരക്കാർക്ക് ഒരു ബുദ്ധിമുട്ടുമില്ല. ഇത്തരക്കാരുടെ വീടുകളെല്ലാം ഭ്രാന്താലയമാണ്. സ്വാമി വിവേകാന്ദൻെറ വാക്കുകൾ കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടെ തീവ്രതയിലേക്ക് വെളിച്ചം വീശുന്നു. ഭൂപ്രഭുക്കന്മാരുടെ കയ്യിലെ കാർഷിക ഉപകരണമായിട്ടാണ് പാവപ്പെട്ട ജനവിഭാഗങ്ങളെ കണ്ടിരുന്നത്. ജന്മിയുടെ പാടത്തും പറമ്പിലും അന്തിയോളം പണിയെടുക്കുകയും വൈകിട്ട് ഭിക്ഷസമാനമായി ഒരുപിടി നെല്ല് നൽകുകയും ചെയ്യുന്ന ചൂഷണവ്യവസ്ഥയ്ക്ക് യാതൊരു പരിഹാരവുമില്ലായിരുന്നു. നാണം മറയ്ക്കുവാൻ കീറിപ്പറിഞ്ഞ ഉടുവസ്ത്രം, വിശ്രമം എന്തെന്നറിയില്ല. വിനോദമില്ല. അക്ഷരജ്ഞാനം തെല്ലുമില്ല. മാനുഷിക മൂല്യങ്ങൾ ഒന്നും തന്നെയില്ലാത്ത പശ്ചാത്തലം. ഇതുതന്നെ ആയിരുന്നു അടിയാള വർഗ്ഗത്തിൻെറ ഉന്നമനത്തിനു വേണ്ടി സ്വജീവിതം തന്നെ സമർപ്പിച്ച സാമൂഹ്യ പരിഷ്കർത്താവായിരുന്ന അയ്യൻകാളിയുടെയും ജീവിത പശ്ചാത്തലം. അനീതിക്കെതിരെ, അടിമത്വത്തിനെതിരെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സന്ധിയില്ലാ സമരമായിരുന്നു അയ്യൻകാളിയുടെ ജീവിതം.

1863 ആഗസ്റ്റ് 28-ാം തിയതിയാണ് നെയ്യാററിൻകര വെങ്ങാന്നൂരിലെ പ്ലാവരത്തി ചാരുവിള വീട്ടിൽ അയ്യൻെറയും മാലയുടെയും മകനായി കാളി എന്ന അയ്യൻകാളിയുടെ ജനനം. ജന്മിയായിരുന്ന ഈററില്ലത്ത് ഗോവിന്ദപ്പിള്ളയുടെ കുടിയാനായി അഹോരാത്രം പണിയെടുത്ത് കുടുംബം പോററിയിരുന്ന മാതാപിതാക്കൾക്ക് സ്വപുത്രന് വിദ്യാഭ്യാസം നൽകുവാൻ സാധിച്ചില്ല. സ്കൂൾ വിദ്യാഭ്യാസം അയ്യൻകാളിക്ക് ലഭിച്ചിരുന്നില്ല. ജന്മിത്വത്തിൻെറ ദുഷ്ഫലങ്ങൾ വേണ്ടുവോളം അനുഭവിച്ച ബാല്യ കൗമാരമായിരുന്നു അയ്യൻകാളിയുടേത്. 1905 ൽ സാധുജന പരിപാലന സംഘം സ്ഥാപിച്ചു.തനിക്കു ലഭിക്കാതെ പോയ വിദ്യാഭ്യാസം തൻെറ അനന്തര തലമുറകൾക്ക് ലഭിക്കണമെന്നും വിദ്യാഭ്യാസം കൊണ്ടു മാത്രമേ പാവപ്പെട്ടവരുടെ അവശതകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളു എന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. തൻെറ സമുദായത്തിൽപ്പെട്ടവർക്ക് സ്കൂളുകളിൽ പ്രവേശനം ലഭിക്കുവാൻ അദ്ദേഹം വളരെയധികം ക്ലേശങ്ങൾ സഹിച്ചുവെങ്കിലും വരേണ്യവർഗ്ഗത്തിൻെറ സംഘടിത ശ്രമത്തിൽ എല്ലാ ഉദ്യമങ്ങളും പരാജയപ്പെട്ടു. സർക്കാർ വക സ്കൂളുകളിൽ പോലും പുലയർക്കും പറയർക്കും മററു പിന്നോക്ക വിഭാഗങ്ങൾക്കും പ്രവേശനം ലഭിക്കുകയില്ല എന്നു മനസ്സിലാക്കിയ അയ്യൻകാളി ഇത്തരക്കാർക്കു മാത്രമായി സ്കൂളുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭങ്ങളിൽ ഏർപ്പെട്ടു. സമരങ്ങളിൽ അണിനിരന്നവർ അടിയാളന്മാരും തലമുറകളായി വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവരുമായിരുന്നു. 1904 ൽ വെങ്ങന്നൂരിൽ താഴ്ന്ന ജാതിക്കാർക്കായി ഒരു കുടിപ്പള്ളിക്കൂടം അടുത്ത ദിവസം തന്നെ മുന്നാക്കവിഭാഗങ്ങൾ അഗ്നിക്കിരയാക്കി. തുടർന്ന് 1906 ൽ ഒരു നിവേദനത്തിലൂടെ പുലയരുൾപ്പെടെയുള്ള അധ:സ്ഥിത വിദ്യാർത്ഥികൾക്കു വേണ്ടി സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിൻെറ മുന്നിൽ ഉന്നയിച്ചു. തൽഫലമായി 1908 ൽ പുതുവൽവിളാകം എൽ പി സ്കൂളിനെ അധികൃതർ ഒരു സർക്കാർ സ്കൂളായി അംഗീകരിച്ചു. എന്നാൽ പുലയസമുദായത്തിൽപ്പെട്ട കുട്ടികളോടൊപ്പം ഇരുന്ന് പഠിക്കാൻ വരേണ്യ വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ തയ്യാറായില്ല. എല്ലാ ജാതിമത വിഭാഗങ്ങളിലും പെടുന്ന കുട്ടികളോടൊപ്പം ഇരുന്ന് പഠിക്കുവാൻ അടിയാളരുടെ കുട്ടികൾക്കും അവകാശമുണ്ടാകണമെന്ന ജനാധിപത്യപരമായ ആവശ്യം അയ്യൻകാളി ഉയർത്തി. ഈ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള നിവേദനം അദ്ദേഹം ഗവൺമെൻറിന് സമർപ്പിച്ച 1907 ൽ തന്നെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് അന്ന് വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മി. മൈക്കിളിൽ നിന്ന് മറുപടി കിട്ടി. ചില തൽപര കക്ഷികളുടെ സ്വാധീനം നിമിത്തം പ്രസ്തുത ഉത്തരവ് മരവിപ്പിച്ചിരിക്കുകയായിരുന്നു. അതിനെത്തുടർന്ന് 1910 ൽ ദിവാൻ പി രാജഗോപാലാചാരി മുൻകൈ എടുത്ത് സർക്കാർ ഉത്തരവ് വീണ്ടും പുറപ്പെടുവിച്ചു. എന്നാൽ ആ ഉത്തരവ് നടപ്പാക്കുവാൻ അന്നത്തെ സവർണമേധാവിത്വം അനുവദിച്ചില്ല. പാടങ്ങളിലും മററ് പണിശാലകളിലും പണിയെടുക്കുന്ന സാധാരണ ജനങ്ങളെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായ സവർണ്ണ വിഭാഗങ്ങളുടെ കുട്ടികളുടെ മേലുള്ള ശ്രദ്ധ നഷ്ടപ്പെടുമെന്നാണ് അവർ ഉന്നയിച്ച തടസ്സവാദം. സർക്കാരുത്തരവുകൾ ചൂണ്ടിക്കാണിച്ച് തങ്ങളുടെ മക്കൾക്കും പള്ളിക്കൂടങ്ങളിൽ പ്രവേശനം നൽകണമെന്നാവശ്യപ്പെട്ട പിന്നോക്കക്കാരെ ആട്ടിയകററാനും മുട്ടായുക്തികൾ പറഞ്ഞു പ്രവേശനം നിഷേധിക്കുകയും ചെയ്തു. ഇക്കാലത്ത് തന്നെ തിരുവല്ലയ്ക്കടുത്ത് പുല്ലാട്ട് അയിത്തവിഭാഗക്കാർക്ക് പ്രവേശനം നൽകിയ ഒരു സ്കൂൾ സവർണമേധാവികൾ തീവച്ചു നശിപ്പിച്ചു. ഇതിനെത്തുടർന്ന് പുലയജാതിയിൽപ്പെട്ട പൂജാരി അയ്യൻ എന്നൊരാളിൻെറ മകളായ പഞ്ചമിയെയും കൂട്ടി അയ്യൻകാളി നെയ്യാററിൻകര താലൂക്കിലെ ഊരൂട്ടമ്പലം സ്കൂളിൽ പഠനത്തിനു ചേർക്കാൻ എത്തി. തുടർന്ന് തിരുവിതാംകൂറിൻെറ വിവിധ ഭാഗങ്ങളിൽ സംഘട്ടനങ്ങൾ അരങ്ങേറുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. പഞ്ചമി തൊട്ടശുദ്ധമാക്കിയ സ്കൂൾ അഗ്നിക്കിരയാക്കി. ഈ സംഭവങ്ങളെയെല്ലാം ശ്രീനാരായണ ഗുരുവിനെപ്പോലുള്ളവർ അപലപിക്കുകയും കടുത്ത പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഇത്തരം സമരങ്ങൾ പുലയലഹളകൾ എന്നറിയപ്പെട്ടു. ഇങ്ങനെയൊരു സാഹചര്യത്തിൽ മററ് പോംവഴികൾ ഇല്ലാതെ 1913 ൽ അടിയാളരുടെ കുട്ടികൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് കൃഷിപ്പണിയിൽ നിന്ന് വിട്ടുനിൽക്കാൻ അയ്യൻകാളി ആവശ്യപ്പെട്ടു. തങ്ങളുടെ കുഞ്ഞുങ്ങൾക്ക് പഠിക്കുവാൻ സൗകര്യം നൽകിയില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുക്കും എന്ന ഉഗ്രശപഥത്തോടെ അയ്യൻകാളി പണിമുടക്ക് സമരം പ്രഖ്യാപിച്ചു. പണിമുടക്കിനെ സവർണർ ആദ്യം അവജ്ഞയോടെയാണ് കണ്ടത്. അന്നന്ന് കൂലിയായി കിട്ടിയിരുന്ന നെല്ല് വറുത്ത് കുത്തി അരിയാക്കി അത്താഴംവച്ച് കഴിക്കുന്നവർ മൂന്നു ദിവസം പട്ടിണി കിടക്കുമ്പോൾ സമരക്കാർ സ്വമേധയാ പണിക്കു വന്നുകൊള്ളും എന്നാണവർ കരുതി

# പ്രതിഷേധ കൂട്ടായ്മയും യാത്രയയപ്പ് സമ്മേളനവും




**എൻ.** എസ്. എസ് കോളജസ് ടീച്ചേഴ്സ് കോ- ഓർഡിനേഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ എൻ. എസ്. എസ് കോളജുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനം കോട്ടയം തിരുനക്കര പോലീസ് മൈതാനിയിൽ വച്ച് 2013 മെയ് 18, വൈകുന്നേരം 4 മണിക്ക് നടന്നു. എൻ. എസ്. എസിൻെറ വിവിധ സ്ഥാപനങ്ങളിൽ വർഷങ്ങളോളം പ്രവൃത്തിയെടുത്ത അധ്യാപകർക്ക് ഏതെങ്കിലുമൊരു എൻ. എസ്. എസ് കോളജിൽ വച്ച് ഉചിതമായ ഒരു യാത്രയയപ്പ് നടത്താനുള്ള അനുമതി നിഷേധിച്ച മാനേജ്മെൻറിനെതിരെയുള്ള പ്രതിഷേധകൂട്ടായ്മയായി യാത്രയയപ്പ് സമ്മേളനം മാറി. സമ്മേളനം ഉദ്ഘാടനം ചെയ്ത എ. കെ. പി. സി.ടി. എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ മാനേജ്മെൻറിൻെറ നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും മാനേജ്മെൻറ് നിലപാട് തിരുത്താൻ തയ്യാറായില്ലെങ്കിൽ ഉചിതമായ സമരപരിപാടികൾ ആവിഷ്കരിക്കാൻ സംഘടന നിർബന്ധിതമാവുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. യോഗത്തെ അഭിസംബോധനചെയ്ത് സംസാരിച്ച എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറിയും പുരോഗമന കലാസാഹിത്യ സംഘം ജനറൽ സെക്രട്ടറിയുമായ പ്രൊഫ. വി. എൻ. മുരളി, എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ എന്നിവർ മാനേജ്മെൻറ് നിലപാടിനെ ശക്തമായി അപലപിച്ചു. സമ്മേളനത്തിൽ വാഴൂർ എൻ. എസ്. എസ് കോളജിലെ പ്രൊഫ. കെ. രാധാകൃഷ്ണൻ നായർ, പ്രൊഫ. എസ്. രാധാകൃഷ്ണൻ നായർ, കൊട്ടിയം എൻ. എസ്. എസ് കോളജിലെ ഡോ. കെ. അജയകുമാർ, തിരുവനന്തപുരം എം. ജി. കോളജിലെ ഡോ. വി. രാജേന്ദ്രൻനായർ എന്നിവർ യാത്രയയപ്പ് ഏററുവാങ്ങി. കോ- ഓർഡിനേഷൻ പ്രസിഡൻറ് പ്രൊഫ. പി.ജി.സുകുമാരൻ നായർ അധ്യക്ഷത വഹിച്ച യോഗത്തിൽ സംഘടനയുടെ സംസ്ഥാന സെക്രട്ടറി പ്രൊഫ. ടോമിച്ചൻ ജോസഫ് സ്വാഗതവും സംസ്ഥാന ട്രഷററും കോ- ഓർഡിനേഷൻ സെക്രട്ടറിയുമായ പ്രൊഫ. ആർ. മോഹനകൃഷ്ണൻ നന്ദിയും പറഞ്ഞു.


---

യത്. എന്നാൽ സമരത്തിൻെറ അടവും തന്ത്രവും ആവിഷ്കരിക്കുന്നതിൽ അയ്യൻകാളി തികഞ്ഞ പക്വതയും യാഥാർത്ഥ്യബോധവും പ്രദർശിപ്പിച്ചു. സമരസംഘടനയായ സാധുജന പരിപാലന സംഘം, സമരം മുന്നോട്ട് പോകുന്നതനുസരിച്ച് കൂടുതൽ കരുത്താർജ്ജിച്ചു വന്നു. അയ്യൻകാളിയുടെ അജയ്യമായ നേതൃത്വത്തിൽ പണിമുടക്കിയ സാധുജനങ്ങൾ കിഴങ്ങുകളും താളും തകരയുമൊക്കെ ആഹാരമാക്കി പട്ടിണിയോടു മല്ലിട്ടു. വിഴിഞ്ഞത്തെ മുക്കുവരുമായി തൊഴിൽധാരണയുണ്ടാക്കി കടലിൽ മത്സ്യബന്ധനത്തിനായി ധാരാളം തൊഴിലാളികൾ പോയി. അങ്ങനെ തൊഴിലാളികളുടെ പട്ടിണി മാറിയപ്പോൾ തൊഴിലുടമകളുടെ അവസ്ഥ വളരെ പരിതാപകരമായി. നെൽകൃഷി ഇല്ലാത്തതിനാൽ തങ്ങളുടെ ആവശ്യത്തിന് അരി ലഭിക്കാതെയായി. പാടത്തെ പണികൾ സ്വയം ചെയ്യുവാൻ ശ്രമം നടത്തി. പക്ഷേ കഠിനമായ ജോലി ചെയ്തു ശീലമില്ലാത്തവർക്ക് കൃഷിപ്പണി ബുദ്ധിമുട്ടായി. പണിമുടക്ക് നീണ്ടു നിന്നപ്പോൾ എങ്ങനെയും ഒത്തുതീർപ്പുണ്ടാക്കാൻ ജന്മിമാർ നിർബന്ധിതരായി. അന്ന് തിരുവിതാംകൂർ സർക്കാരിൽ ഒന്നാംക്ലാസ് മജിസ്ട്രേററ് ആയിരുന്ന കുഞ്ഞനാഗപിള്ള അനുരഞ്ജനത്തിന് ശ്രമിച്ചതിൻെറ ഫലമായി കേരളത്തിലെ ആദ്യത്തെ കർഷക സമരം വിജയകരമായി പര്യവസാനിച്ചു. ദളിതരുടെയും മററ് പിന്നോക്ക വിഭാഗങ്ങളുടെയും കുട്ടികൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്നതിന് ഈ കർഷക സമരം വളരെയധികം സഹായിച്ചു. കേരളത്തിൻെറയും തിരുവിതാംകൂറിൻെറയും നവോത്ഥാന ചരിത്രത്തിലെ ഏററവും തിളക്കമാർന്ന ഏടുകളിലൊന്നാണ് 1913 ൽ നടന്ന ഈ കർഷകസമരം. കൂലി വർദ്ധിപ്പിക്കുക, കൂലി നെല്ലിനു പകരം പണമായി നൽകുക, ആഴ്ചയിൽ ആറ് ദിവസം പണി കഴിഞ്ഞ് ഏഴാം ദിവസം ഒഴിവ് നൽകുക തുടങ്ങിയ തൊഴിലവകാശങ്ങളും പിന്നീട് നേടിയെടുക്കുന്നതിൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടത്തിയ കാർഷിക സമരം ഒത്തിരിയധികം സംഭാവനകൾ ചെയ്തു.



# ശാസ്ത്രജ്ഞർ മെച്ചപ്പെട്ട കൃത്രിമച്ചെവി വികസിപ്പിച്ചെടുത്തു.

**ഡോ.എം.ആർ.സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*



Weill Cornell മെഡിക്കൽ കോളജിലെ ഫിസിഷ്യന്മാരും കോർണൽ ബയോ മെഡിക്കൽ എഞ്ചിനീയർമാരും ചേർന്ന് കൃത്രിമച്ചെവി വികസിപ്പിച്ചെടുത്തു. ജൈവ കോശങ്ങളാൽ നിർമ്മിതമായ ജെല്ലും ത്രിമാന വിൻറിങ്ങും ഉപയോഗിച്ചാണ് മനുഷ്യ സമാനചെവി ഇവർ വികസിപ്പിച്ചെടുത്തത്. മൂന്നു മാസം കൊണ്ടിവ തരുണാസ്ഥി (cartilase)യായി വളരും. കോർണൽ ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസോസിയേററ് പ്രൊഫസറായ Lawrence Bonasser ന്റെ അഭിപ്രായത്തിൽ അടിസ്ഥാന ശാസ്ത്രവും വൈദ്യശാസ്ത്രവും ഒരുമിച്ച് പ്രവർത്തിച്ചാൽ മാനവരാശിക്ക് പ്രയോജനകരമായ പലതും ചെയ്യുവാൻ സാധിക്കുമെന്നതിന്റെ തെളിവാണ് ഈ കണ്ടുപിടിത്തം. ജനിതകതകരാറുള്ള ചെവിയുമായി ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ശാസ്ത്ര സംഘം വികസിപ്പിച്ചെടുത്ത കൃത്രിമച്ചെവി ഒരനുഗ്രഹമായിരിക്കുമെന്ന് വീൽകോർണെൽ മെഡിക്കൽ കോളജിലെ ബയോറീജനറേററീവ് മെഡിസിന്റേയും പ്ലാസ്ററിക് സർജറിയുടേയും തലവനായ Dr. Janson spector അഭിപ്രായപ്പെട്ടു. അപകടങ്ങളിൽ ചെവി നഷ്ടപ്പെട്ടവർക്കും അർബുദം പോലുള്ള രോഗം നിമിത്തം ചെവിക്ക് തകരാർ വന്നവർക്കും ഈ കൃത്രിമച്ചെവി വളരെയേറെ സഹായകരമാണ്.

സാധാരണയായി രോഗിയുടെ വാരിയെല്ലിൽ നിന്നാണ് കൃത്രിമച്ചെവി നിർമ്മിച്ചിരുന്നത്. ഈ രീതി വളരെ വേദനയുളവാക്കുന്നതും സ്വാഭാവിക ചെവിയുമായി സാമ്യം തോന്നാത്തതുമാണ്. ഇവയെ ശരീരം തിരസ്ക്കരിക്കാനുള്ള സാധ്യതയും വളരെയേറെയാണ്.

ചെവിയുടെ ഡിജിററലായ ത്രിമാന ചിത്രത്തെ 3D- Printer ഉപയോഗിച്ച് ഡിജിററൽ മൗൾഡായി മാററിയ ശേഷം അതിൽ ജൈവകോശനിർമ്മിതമായ ജെൽ കുത്തിവെയ്ക്കുന്നു. മൗൾഡ് മാററിയാലത് തരുണാസ്ഥിയായി വളരും. മൗൾഡ് രൂപകല്പന ചെയ്യാനും നിർമ്മിക്കാനും ഒന്നര ദിവസം മതിയാകും. അതിനു ശേഷം ജെൽ കുത്തിവെയ്ക്കുവാൻ മുപ്പതു മിനിട്ട് മതിയാകും. പതിനഞ്ച് മിനിട്ടിനു ശേഷം മൗൾഡിൽ നിന്നും ചെവി മാററി വെടിപ്പാക്കിയ ശേഷം കൾച്ചർ മീഡിയത്തിൽ ഇട്ടുവെയ്ക്കുന്നു.

അമേരിക്കയിൽ ഒരു വർഷം 0.4 ശതമാനം നവജാത ശിശുക്കൾ പൂർണ വളർച്ചയെത്താത്ത ചെവിയുമായാണ് ജനിക്കുന്നത്. 'Microtia' എന്നാണ് ഈ രോഗത്തിന്റെ പേര്. ഈ രോഗത്തിന്റെ ചികിത്സയ്ക്ക് ഈ കണ്ടുപിടിത്തം ഒരു നേട്ടമാണ്. തരുണാസ്ഥി നിർമ്മിക്കാനുള്ള ജൈവകോശങ്ങൾ അതതു രോഗിയിൽ നിന്നും തന്നെയാണെങ്കിൽ ശരീരമതു തിരസ്ക്കരിക്കാനുള്ള സാധ്യതയും കുറയും കൃത്രിമ ചെവി വച്ചു പിടിപ്പിക്കാനുള്ള ഏററവും അനുയോജ്യമായ പ്രായം അഞ്ചു മുതൽ ആറാം വയസു വരെയാണ്. ഈ പ്രായത്തിൽ ചെവിയുടെ എൺപതു ശതമാനവും പൂർണ വളർച്ചയെത്തിയിരിക്കും. ഭാവിയിലിതു മൂന്നു വയസാക്കാൻ സാധിക്കുമെന്ന് ശാസ്ത്രജ്ഞർ ശുഭാപ്തി പ്രകടിപ്പിച്ചു.

# ഹൃദയകുമാരി കമ്മിററി റിപ്പോർട്ട്: എം.ജി.സർവ്വകലാശാലയിലേക്ക് ഉജ്ജ്വലമാർച്ച്



എം. ജി. സർവ്വകലാശാല വിജയകരമായി നടപ്പാക്കിയ സി.ബി.സി.എസ്.എസ് തകർത്ത് ഹൃദയകുമാരി കമ്മിററി റിപ്പോർട്ട് നടപ്പാക്കുവാനുള്ള എം. ജി. സിൻറിക്കേററ് തീരുമാനത്തിനെതിരായി എം. ജി. സർവ്വകലാശാല മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. സ്വയംഭരണകോളജുകൾ ആരംഭിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, സർവ്വകലാശാലയുടെ അഭിമാനം തകർക്കുന്ന സിൻറിക്കേററിൻെറ പ്രവർത്തനരീതി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ സമരം സുരേഷ്കുറുപ്പ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. എ. കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ, എ.കെ.ജി.സി.ടി. ജനറൽ സെക്രട്ടറി പ്രൊഫ. എസ്. സുദർശനൻ പിള്ള, എം. ജി. യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡൻറ് ഡോ. ടി. പി. രവീന്ദ്രൻ, എസ്. എഫ്. ഐ കേന്ദ്രകമ്മിററി അംഗം റിബിൻഷാ, സേവ് യൂണിവേഴ്സിററി ഫോറം ചെയർമാൻ പ്രൊഫ. കെ. സദാശിവൻനായർ, കൺവീനർ കെ. ഷറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ജി. പ്രസാദ്., കെ. നൈനാൻ എന്നിവർ സംസാരിച്ചു.


# എം. ജി സർവകലാശാല പ്രത്യേക സെനററ്യോഗത്തിൽ പ്രതിഷേധം

ചോയ്സ് ബെയ്സ്ഡ് ക്രഡിററ് ആൻറ് സെമസ്റ്റർ സംവിധാനത്തിൻെറ അടിസ്ഥാന തത്ത്വങ്ങൾക്ക് എതിരായ ഹൃദയകുമാരി കമ്മിററി റിപ്പോർട്ട് തള്ളണമെന്ന പ്രമേയം ചർച്ചചെയ്യാൻ കൂടിയ എം. ജി. സർവ്വകലാശാല പ്രത്യേക സെനററ് യോഗത്തിൽ പ്രതിഷേധം. ഹൃദയകുമാരി കമ്മിററി റിപ്പോർട്ട് വേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ഭേദഗതി അജണ്ടയിൽ ഉൾപ്പെടുത്തിയതും അവതരിപ്പിക്കാൻ അനുവദിക്കുകയും ചെയ്തതാണ് പ്രതിഷേധത്തിനിടയാക്കിയത്. എ. കെ. പി. ടി.എ സെക്രട്ടറിയും സെനററംഗവുമായ പ്രൊഫ ടോമിച്ചൻ ജോസഫ് നോട്ടീസ് നൽകിയ പ്രമേയം ചർച്ച ചെയ്യാനാണ് യോഗം കൂടിയത്. എം.ജി. സർവകലാശാല ആക്ടിലെ 20 (3) വകുപ്പനുസരിച്ചാണ് പ്രത്യേക യോഗം വിളിച്ചത്. യൂണിവേഴ്സിററി ചട്ടം അദ്ധ്യായം 5 വകുപ്പ് 47 (3) അനുസരിച്ച് പ്രത്യേക സെനററിൽ അവതരിപ്പിക്കുന്ന പ്രമേയത്തിന് ഘടകവിരുദ്ധമായോ എതിർത്തോ ഉള്ള ഭേദഗതി അനുവദിക്കാൻ പാടില്ല.

സർവകലാശാലയുടെ നിയമത്തിന് വിരുദ്ധമായ നടപടി പിൻവലിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് സെനററംഗങ്ങൾ യോഗം ബഹിഷ്കരിച്ചു. തുടർന്ന് സർവകലാശാല കാമ്പസിൽ പ്രകടനം നടത്തി. സെനററംഗങ്ങളായ പ്രൊഫ. ജോജി അലക്സ്, കെ. ഷറഫുദ്ദീൻ, വി. പി. ഇസ്മയിൽ, അജേഷ് മനോഹർ, ജേക്കബ് സി. നൈനാൻ എന്നിവർ നേതൃത്വം നൽകി.

# ഇവർ കോഴിക്കോട് സർവകലാശാലാ സെനറ്റിലേക്ക്...

**Dr.Babu D.K.**
Zamorin's Guruvayoorappan College
Kozhikode



**Dr. Firoze P.S**
SN College, Nattika



**Dr.Sreedharan T.K**
MES College, Ponnani



**Dr. Sudhakaran V.K**
NSS College, Ottapalam



**Bindu. R**
SKV College, Thrissur



**Dr. Suresh P.R**
NSS Engg. College, Palakkad



**Dr.Godwin Samraj D.P**
Malabar Christian College
Kozhikkode



അഭിനന്ദനങ്ങൾ

R.No. 36025/81
No. 240

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2012-2014
Rs. 11/- JUNE 2013

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

Edited , Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984 e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. K.Sreevalsan